# മാനന്തവാടി രൂപത
## ബുള്ളറ്റിൻ



Vol. 13 / Issue 03
March 2022

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120

# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

**"ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;**
**അവിടുന്ന് നിങ്ങളോടും**
**ചേര്‍ന്നു നില്‍ക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 13     മാര്‍ച്ച് - 2022     ലക്കം 3**

| ഒറ്റപ്രതി 10 രൂപ | വാര്‍ഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


| | |
|---|---|
| ഇടയലേഖനം...................................................................... | 5 |
| രൂപതാ കച്ചേരി വാർത്തകൾ............................................... | 15 |
| മംഗലപ്പുഴ സെമിനാരി നവതി നിറവിൽ........................... | 28 |
| വൈദികരുടെ മാസധ്യാനം.................................................. | 35 |
| മതബോധനരംഗം .............................................................. | 36 |
| ചെറുപുഷ്പ മിഷൻലീഗ്........................................................ | 38 |
| Department of Youth Ministry ........................................ | 45 |
| കെ.സി.വൈ.എം..................................................................... | 48 |
| കുടുംബപ്രേഷിതത്വം........................................................... | 55 |
| സീയോൻ വാർത്തകൾ .......................................................... | 61 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി................................... | 63 |
| സാമൂഹ്യ സേവനരംഗം (WSSS).......................................... | 67 |
| സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ............................ | 73 |
| ബയോവിൻ അഗ്രോ റിസർച്ച്............................................... | 74 |
| റേഡിയോ മാറ്റൊലി ............................................................. | 77 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.............................. | 80 |
| Mary Matha Arts & Science College.............................. | 83 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................................. | 85 |
| അറിയിപ്പ്........................................................................... | 93 |
| ബിഷപ്സ് പ്രോഗ്രാം ............................................................. | 94 |



# ഇടയലേഖനം



***Pastoral Letter No.2/2022***
***Prot. No. 25825/2022***

*മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ പൊരുന്നേടം മാർ ജോസ് മെത്രാൻ തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശ ൻമാർക്കും സമർപ്പിതർക്കും അത്മായ സഹോദരങ്ങൾക്കും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിയ്ക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്*

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആചരണത്തിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലേയ്ക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. കുരിശുവരപ്പെരുന്നാൾ അഥവാ വിഭൂതി എന്നറിയപ്പെടുന്ന ദിവസം നെറ്റിയിൽ കരികൊണ്ട് കുരിശു വരച്ചുകൊണ്ട് നാം നോമ്പ് ആരംഭിക്കുന്നു. ചാക്കു വസ്ത്രം ധരിക്കുന്നതും തലയിൽ ചാരം പൂശുന്നതും പശ്ചാത്താപത്തിന്റെ അടയാളമായിട്ടാണ് പഴയനിയമത്തിൽ പരിഗണിക്കപ്പെട്ടിരിക്കുന്നത്. ചാരം പൂശലാണ് കുരിശു വരയായി രൂപാന്തരപ്പെട്ടത് എന്ന് നിങ്ങൾക്കറിയാം. നമ്മുടെ പാപങ്ങളെപ്പറ്റി നാം പശ്ചാത്തപിക്കുന്നു എന്നതിന്റെ സൂചനയായിട്ടാണ് കരികൊണ്ട് കുരിശു വരയ്ക്കുന്നത്. വിശുദ്ധ കൂദാശകൾ കാണപ്പെടാത്ത ദൈവകൃപയുടെ കാണപ്പെടുന്ന അടയാളങ്ങളാണ് എന്നതുപോലെ തന്നെയാണ് കരികൊണ്ട് കുരിശ് വരയ്ക്കുന്നത് പശ്ചാത്താപത്തിന്റെ അടയാളം ആണെന്ന് പറയുന്നതും.

**പശ്ചാത്താപം മാനസാന്തരത്തിന്**

പശ്ചാത്താപം നമ്മെ മാനസാന്തരത്തിലേക്ക് നയിക്കണം. അതാണ് നോമ്പിന്റെ ലക്ഷ്യം. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ *നാം ഈ ലോകത്തിന് അനുരൂപരാകാതെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടണം* (റോമാ 12:2). പുതിയ നിയമഗ്രന്ഥഭാഷയായ ഗ്രീക്കിൽ മാനസാന്തരത്തിന് മെറ്റനോയിയ (metanoia) എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ഫലമായുണ്ടാകുന്ന ജീവിത വഴികളിലെ മാറ്റം എന്നാണ്. ഈശോ നമ്മളിൽ നിന്ന് ഈ നോമ്പ്

കാലത്ത് ആവശ്യപ്പെടുന്നത് ഇത്തരത്തിൽ ഹൃദയത്തിൽ വരുന്ന ഒരു മാറ്റമാണ്. തെറ്റായ വഴികളിൽ നിന്ന് കർത്താവ് കാണിച്ച് തന്നെ ശരിയായ വഴിയിലേക്ക് തിരികെ വരണം. നഷ്ടപ്പെട്ടുപോയ ദൈവത്തിന്റെ ഛായയും സാദൃശ്യവും നാം വീണ്ടെടുക്കണം. നമ്മിൽ നിന്നുത്ഭവിക്കുന്ന തിന്മകളെല്ലാം ദൈവത്തിന്റെ ഛായയും സാദൃശ്യവും നമുക്ക് നഷ്ടപ്പെട്ടതിന്റെ സൂചനയാണ്.

നമ്മിൽ ഉണ്ടാകുന്ന മാറ്റത്തിന്റെ സൂചനയാണ് ഉപവാസത്തിലൂടെ വെളിപ്പെടുന്നത്. *കർത്താവിങ്കലേക്ക് തിരിയുന്നതിന്റെയും* (ദിന. 20:3). *നമ്മളെത്തന്നെ എളിമപ്പെടുത്തുന്നതിന്റെയും* (എസ്ത്രാ 8:21; സങ്കീർ. 69:10) മറ്റും അടയാളമാണ് ഉപവാസം. *ഉപവാസം, ദാനധർമ്മം, നീതി എന്നിവയോട് കൂടിയാകുമ്പോൾ പ്രാർത്ഥന നല്ലതാണ് (തോബിത്ത് 12:8)* എന്ന് തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

എന്നാൽ കേവലം ഒരു ഭക്ഷണം വേണ്ടെന്ന് വയ്ക്കുന്നത് മാത്രമല്ല ഉപവാസം എന്ന് ഏശയ്യാ പ്രവാചകനിലൂടെ ദൈവം നമ്മോട് പറയുന്നു: *ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം?* (ഏശ. 58:5). *ഇത്തരം കാര്യങ്ങൾ മറന്നിട്ടുള്ള ഉപവാസം നമ്മുടെ സ്വരം ഉന്നതത്തിൽ എത്താൻ ഉപകരിക്കുകയില്ല* (ഏശ. 58:4).

2021 ലെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എഴുതി: ക്രിസ്തീയ ജീവിതത്തിന്റെ മുഴുവൻ തീർത്ഥാടനവും പോലെ ഈ നോമ്പുകാല യാത്രയും ക്രിസ്തുവിന്റെ അനുയായികളുടെ ചിന്തകൾക്കും മനോഭാവങ്ങൾക്കും തീരുമാനങ്ങൾക്കും പ്രചോദനം നൽകുന്ന ഉത്ഥാനത്തിന്റെ വെളിച്ചത്താൽ ഇപ്പോഴും പ്രകാശിക്കുന്നു. അതേ, നോമ്പുകാലത്ത് നാം അനുഷ്ഠിക്കുന്ന എല്ലാ കാര്യങ്ങളും ഉയിർപ്പിന്റെ സന്തോഷം മുമ്പിൽ കണ്ടുകൊണ്ടുള്ളതാകണം. ആ സന്തോഷം ഈ ലോകത്തിൽ തന്നെ ലഭ്യമാക്കാനുള്ള മാർഗ്ഗമാണ് ക്രൈസ്തവജീവിതം. മരണം ആ സന്തോഷത്തിന്റെ നിത്യതയാണ് മരണശേഷം നമുക്ക് കിട്ടുന്നത്.

**ദൈവത്തെ അനുസരിക്കുക: മാനസാന്തരത്തിനുള്ള മാർഗ്ഗം**

ഈശോ നാല്പത് ദിവസം ഉപവസിച്ചതിന്റെ ഓർമ്മയാചരണമാണ് വലിയ നോമ്പ്. മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാര

മായാണ് അവിടുന്ന് സഹിച്ചതും മരിച്ചതും എന്നു നാം വിശ്വസിക്കുന്നു. അവിടുന്നു അപ്രകാരം ചെയ്തത് പിതാവായ ദൈവത്തിന്റെ പദ്ധതി അനുസരിച്ചാണെന്നും നമ്മൾ വിശ്വസിക്കുന്നു. *പിതാവായ ദൈവത്തോടുള്ള പൂർണ്ണമായ അനുസരണമായിരുന്നു അതിലൂടെ അവിടുന്ന് നമ്മെ കാണിച്ചു തന്നത്* (ഫിലി. 2:8). ഈശോ തന്നെ അത് പറഞ്ഞിട്ടുണ്ട്: *ആരും എന്നിൽ നിന്ന് അത് പിടിച്ചെടുക്കുകയല്ല, ഞാൻ അത് സ്വമനസാ സമർപ്പിക്കുകയാണ്. അത് സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്ക് അധികാരമുണ്ട്* (യോഹ. 10:18).

ആദവും ഹവ്വയും അനുസരണക്കേട് വഴി പറുദീസയിൽ നിന്ന്, അതായത് നിത്യസൗഭാഗ്യത്തിൽ നിന്ന്, പുറത്തായതുപോലെ ഈശോയുടെ കുരിശുമരണം വരെയുള്ള അനുസരണത്തിലൂടെ നമ്മൾ വീണ്ടും ആ നിത്യസൗഭാഗ്യത്തിന് അർഹരായി എന്നു നാം വിശ്വസിക്കുന്നു. വി. പൗലോസ് എഴുതുന്നു: *തി നിറഞ്ഞ ഈ യുഗത്തിൽ നിന്ന് നമ്മെ മോചിപ്പിക്കേണ്ടതിന്, നമ്മുടെ പിതാവായ ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് നമ്മുടെ പാപങ്ങൾക്ക് വേണ്ടി അവൻ തന്നെത്തന്നെ ബലിയർപ്പിച്ചു* (ഗലാ. 1:4). ഇതിന് ദൈവത്തെ പ്രേരിപ്പിച്ചത് ദൈവത്തിന് മനുഷ്യകുലത്തോടുള്ള പരമമായ സ്നേഹമാണെന്ന് വി. യോഹന്നാൻ എഴുതുന്നു: *എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ച് പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന് വേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു* (യോഹ. 3:16). തന്റെ ലേഖനത്തിൽ അദ്ദേഹം എഴുതുന്നു: *നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായി സ്വപുത്രനെ അയക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം* (1 യോഹ. 4:10).

**ഈശോ ദൈവപുത്രനാണോ?**

ഈശോ ദൈവപുത്രനാണ് എന്നു നാം വിശ്വസിക്കുന്നു. അവിടുത്തെ മാമ്മോദീസായുടെ സമയത്ത് പിതാവായ ദൈവം തന്നെ അത് വെളിപ്പെടുത്തി: ഇവൻ *എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്ന് കേട്ടു* (മത്തായി 3:17). *ഇക്കാര്യം അവിടുത്തെ രൂപാന്തരീകരണ സമയത്തും സ്ഥിരീകരിക്കപ്പെട്ടു* (മർക്കോസ് 9:7).

എന്നാൽ ദൈവത്തിന് പുത്രനുണ്ടാകാൻ പറ്റുമോ, ഭാര്യയില്ലാതെ പുത്രനുണ്ടാകുമോ, എന്നെല്ലാമാണ് ചിലരുടെ ചോദ്യങ്ങൾ. ഏകനായ ദൈവത്തിന് എങ്ങനെയാണ് മൂന്നാളുകളായി ആയിരിക്കാൻ കഴിയുന്നത് എന്ന ചോദ്യവും ഉയരാറുണ്ട്. നമ്മുടെ കുട്ടികളും യുവജനങ്ങളും ഈ ചോദ്യത്തിന് മുമ്പിൽ ഉത്തരമില്ലാതെ നിൽക്കേണ്ടി വരുന്നു എന്നത് ഒരു വസ്തുതയാണ്. ദൈവത്തിന് പുത്രനുണ്ട് എന്ന് പറയുന്നത് മനുഷ്യർക്ക് പുത്രനുണ്ട് എന്ന് പറയുന്ന വിധത്തിലല്ല എന്നു നമുക്കറിയാം. എന്ന് തന്നെയല്ല, ഇത് പിതാവായ ദൈവം തന്നെ വെളിപ്പെടുത്തിയതുമാണ്. ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ ത്രിത്വം ആണെന്നും ആ വേളയിൽ വെളിപ്പെട്ടു. പിതാവിന്റെ അശരീരി കേൾക്കുന്നതോടൊപ്പം പരിശുദ്ധാത്മാവ് ഈശോയുടെ മേൽ ഇറങ്ങി വസിക്കുന്നുമുണ്ട്. *തന്റെ ശിഷ്യർ ലോകമെമ്പാടും പോകണമെന്നും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം നൽകണമെന്നും അവിടുന്ന് നിഷ്കർഷിച്ചു* (മത്താ. 28:20).

ദൈവം സർവശക്തനാണെന്ന് നാം വിശ്വസിക്കുന്നു. സർവശക്തനാണെങ്കിൽ മേൽ സൂചിപ്പിച്ച കാര്യങ്ങളെല്ലാം അവിടുത്തേക്ക് ചെയ്യാൻ പറ്റും എന്നതിൽ അതിശയിക്കേണ്ടതില്ലല്ലോ. അല്ലെങ്കിൽ സർവശക്തൻ എന്ന ആശയം തന്നെ അർത്ഥശൂന്യമാകും. വളരെ പരിമിതമായ മനുഷ്യമനസ്സിന് മനസ്സിലാക്കാൻ കഴിയുന്നത് മാത്രമല്ലല്ലോ ദൈവത്തിന് ചെയ്യാൻ കഴിയുന്നത്. കേവലം ഒരു സൃഷ്ടിയായ മനുഷ്യ ബുദ്ധിക്ക് അതീതമാണ് ഈ ഭൂമിയിൽ നടക്കുന്ന പല പ്രതിഭാസങ്ങളുടെയും പിന്നിൽ പ്രവർത്തിക്കുന്ന തത്വങ്ങൾ. അങ്ങനെയെങ്കിൽ അപരിമേയനായ ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ പിന്നിലെ തത്വങ്ങൾ എങ്ങനെ മനസ്സിലാക്കും? തന്റെ പരിമിതി ഏറ്റു പറഞ്ഞു അവിടുത്തെ മുമ്പിൽ വിധേയപ്പെടാൻ മാത്രമേ കഴിയൂ.

ഈശോ ദൈവമല്ല, പ്രത്യുത, കേവലം ഒരു പ്രവാചകൻ മാത്രമാണെന്നും അവിടുന്ന് പീഢകൾ സഹിച്ചിട്ടില്ലെന്നും കുരിശിൽ മരിച്ചിട്ടില്ലെന്നും കുരിശിൽ കൊല്ലപ്പെട്ടത് അവിടുത്തെ മുഖഭാവമുള്ള മറ്റൊരാളാണ് എന്നും മറ്റുമുള്ള വാദഗതികൾ ഉയർത്തി പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങളെ വഴി തെറ്റിക്കാൻ ചില അന്യമതസ്ഥർ തീവ്രശ്രമം നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കേവലം ബലഹീനനായ ഒരു മനുഷ്യനെപ്പോലെ ഈശോ പീഢ

കൾ സഹിക്കുകയും കുരിശിൽ തറക്കപ്പെടുകയും മരിക്കുകയും ചെയ്തു എന്ന കാര്യമാണ് അതിനവർ തെളിവായി പറയുന്നത്.

ഈശോ ദൈവമാണെങ്കിൽ എന്തുകൊണ്ട് സഹനത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷപ്പെട്ടില്ല?

ഈശോ സർവശക്തനായ ദൈവമാണെങ്കിൽ എന്തുകൊണ്ടാണ് മനുഷ്യരുടെ കയ്യിൽ നിന്ന് രക്ഷപ്പെടാൻ കഴിയാതെ പോയത് എന്നുള്ള ചോദ്യവും കേൾക്കാറുണ്ട്. അവയ്ക്കുള്ള ഉത്തരം വി. ഗ്രന്ഥത്തിൽ തന്നെയുണ്ട്. അപ്പോൾ അവൻ അവരോട് പറഞ്ഞു: *ഭോഷ ാരേ, പ്രവാചക ാർ പറഞ്ഞിട്ടുള്ളത് വിശ്വസിക്കാൻ കഴിയാത്ത വിധം ഹൃദയം മന്ദീഭവിച്ചവരെ, ക്രിസ്തു ഇതെല്ലാം സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടിയിരുന്നില്ലേ?* (ലൂക്കാ 24: 25–26). അവൻ പറഞ്ഞു: *ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യണം* (ലൂക്കാ 24:46).

ഈ ചോദ്യങ്ങളെല്ലാം ആദിമ നൂറ്റാണ്ടുകളിൽ ക്രൈസ്തവരുടെ ഇടയിൽ ഉടലെടുത്ത ചില പാഷണ്ഡവിഭാഗക്കാർ ഉയർത്തിയവ തന്നെയാണ്. സഭാപിതാക്കന്മാർ അവയ്ക്കെല്ലാം വചനാധിഷ്ഠിതമായി ഉത്തരങ്ങൾ കൊടുത്തിട്ടുള്ളതുമാണ്. ആ പാഷണ്ഡതകളുടെ സ്വാധീനത്തിലുള്ള മതഗ്രന്ഥങ്ങൾ ദൈവവചനമായി കരുതുന്നവരാണ് ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുന്നത്. ക്രൈസ്തവരുടെ വി. ലിഖിതങ്ങൾ ശരിയായി മനസ്സിലാക്കാത്തതുകൊണ്ടാണ് ഈ ചോദ്യങ്ങൾ ഉയരുന്നത്. *വിവാഹസംബന്ധമായ യഹൂദവിശ്വാസത്തെ സംബന്ധിച്ച ചോദ്യത്തിന് ഉത്തരമായി ഈശോ പറയുന്നു: വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്ക് തെറ്റ് പറ്റിയിരിക്കുന്നു* (മത്താ. 22:29). അതുകൊണ്ട് നമ്മൾ വിശുദ്ധ ഗ്രന്ഥം ദിവസേന വായിക്കുകയും അവയിൽ എഴുതിയിരിക്കുന്നത് ശരിയായി മനസ്സിലാക്കുകയും ചെയ്യണം. എങ്കിലേ മുകളിൽ സൂചിപ്പിച്ച ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാൻ കഴിയുകയുള്ളൂ.

**മനുഷ്യാവതാരം:** പാപം ചെയ്ത മനുഷ്യരെ വീണ്ടും ദൈവവുമായി ഒന്നിപ്പിക്കാനുള്ള മാർഗ്ഗം

ആദിമാതാപിതാക്കന്മാരുടെ പാപം മൂലം ദൈവികജീവനിൽ നിന്ന് അല്ലെങ്കിൽ നിത്യജീവനിൽ നിന്ന് വേർപെട്ട മനുഷ്യപ്രകൃതിയെ വീണ്ടും ദൈവികജീവനുമായി ഒന്നിപ്പിക്കാനും അങ്ങനെ

ഈ ലോകത്തെ നഷ്ടപ്പെട്ടുപോയ പറുദീസായുടെ അനുഭവത്തിലേക്ക് തിരികെ കൊണ്ടു വരാനും ദൈവം കണ്ടെത്തിയ മാർഗ്ഗമാണ് മനുഷ്യാവതാരവും പീഢാനുഭവവും കുരിശുമരണവും ഉയിർപ്പും. അവിടുത്തെ തിരുശരീരവും തിരുരക്തവും ഉൾക്കൊള്ളുന്നതിലൂടെയും അവിടുത്തെ വചനം നമ്മുടെ ജീവിതപ്രമാണമാക്കുന്നതിലൂടെയുമാണ് ഇത് സംഭവിക്കുന്നത്. അങ്ങനെ എല്ലാ ജനതകളും ചെയ്യുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിൽ നാം ചൊല്ലുന്നതുപോലെ അവിടുത്തെ ഇഷ്ടം നിറവേറുന്ന അവിടുത്തെ രാജ്യമായി ഈ ലോകം മാറും. അങ്ങനെ, അങ്ങനെ മാത്രം ഈ ലോകത്തിൽ നിന്ന് അക്രമവും അനീതിയും കൊള്ളയും കൊള്ളിവയ്പ്പും കളവും കൊലപാതകവും കൈക്കൂലിയും അഴിമതിയും എല്ലാം ഇല്ലാതാകും. ഈ രാജ്യത്തിലെ അംഗങ്ങളാകുന്നവർ അവിടുത്തോടൊപ്പം മരണശേഷം ദൈവത്തോടൊപ്പം ആയിരിക്കാൻ നിത്യതയിലേക്ക്, അതായത് സ്വർഗ്ഗത്തിലേക്ക്, പ്രവേശിക്കുകയും ചെയ്യും.

തന്റെ പിതാവിന്റെ കല്പനകളോടുള്ള പൂർണ്ണവിധേയത്വമാണ് ഈശോയെ പീഢാസഹനത്തിലേക്കും കുരിശുമരണത്തിലേക്കും ഉയിർപ്പിലേക്കും നയിച്ചത്. വി. പൗലോസ് എഴുതുന്നു: *മരണം വരെ 'അതേ, കുരിശുമരണം വരെ' അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി* (ഫിലി. 2:8). അതെന്തിനായിരുന്നു എന്നും അദ്ദേഹം പറയുന്നുണ്ട്: *ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഒരു മനുഷ്യന്റെ അനുസരണത്താൽ അനേകർ നീതിയുള്ളവരാകും* (റോമാ 5:19). ഇതിനാണ് നമ്മുടെ കർത്താവീശോമിശിഹാ ഈ ലോകത്തിൽ അവതരിച്ചത്. ഇതായിരിക്കണം ഓരോ ക്രൈസ്തവ വിശ്വാസിയുടേയും മനോഭാവം. കാരണം നമ്മൾ ഈശോയുടെ മൗതികശരീരത്തിലെ അവയവങ്ങളാണ്. അവിടുന്നാകുന്ന ശിരസ്സിൽ നിന്ന് പുറപ്പെടുന്ന കല്പനകൾ പാലിച്ച് അവിടുത്തെ രക്ഷാകരദൗത്യം ഈ ലോകമുള്ളിടത്തോളം കാലം തുടരേണ്ടത് ഈ അവയവങ്ങളാണ്. നാം അത് സന്തോഷത്തോടെ ചെയ്യുമ്പോൾ നമുക്കും ഉയിർപ്പിന്റെ സന്തോഷം അനുഭവിക്കാൻ സാധിക്കും. എല്ലാ മനുഷ്യരും ഈശോയെപ്പോലെ പെരുമാറാൻ തുടങ്ങുമ്പോൾ ഈ ലോകത്തിന്റെ രക്ഷ സാധിതമാകും.

**തുടർച്ചയായ വി. ഗ്രന്ഥവായന:** ശരിയായ വിശ്വാസജീവിതത്തിന് അനിവാര്യം നമ്മുടെ വിശ്വാസജീവിതത്തെപ്പറ്റി ഇത്തരം ഒരു

കാഴ്ചപ്പാട് ഉണ്ടാകണമെങ്കിൽ കർത്താവിന്റെ വചനങ്ങൾ നിരന്തരം നമ്മുടെ കാതുകളിൽ പ്രതിധ്വനിക്കണം. നാം ആ വചനത്താൽ രൂപീകരിക്കപ്പെടണം. വി. ഗ്രന്ഥം പറയുന്നത് ശ്രദ്ധിക്കുക: എന്റെ വചനങ്ങളിൽ അഭിലാഷമർപ്പിക്കുവിൻ; അവയോട് തീവ്രമായ അഭിനിവേശം കാണിക്കുവിൻ. *നിങ്ങൾക്ക് ജ്ഞാനം ലഭിക്കും* (ജ്ഞാനം 6:11). *എന്റെ വചനങ്ങളാൽ ശിക്ഷണം നേടുക, നിനക്ക് ശുഭം വരും* (ജ്ഞാനം 6:24). അതുകൊണ്ടാണ് വി. പൗലോസ് ഇപ്രകാരം നമ്മെ ഉപദേശിക്കുന്നത്: *വി. ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിന് പര്യാപ്തനാകുകയും ചെയ്യുന്നു* (2 തിമോ. 3:17).

നമ്മൾ ദൈവവചനത്താൽ രൂപീകരിക്കപ്പെട്ടുകഴിയുമ്പോൾ നമ്മളിൽ വരുന്ന മാറ്റത്തെ സംബന്ധിച്ച് ഹെബ്രായർക്കുള്ള ലേഖനത്തിൽ പറയുന്നുണ്ട്: *ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്* (ഹെബ്രാ. 4:12). നാം കഴിക്കുന്ന ആഹാരം നമുക്ക് ആരോഗ്യത്തിനും അതിലൂടെ നമ്മുടെ ജീവൻ നിലനിർത്തുന്നതിനും സഹായമാകുന്നതുപോലെ ദൈവത്തിന്റെ വചനം നിത്യജീവന് നമ്മെ പ്രാപ്തരാക്കുന്നു. അതുകൊണ്ടാണ് ഈശോ പറഞ്ഞത് *ഞാനീ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണെന്ന്* (യോഹ. 6:63).

നോമ്പുകാലത്ത് പലതരത്തിലുള്ള പ്രാർത്ഥനകളും പ്രായശ്ചിത്തപ്രവൃത്തികളും നമ്മൾ അനുഷ്ഠിക്കുന്നുണ്ടാകാം. എന്നാൽ അവയെല്ലാം നമ്മളിൽ നീണ്ടു നിൽക്കുന്ന ഫലങ്ങൾ അല്ലെങ്കിൽ മാറ്റങ്ങൾ ഉണ്ടാക്കണമെങ്കിൽ നമ്മൾ കർത്താവിന്റെ വചനത്താൽ രൂപീകരിക്കപ്പെടണം. ആ വചനങ്ങൾ നാം ദിവസവും താത്പര്യത്തോടെ വായിക്കണം. അവിടെ നിന്നും ഇവിടെ നിന്നും ചില ഖണ്ഡികകൾ വായിച്ചതുകൊണ്ടായില്ല, പ്രത്യുത, ഉത്പത്തിയുടെ ആദ്യ അദ്ധ്യായം മുതൽ വെളിപാടിന്റെ അവസാനത്തെ അദ്ധ്യായം വരെ വായിക്കണം. ഒരു പ്രാവശ്യം പോരാ പല പ്രാവശ്യവും പോരാ.

എല്ലാ ദിവസവും വായിച്ചുകൊണ്ടേയിരിക്കണം. എങ്കിലേ നമ്മളുടെ ഉപവാസവും പ്രാർത്ഥനകളും ഉദ്ദേശിക്കുന്ന ഫലം പുറപ്പെടുവിക്കുകയുള്ളൂ. അതിലുപരി നമ്മുടേത് ക്രൈസ്തവജീവിതമായിരിക്കുകയുള്ളൂ. ഭരണഘടനയും നിയമങ്ങളും അറിയാത്ത ഒരാൾ കോടതിയിൽ വാദിക്കാൻ പോയാൽ ഉണ്ടാകാവുന്ന ഫലം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. വചനത്താൽ രൂപീകരിക്കപ്പെടാത്ത ക്രൈസ്തവവിശ്വാസിയുടെ ജീവിതം ഏതാണ്ട് അതുപോലെയാണ്.

**രൂപതയുടെ ജൂബിലി വർഷം:** വ്യക്തികളുടെയും സഭയുടെയും സമുദായത്തിന്റെയും വിശുദ്ധീകരണ സമയം

2023 മെയ് 1 നു നമ്മുടെ രൂപത സ്ഥാപിതമായിട്ട് 50 വർഷങ്ങൾ പൂർത്തിയാകുകയാണ്. അക്കാര്യത്തെപ്പറ്റി കൂടുതൽ കാര്യങ്ങൾ കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ എഴുതിയിരുന്നത് നിങ്ങൾ വായിച്ചു കാണുമല്ലോ. ജൂബിലി വർഷം സ്വഭവനത്തിലേക്ക്, അതായത് ദൈവത്തിന്റെ ഛായയിലേക്കും സാദൃശ്യത്തിലേക്കും ഉള്ള തിരിച്ച് നടത്തത്തിന്റെ സമയമാണ്. അതുപോലെ ലഭിച്ച കൃപകൾക്ക് നന്ദി പറയാനും മാറി വരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് സഭാജീവിതത്തെയും സമുദായജീവിതത്തെയും ക്രമീകരിക്കാനുമുള്ള വേളയുമാണ്.

ദൈവത്തെ സമീപിക്കാൻ ആഗ്രഹിക്കുന്നവർ ആവശ്യം ചെയ്യേണ്ട കാര്യമാണ് സ്വയം വിശുദ്ധീകരണം. *ഞാൻ നിങ്ങളുടെ ദൈവമായ കർത്താവാകുന്നു. നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധരായിരിക്കുകയും ചെയ്യുവിൻ. കാരണം ഞാൻ പരിശുദ്ധനാകുന്നു* (പുറ. 11:44). വി. പൗലോസ് പറയുന്നു: *യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ* (എഫേ. 4:24). *സമ്പൂർണ്ണജ്ഞാനം കൊണ്ട് സൃഷ്ടാവിന്റെ പ്രതിഛായക്കനുസൃതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ* (കൊളോ. 3:10).

വ്യക്തികൾ മാത്രമല്ല സഭാസംവിധാനങ്ങളും സമുദായഘടനയും ദൈവപ്രകൃതിക്ക് അനുരൂപമാകണം. ഉപവാസത്തെപ്പറ്റി പറയുന്നിടത്ത് ഏശയ്യാ പ്രവാചകൻ ദൈവപ്രേരിതനായി ഉദ്ഘോഷിക്കുന്നത് ശ്രദ്ധിക്കുക: *ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം?* (ഏശ. 58:6). സൂനഹദോസ്, സിനഡ്

തുടങ്ങിയ പദങ്ങൾ നിങ്ങൾ കേട്ടിട്ടുള്ളതാണല്ലോ. ഒരേ ലക്ഷ്യം മനസ്സിൽ സൂക്ഷിച്ചുകൊണ്ട്, ഒരേ വഴിയിലൂടെ നടക്കുക എന്നാണതിന്റെ അർത്ഥം. ഹോദോസ് (Hodos) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ആ വാക്ക് ഉത്ഭവിച്ചത്. ഹോദോസ് എന്ന പദത്തിന്റെ അർത്ഥം വഴി അല്ലെങ്കിൽ മാർഗ്ഗം എന്നാണ്. നമ്മുടെ സഭയുടെയും സമുദായത്തിന്റെയും മുമ്പോട്ടുള്ള പ്രയാണം സ്വർഗ്ഗീയ കാനാൻ ദേശത്തേക്കുള്ള ഒരു exodus അല്ലെങ്കിൽ പുറപ്പാട്, അതായത്, ഒരേ വഴിയിലൂടെ, ഒരേ ലക്ഷ്യത്തോടെയുള്ള യാത്രയാകട്ടെ. നമ്മുടെ വ്യക്തിജീവിതങ്ങളും സഭയുടെയും സമുദായത്തിന്റെയും ജീവിതവും വിശുദ്ധീകരിക്കപ്പെടുമ്പോൾ മാത്രമേ ആ ഒരുമിച്ചുള്ള നടത്തം സാദ്ധ്യമാകുകയുള്ളൂ. അതിനുള്ള അവസരമാകട്ടെ ജൂബിലി വർഷം എന്നാശംസിക്കുന്നു.

**കോവിഡ് 19: ദൈവം തരുന്ന സൂചനകൾ**


രണ്ട് വർഷത്തിലേറെയായി നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന കോവിഡ് മഹാമാരിയുടെ പിടിയിൽ നിന്ന് ഇനിയും നമ്മൾ പൂർണ്ണമായി രക്ഷപ്പെട്ടിട്ടില്ല. ഏറെ പ്രയാസകരമായ അവസ്ഥയിലൂടെയാണ് നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇതൊരു ദൈവിക പദ്ധതിയുടെ ഭാഗമാണ് എന്നത് തീർച്ചയാണ്. ആ പദ്ധതി എന്താണെന്ന് പ്രാർത്ഥനാപൂർവം നമ്മൾ കണ്ടെത്തേണ്ടതുണ്ട്. നമ്മുടെ പ്രയാസങ്ങളേയും ബുദ്ധിമുട്ടുകളേയും പ്രതിസന്ധികളേയും കുടുംബപ്രശ്നങ്ങളേയും എല്ലാം പിതാവിന്റെ ഇഷ്ടമായി കർത്താവിന്റെ പീഢാനുഭവങ്ങളോട് ചേർത്ത് വയ്ക്കാം. അപ്പോൾ അവ നമ്മെ ഉയിർപ്പിന്റെ സന്തോഷത്തിലേക്ക് നയിക്കും.

2021 ലെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ ഇപ്രകാരം എഴുതി: ഈസ്റ്ററിലേക്കുള്ള നമ്മുടെ നോമ്പുകാല യാത്രയിൽ, *സ്വയം താഴ്ത്തി, മരണത്തോളം, അതേ കുരിശ് മരണത്തോളം, അനുസരണയുള്ളവനായി ത്തീർന്നവനെ നമുക്ക് ഓർക്കാം* (ഫിലി 2:8). പരിവർത്തനത്തിന്റെ ഈ കാലഘട്ടത്തിൽ, നമുക്ക് നമ്മുടെ വിശ്വാസം പുതുക്കാം, പ്രത്യാശയുടെ 'ജീവജലത്തിൽ' നിന്ന് വലിച്ചെടുക്കാം, ക്രിസ്തുവിൽ നമ്മെ സഹോദരങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീകരിക്കാം. പരിശുദ്ധ പിതാവിന്റെ ഈ വാക്കുകൾ നമുക്ക് മാർഗ്ഗദീപമാകട്ടെ.

ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ നോമ്പുകാലം നേരുന്നു.

അതുപോലെ  തുടർന്ന് വരുന്ന ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2022 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്.



ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

**N.B.:-** ഈ ഇടയലേഖനം 2022 മാർച്ച് മാസം 6 ന് വി. കുർബ്ബാന മദ്ധ്യേ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ**

മാർച്ച് 19-ാം തിയതി തിരുസഭ വി. യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലോ. യൗസേപ്പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് രൂപത മുഴുവന്റേയും പേരിൽ നാമഹേതുക തിരുനാളിന്റെ സ്നേഹപൂർവ്വകമായ മംഗളാശംസകൾ. തിരുസഭയുടെ സംരക്ഷകനായ മാർ യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭിവന്ദ്യ പിതാവും മാനന്തവാടി രൂപതയും അനുഗ്രഹിക്കപ്പെടുന്നതിനായി നമുക്കൊന്നുചേർന്ന് പ്രാർത്ഥിക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ ബഹു. വൈദീകരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ.

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തിയതി ബുധനാഴ്ചയാണ്. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുകർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

മാർച്ച് 3 ന് ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും മാർച്ച് 10 ന് ബഹു. ഫ്രാൻസീസ് വാളായിൽ അച്ചന്റെയും, ബഹു. മാത്യു പൈക്കാട്ടച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ട്മറ്റം അച്ചന്റെയും ചരമദിനങ്ങളാണ്. ഏപ്രിൽ 5ന് ബഹു. ജോസഫ് തുരുത്തേൽ അച്ചന്റെ ഒന്നാം ചരമ വാർഷികമാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**വൈദിക സെനറ്റ് യോഗം (Presbyteral Council)**

വൈദിക സെനറ്റിന്റെ ഒരു യോഗം മാർച്ച് 9 ബുധനാഴ്ച 2.30 ന് ബിഷപ്സ് ഹൗസിൽ ചേരുന്നതാണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. എന്തെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിൽ ഇതൊരു അറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ (Pastoral Council)**

നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2022 മാർച്ച് 12 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇതു അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2022 മാർച്ച് 23 ബുധനാഴ്ച്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇതു അറിയിപ്പായി സ്വീകരിച്ച് വൈദികസമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പൊതുപിരിവുകൾ**

രൂപതാകേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവുകൾ എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ ഇടവകകളിൽ നിന്നും 10% രൂപതാവിഹിതവും, വൈദീക ക്ഷേമനിധിയിലേയ്ക്കുള്ള തുകയും, വൈദീക ക്ഷേമനിധി കുടിശിഖയുള്ള ഇടവകകൾ കുടിശിഖയും അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

**മൈനർ ഓർഡേഴ്സ്**

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദീകവിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് ഏപ്രിൽ 11ന് രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് നൽകപ്പെടുന്നതായിരിക്കും.

| Transfer and Appointments of Priests – January 2022 | |
|---|---|
| **S.N. Rev. Father** | **Assignment** |
| 1. Fr Thenpallil Sebastian (Nishwin) | Assistant Vicar, Thariode |
| 2. Fr Chakkalackal Joseph (Ajin) | Assistant Vicar, Payyampally |
| 3. Fr Kalapurackal Abraham (Vinoy) | Assistant Vicar, Kottiyoor |
| 4. Fr Muttapallil Joseph (Giphin) | Assistant Vicar, Cherukattoor, Add. Charge- Operations Manager at Futuristic Education and Research (FEDAR) and Editor of Catholic Malayalam Web Portal |
| 5. Fr Madathiparambil Devasia (Arun) | Assistant Vicar, Mullankolly |
| 6. Fr Mulakodiyankal Sebastian (Jofin) | Minor Seminary |
| 7. Fr Uppuveettil John (Akhil) | Assistant Vicar, Nilambur |
| 8. Fr Arumayil George (Rijose) | Assistant Vicar, Chungakkunnu |
| 9. Fr Kanipallil Varghese (Georgekutty) | Assistant Vicar, Bathery |
| 10. Fr Parayil Sebastian (Sebin) | Assistant Vicar, Kalpetta |
| 11. Fr Oravaramthara Vincent (Santhosh) | Assistant Director, Manimooly- Nilambur Regional Pastoral Centre |
| 12. Fr Thondiparambil Peter (Kiran) | Assistant Vicar, Chungakkunnu |
| 13. Fr Valayathil Joseph (Albin) | Assistant Vicar, Manimooly |
| 14. Fr Kumbalakuzhy Mathew (Robins) | Assistant Vicar, Cathedral |
| 15. Fr Pulikunnel Devasia (Clinto) | Assistant Vicar, Kayyunni |
| 16. Fr Issac Karamayil (Shanto) | Assistant Vicar, Bathery |
| 17. Fr Thekkilakattil Jose (Ajay) | Assistant Vicar, Chundakkara |
| 18. Fr Nakkuzhikkattu Mathew(Jomin) | Assistant Vicar, Nadavayal |
| 19. Fr Kalapurackal Mathew (Vipin) | Assistant Director, St. Joseph's Mission Hospital (w.e.f. 15-12-2021) |
| 20. Fr Elemkunnel Joseph (Tony) | Ramanathapuram |

**വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും**

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 3-ാം തിയതി ഞായറാഴ്ചയോ അതിനു മുൻപോ നടത്തേണ്ടതാണ്. പൊതുയോഗത്തിൽ 2021-22 വർഷത്തെ വാർഷിക കണക്ക്, 2022-23 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും 2022-23 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാപത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

വാർഷിക തെരട്ടിനോടൊപ്പം പൊതുയോഗ മിനിറ്റ്സിന്റെ പകർപ്പും വാർഷിക തെരട്ടിന്റേയും ബഡ്ജറ്റിന്റേയും കോപ്പികളും, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രവും ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീകാരം വാങ്ങണം. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞിരിക്കുന്നതിന് പുറമെ (കൈക്കാരന്മാർ 21 വയസിൽ കുറയാത്തവരും, വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവനസന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമപ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നവരും സഭാവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം. പേജ് 151, നമ്പർ 42.) സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 -ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

* സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരായിരിക്കണം.

* വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.

* ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

* സീറോമലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധി യോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാ സ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

* കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേകപ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം സമർപ്പിക്കേതാണ്.

* പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

* മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

* മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമപ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

**ഫൊറോനാതല അസംബ്ലികൾക്ക് തുടക്കമായി**

മാനന്തവാടി രൂപതാ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള എപ്പാർക്കിയൽ അസംബ്ലിയുടെ ഭാഗമായി നടത്തപ്പെടുന്ന ഫൊറോനാതല അസംബ്ലികൾക്ക് ചുങ്കക്കുന്ന് ഫൊറോന

യിൽ 2022 ഫെബ്രുവരി 15ന് തുടക്കം കുറിച്ചു. തുടർന്ന് ദ്വാരക, കല്ലോടി, കൽപ്പറ്റ, മണിമൂളി, നിലമ്പൂർ എന്നീ ഫൊറോനകളിൽ ഫൊറോനാ അസംബ്ലികൾ വളരെ ഭംഗിയായി ക്രമീകരിക്കപ്പെട്ടു. അസംബ്ലികൾക്കുവേണ്ടി അക്ഷീണം പരിശ്രമിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

**2022 മാർച്ച് മാസത്തിലെ ഫൊറോനാ അസംബ്ലികളുടെ തിയതികൾ താഴെക്കൊടുക്കുന്നു**

മാർച്ച് 1 മാനന്തവാടി
മാർച്ച് 5 മുള്ളൻകൊല്ലി
മാർച്ച് 8 പയ്യമ്പള്ളി
മാർച്ച് 12 സുൽത്താൻ ബത്തേരി
മാർച്ച് 15 നടവയൽ (9.00-1.30): തരിയോട് (02.00 - 06.00)
മാർച്ച് 16 നീലഗിരി

**ഓഡിറ്റിംഗ്**

പ്രിയമുള്ളവരേ,

നമ്മുടെ രൂപതയിലെ 2021 - 2022 വർഷത്തെ എല്ലാ ഇടവകകളുടെയും, സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ് ഏപ്രിൽ 25ാം തിയ്യതി മുതൽ മെയ് 5-ാം തിയ്യതി വരെ നടത്തപ്പെടുന്നതാണ്. ഇടവകകളുടെ ഓഡിറ്റിംഗ് ഏപ്രിൽ 25-ാം തിയ്യതി മുതൽ മെയ് 3 വരെയും, സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഓഡിറ്റിംഗ് (FC & General) മെയ് 4, 5 തിയ്യതികളിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. ഓഡിറ്റിംഗിനായി വരുമ്പോൾ കഴിഞ്ഞ വർഷം ഓഡിറ്റേഴ്സ് നൽകിയ നിർദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകകളുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തിയ്യതികൾ താഴെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെയേ സമയം ക്രമീകരിച്ചിട്ടുള്ളു. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയും ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ചകഴിഞ്ഞ് 2 മണിയോടുകൂടിയും എത്തിച്ചേരുവാൻ

ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം വളരെ അത്യാവശ്യമായി വന്നാൽ രൂപതാ ഓഫീസിൽ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

ഇടകയുടെ പെതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരുമ്പോൾ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്:

**വികാരി ജനറാളിന്റെ വിലയിരുത്തലിന്:**

1. വാർഷിക തെരട്ട്ബുക്ക്
2. വാഷിക പൊതുയോഗമിനിട്സിന്റെ പകർപ്പ്
3. 2022-2023 വർഷത്തിലേക്കുള്ള അംഗികരിച്ച ബഡ്ജറ്റ്
4. വർഷികതെരട്ടിന്റെ 2 കോപ്പികൾ
5. 10% രൂപതാ വിഹിതം അടച്ചതിന്റെ രസീത്
6. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം

**ഓഡിറ്റേഴ്സിന്റെ പരിശോധയ്ക്ക്:**

1. Online ആയി account ചെയ്തതിന്റെ Print out
   * Daybook (നാൾവഴി)
   * Ledger
   * Annual statement of Receipt and Payment

   2 കോപ്പി (1 കോപ്പി Ledger - ന്റെ കൂടെ bind ചെയ്യണം,
   1 കോപ്പി ഓഡിറ്റേഴ്സിന് നൽകുവാൻ)
2. പാസ്ബുക്കുകൾ/ ബാങ്ക് സ്റ്റേറ്റ്മെന്റ്
3. ചെക്കുബുക്കുകൾ
4. ബില്ലുകൾ, വൗച്ചറുകൾ, രസീത് കുറ്റികൾ
5. FD രസീതുകൾ

അതോടൊപ്പം തന്നെ ചുരുക്കം ചില ഇടവകളിൽ പള്ളിയുടെ ഭൂനികുതിയും, വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ നികുതിയും, മറ്റ് നികുതികളും വർഷങ്ങളായി അടച്ചിട്ടില്ലെന്ന് കാണുന്നു. വികാരിയച്ചന്മാർ മുൻകൈ എടുത്ത് പ്രസ്തുത നികുതികൾ എത്രയും വേഗം അടച്ച് രസീത് പള്ളി ഫയലിൽ സൂഷിക്കേണ്ടതും ഒരു കോപ്പി ഓഡിറ്റിംഗിനു വരുമ്പോൾ രൂപതാ ഓഫിസിൽ ഏൽപ്പിക്കേണ്ടതുമാണ്

നീലഗിരി റീജിയണിലുള്ള പള്ളികളുടെ കണക്കുകൾ ഓഡിറ്റർ ശ്രീ.ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫിസുകളിൽ നേരത്തെ തന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതെരട്ട് പരിശോധനയും പൊതുയോഗതീരുമാനങ്ങളുടെ അംഗീകാരവും മെയ് 7 ന് സേക്രട്ട്ഹാർട്ട് റീജണൽ സെന്ററിൽ വച്ച് ആയിരിക്കും (അധികാരിവയൽ, ഗൂഡല്ലൂർ) നടക്കുന്നത് .

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **കല്ലോടി ഫൊറോന** | **ഏപ്രിൽ 25 തിങ്കൾ** | **ബിഷപ്സ്ഹൗസ്** |
|---|---|---|
| ദീപ്തിഗിരി | രാവിലെ 9 മുതൽ | ” |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | ” |
| കല്ലോടി | രാവിലെ 9 മുതൽ | ” |
| കുഞ്ഞോം | രാവിലെ 9 മുതൽ | ” |
| മക്കിയാട് | രാവിലെ 9 മുതൽ | ” |
| നിരവിൽപുഴ | രാവിലെ 9 മുതൽ | ” |
| പുതുശ്ശേരി | രാവിലെ 9 മുതൽ | ” |
| പുതിയിടംക്കുന്ന് | രാവിലെ 9 മുതൽ | ” |
| വഞ്ഞോട് | രാവിലെ 9 മുതൽ | ” |
| വാളേരി | രാവിലെ 9 മുതൽ | ” |
| കരിമ്പിൽ | രാവിലെ 9 മുതൽ | ” |

| **ദ്വാരക ഫൊറോന** | **ഏപ്രിൽ 25 തിങ്കൾ** | **ബിഷപ്സ്ഹൗസ്** |
|---|---|---|
| ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |

| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 26 ചൊവ്വ** | **ബിഷപ്സ്ഹൗസ്** |
|---|---|---|
| ആലാറ്റിൽ | രാവിലെ 9 മുതൽ | ,, |
| ഏലപ്പീടിക | രാവിലെ 9 മുതൽ | ,, |
| കരിമാനി | രാവിലെ 9 മുതൽ | ,, |
| കുറ്റിമൂല | രാവിലെ 9 മുതൽ | ,, |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | ,, |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | ,, |
| പാറത്തോട്ടം | രാവിലെ 9 മുതൽ | ,, |
| പേരിയ | രാവിലെ 9 മുതൽ | ,, |
| പോരൂർ | രാവിലെ 9 മുതൽ | ,, |
| പുതിയിടം | രാവിലെ 9 മുതൽ | ,, |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ബോയ്സ്ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പ്രശാന്തിഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |

| **കല്പ്പറ്റ ഫൊറോന** | **ഏപ്രിൽ 27 ബുധൻ** | **ബിഷപ്സ്ഹൗസ്** |
|---|---|---|
| കല്പ്പറ്റ | രാവിലെ 9 മുതൽ | ,, |
| വാഴവറ്റ | രാവിലെ 9 മുതൽ | ,, |
| തെനേരി | രാവിലെ 9 മുതൽ | ,, |
| നെടുമ്പാല | രാവിലെ 9 മുതൽ | ,, |
| കളത്തുവയൽ | രാവിലെ 9 മുതൽ | ,, |
| റിപ്പൺ | രാവിലെ 9 മുതൽ | ,, |
| കൊളവയൽ | രാവിലെ 9 മുതൽ | ,, |
| എടപ്പെട്ടി | രാവിലെ 9 മുതൽ | ,, |
| വൈത്തിരി | രാവിലെ 9 മുതൽ | ,, |
| ചാരിറ്റി | രാവിലെ 9 മുതൽ | ,, |
| ലക്കടി | രാവിലെ 9 മുതൽ | ,, |
| ഒലിവുമല | രാവിലെ 9 മുതൽ | ,, |

| | | |
|---|---|---|
| ചൂരൽമല | രാവിലെ 9 മുതൽ | ,, |
| പുഴമുടി | രാവിലെ 9 മുതൽ | ,, |
| തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ | ,, |

| **തരിയോട് ഫൊറോന** | **ഏപ്രിൽ 27 ബുധൻ** | **ബിഷപ്സ്ഹൗസ്** |
|---|---|---|
| തരിയോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചെന്നലോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കാവുംമന്ദം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കോട്ടത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കുറുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കുറുമണി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മംഗളം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പന്തിപ്പൊയിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മഞ്ഞൂറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പുതുശ്ശേരിക്കടവ് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |

| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 28 വ്യാഴം** | **ബിഷപ്സ്ഹൗസ്** |
|---|---|---|
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | ,, |
| അമരക്കുനി | രാവിലെ 9 മുതൽ | ,, |
| ഇരുളം | രാവിലെ 9 മുതൽ | ,, |
| കബനിഗിരി | രാവിലെ 9 മുതൽ | ,, |
| മരകാവ് | രാവിലെ 9 മുതൽ | ,, |
| മരക്കടവ് | രാവിലെ 9 മുതൽ | ,, |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | ,, |
| പാടിച്ചിറ | രാവിലെ 9 മുതൽ | ,, |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | ,, |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | ,, |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | ,, |
| ശിശുമല | രാവിലെ 9 മുതൽ | ,, |
| വാളാഞ്ചേരി | രാവിലെ 9 മുതൽ | ,, |

**പയ്യംപള്ളി ഫൊറോന ഏപ്രിൽ 28 വ്യാഴം ബിഷപ്സ്ഹൗസ്**

| | | |
|---|---|---|
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| ആറാട്ടുത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| എടയൂർക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |

**ബത്തേരി ഫൊറോന ഏപ്രിൽ 29 വെള്ളി ബിഷപ്സ്ഹൗസ്**

| | | |
|---|---|---|
| അമ്പലവയൽ | രാവിലെ 9 മുതൽ | ” |
| ചീങ്ങവല്ലം | രാവിലെ 9 മുതൽ | ” |
| ചിത്രഗിരി | രാവിലെ 9 മുതൽ | ” |
| ചുള്ളിയോട് | രാവിലെ 9 മുതൽ | ” |
| കടൽമാട് | രാവിലെ 9 മുതൽ | ” |
| കരണി | രാവിലെ 9 മുതൽ | ” |
| മീനങ്ങാടി | രാവിലെ 9 മുതൽ | ” |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | ” |
| പഴൂർ | രാവിലെ 9 മുതൽ | ” |
| സു. ബത്തേരി | രാവിലെ 9 മുതൽ | ” |
| മൂലങ്കാവ് | രാവിലെ 9 മുതൽ | ” |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | ” |
| വടക്കനാട് | രാവിലെ 9 മുതൽ | ” |
| വാകേരി | രാവിലെ 9 മുതൽ | ” |

**നടവയൽ ഫൊറോന ഏപ്രിൽ 29 വെള്ളി ബിഷപ്സ്ഹൗസ്**

| | | |
|---|---|---|
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |

| | | |
|---|---|---|
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |

**മണിമൂളി ഫൊറോന ഏപ്രിൽ 30ശനി മണിമൂളി പാസ്റ്ററൽസെന്റർ**

| | | |
|---|---|---|
| മണിമൂളി | രാവിലെ 9 മുതൽ | ’ |
| ഭൂദാനം | രാവിലെ 9 മുതൽ | ” |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | ” |
| താളിപ്പാടം | രാവിലെ 9 മുതൽ | ” |
| മുണ്ടേരി | രാവിലെ 9 മുതൽ | ” |
| പാലാങ്കര | രാവിലെ 9 മുതൽ | ” |
| പാലേമാട് | രാവിലെ 9 മുതൽ | ” |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | ” |
| തലഞ്ഞി | രാവിലെ 9 മുതൽ | ” |
| മരുത | രാവിലെ 9 മുതൽ | ” |

**നിലമ്പൂർഫൊറോന ഏപ്രിൽ 30 ശനി മണിമൂളി പാസ്റ്ററൽസെന്റർ**

| | | |
|---|---|---|
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| ഇടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| മൂട്ടിയേൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| പൂക്കോട്ടുംപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| റൂബിനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| റ്റി.കെ.കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ” |

**ചുങ്കക്കുന്ന് ഫൊറോന മെയ് 3 ചൊവ്വ ബിഷപ്സ്ഹൗസ്**

| | | |
|---|---|---|
| അടക്കാത്തോട് | രാവിലെ 9 മുതൽ | ” |
| അമ്പായത്തോട് | രാവിലെ 9 മുതൽ | ” |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | ” |

| | | |
|---|---|---|
| കേളകം | രാവിലെ 9 മുതൽ | ,, |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | ,, |
| നെല്ലിയോടി | രാവിലെ 9 മുതൽ | ,, |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | ,, |
| പാൽചുരം | രാവിലെ 9 മുതൽ | ,, |
| ശാന്തിഗിരി | രാവിലെ 9 മുതൽ | ,, |
| വെള്ളൂന്നി | രാവിലെ 9 മുതൽ | ,, |
| **നടവയൽ ഫൊറോന** | **മെയ് 3 ചൊവ്വ** | **ബിഷപ്സ്ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കൂളിവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |

**പ്രത്യേക അറിയിപ്പ്**

* Online Accounting System Software Maintenance Charge 3570 രൂപ രൂപതയിൽ അടയ്ക്കേണ്ടതാണ്.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മംഗലപ്പുഴ സെമിനാരി നവതി നിറവിൽ

കഴിഞ്ഞ 9 ദശാബ്ദങ്ങളായി ആയിരക്കണക്കിന് വൈദികർക്ക് ജന്മം നല്കി അവരിലൂടെ കർത്താവിന് സാക്ഷ്യം വഹിക്കാൻ അജഗണങ്ങളെ ഒരുക്കുന്ന പ്രേഷിതദൗത്യത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട് മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി. വിവിധ കാലഘട്ടങ്ങളിൽ സെമിനാരിയെ നയിച്ച റെകട്ർ അച്ചന്മാരെയും സ്റ്റാഫ് അംഗങ്ങളേയും സ്നേഹാദരവുകളോടെ സ്മരിക്കുകയും ഈ സെമിനാരിയെയോർത്ത് അഭിമാനിക്കുകയും ചെയ്യുന്നു. 90 വർഷങ്ങൾ പിന്നിടുന്ന സെമിനാരിക്ക് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ നേരുന്നതോടൊപ്പം ഹൃദയംഗമമായ നവതി ആശംസകളും!

## മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയുടെ ചരിത്രം

### ആരംഭം (1682-1690)

1653 ലെ കൂനൻകുരിശുസത്യത്തിനുശേഷമുണ്ടായ മലബാർ സഭയിലെ പ്രതിസന്ധി പഠിക്കാൻ 1657 ൽ അലക്സാണ്ടർ ഏഴാമൻ മാർപാപ്പാ മലബാറിലേക്ക് കർമ്മലീത്താ മിഷണറിമാരെ അയച്ചു. പിന്നീട് പ്രസ്തുത സന്ന്യാസസമൂഹത്തിന്റെ നേതൃത്വത്തിൽ 1682 -ൽ വരാപ്പുഴയിൽ ഒരു ചെറിയ സെമിനാരി ആരംഭിച്ചു. (പ്രാരംഭ കാലത്ത് സെമിനാരിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നെങ്കിലും ചില പ്രതികൂലസാഹചര്യങ്ങളുടെ ഫലമായി പിന്നീട് പ്രവർത്തനം നിറുത്തേണ്ടതായിവന്നു.

### പുനഃസ്ഥാപിക്കപ്പെട്ട സെമിനാരി (1764-1866)

1764 സെപ്തംബർ 14 ന് പ്രൊപ്പഗാന്ത ഫീദേ കോൺഗ്രിഗേഷൻ അന്നത്തെ വരാപ്പുഴ കർമ്മലീത്താ മിഷനിലെ പ്രൊക്കുറേറ്റർ ആയിരുന്ന കാർളോ ദി സെയിന്റ് കോരാദോ എന്ന കർമ്മലീത്ത വൈദികൻ അയച്ച ഡിക്രിവഴി അസ്തമിച്ചുപോയ വരാപ്പുഴ സെമിനാരി ലത്തീൻ, സുറിയാനി വൈദികാർത്ഥികളുടെ പരിശീലനത്തിനായി പുനരാരംഭിക്കാൻ അനുവാദം നൽകി. വരാപ്പുഴയിലെ ചെറിയ സെമിനാരിക്കെട്ടിടത്തിന് എല്ലാ സെമിനാരിക്കാരെയും ഉൾക്കൊള്ളാൻ കഴിയാതെ വന്നതിനാൽ സുറിയാനി റീത്തിലുള്ള വൈദിക വിദ്യാർത്ഥികളെ കർമ്മലീത്താ വൈദികർ 1766-ൽ ആരംഭിച്ച

ആലങ്ങാട് സെമിനാരിയിലേക്കു മാറ്റിപ്പാർപ്പിച്ചു. 1774-ൽ സുറിയാനിക്കാരും ലത്തീൻ വൈദികവിദ്യാർത്ഥികളും വരാപ്പുഴ സെമിനാരിയിലേക്കുതന്നെ താമസം മാറ്റി. പ്രൊപ്പഗാന്തയിൽ നിന്നു ലഭിച്ച സബ്സിഡി സെമിനാരിയുടെ പ്രവർത്തനത്തിനു വളരെ സഹായകരമായി. എന്നാൽ, ഫ്രഞ്ചുവിപ്ലവാനന്തരം ഈ സബ്സിഡി ലഭിക്കാതായതോടെ സെമിനാരിയുടെ പ്രവർത്തനം വളരെയധികം ദുഷ്കരമായി. ഈ അവസ്ഥ 1866-ൽ സെമിനാരി പുത്തൻപള്ളിയിലേക്കു മാറ്റിസ്ഥാപിക്കുന്നതുവരെ തുടർന്നു. പുത്തൻ പള്ളി സെൻട്രൽ സെമിനാരി (1866-1932) വരാപ്പുഴയിലുണ്ടാ യിരുന്ന സെമിനാരിയിൽ സൗകര്യങ്ങൾ കുറവായിരുന്നതിനാലും മെച്ചപ്പെട്ട വൈദികപരിശീലനം നൽകുന്നതിനായും 1866 ൽ പുത്തൻ പള്ളിയിലെ പുതിയ കെട്ടിടത്തിലേക്ക് വരാപ്പുഴ സെമിനാരി മാറ്റപ്പെട്ടു. 1888 ൽ പുത്തൻപള്ളി സെമിനാരിയെ മലബാറിനു മൊത്തത്തിലുള്ള കേന്ദ്ര മേജർ സെമിനാരിയായി മാറ്റുകയും ഈ സെമിനാരിയെ പ്രൊപ്പഗാന്ത ഫീദേ കോൺഗ്രിഗേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരികയും ചെയ്തു. ആ കാലഘട്ടത്തിലെ സാഹചര്യങ്ങൾ ആവശ്യപ്പെട്ട ചില പ്രധാന പ്പെട്ട മാറ്റങ്ങൾ വൈദികവിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിലും വരുത്തുകയുണ്ടായി. ഈ കാലയളവിലാണ് ഭാഷാപഠനം, പ്രധാന മായും സംസ്കൃതം, ഗ്രീക്ക്, ഹീബ്രു, മലയാളം തുടങ്ങിയവ പാഠ്യ പദ്ധതിയുടെ ഭാഗമാക്കാൻ തുടങ്ങിയത്.

**മംഗലപ്പുഴ സെമിനാരിയുടെ പൂർവ്വചരിത്രം (1866-1886)**

1932 ലാണ് ഇന്നു കാണുന്ന മംഗലപ്പുഴ സെമിനാരി പ്രവർ ത്തനം ആരംഭിച്ചതെങ്കിലും ഏകദേശം ആറു ദശവത്സരങ്ങൾക്കു മുമ്പുതന്നെ മംഗലപ്പുഴയിൽ കേരളത്തിലെ സുറിയാനി കത്തോലിക്കാ വൈദികവിദ്യാർത്ഥികൾക്കു പരിശീലനം നൽകുന്ന തിനുവേണ്ടി ഒരു സെമിനാരി പ്രവർത്തിച്ചിരുന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ സുറിയാനി കത്തോലിക്കർ പ്രദുവാദോ പ്രൊപ്പഗാന്ത ഭരണത്തിൻകീഴിൽ വിഭജിതമായിരുന്നു. കൊടുങ്ങല്ലൂർ പ്രദുവാദോ രൂപതയിൽപ്പെട്ട സുറിയാനി കത്തോലിക്കരുടെ വൈദികപരിശീലനം വൈപ്പിക്കോട്ട, ആലങ്ങാട്, അമ്പഴക്കാട് (സമ്പാളൂർ) എന്നീ സെമിനാരികളിലായി രുന്നു. എന്നാൽ, വിവിധ കാരണങ്ങളാൽ ഇവയെല്ലാം പ്രവർത്തനരഹി തമായി. 1777-ൽ കൊടുങ്ങല്ലൂർ അതിരുപതാധ്യക്ഷനായിരുന്ന

സാൽവ ദോർ ദോസ് റെയിസ് മരിച്ചതിനുശേഷം അതിരൂപതയിൽ സ്ഥിരമായി മെത്രാന്മാർ ഇല്ലായിരുന്നു. പകരം ഗോവർണ്ണദോര ന്മാരായിരുന്നു അതിരൂപതയെ നയിച്ചിരുന്നത്. അസ്തമിച്ചുപോയ സെമിനാരികൾക്കുപകരം പുതിയ സെമിനാരി ഉണ്ടാക്കാൻ സുറി യാനി സമുദായനേതാക്കൾ പരിശ്രമിച്ചു. തത്ഫലമായി ആലുവയ് ക്കടുത്ത് പെരിയാറിന്റെ തീരത്ത് സ്ഥിതി ചെയ്തിരുന്ന 'മൊന്തേ ഫോർമോസ്' (മനോഹരമായ കുന്ന്) അഥവാ മംഗലപ്പുഴ എന്ന സ്ഥലത്ത് സെമിനാരി സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്ന് സുറിയാനി സമുദായനേതാക്കന്മാർ കരുതി. അതിനായി അതിരൂപ തയിലെ 55 സുറിയാനി പള്ളിക്കാർക്കു വീതപ്പിരിവു നിശ്ചയിച്ച് 2000 രൂപ സമാഹരിക്കുകയും ചെയ്തു. ഈ തുക മതിയാകാത്തതിനാൽ തൈക്കാട്ടുശ്ശേരി ഇടവകാംഗം പാറായിൽ ശ്രീ അവിരാ വർക്കിത്ത രകൻ 2000 രൂപയും കൂട്ടിച്ചേർത്ത്, 4000 രൂപ മുടക്കി, ഷെക്ലിയർ എന്ന ഇംഗ്ലീഷുകാരന്റെ ഉടമസ്ഥതയിൽ പെരിയാറിന്റെ തീരത്ത് ഉണ്ടായിരുന്ന മംഗലപ്പുഴക്കുന്ന് എന്നറിയപ്പെട്ടിരുന്ന നാല്പത് ഏക്കർ സ്ഥലവും വസ്തുവകകളും തീറെഴുതി വാങ്ങി. സെമിനാരി സ്ഥാപിക്കുന്നതിനു വേണ്ടി വാങ്ങിയ സ്ഥലത്ത് ഉണ്ടായിരുന്ന സായിപ്പു പണികഴിപ്പിച്ച ബംഗ്ലാവിൽ 1866 ൽ സെമിനാരിയുടെ പ്രവർത്തനം ആരംഭിച്ചു. അതോടൊപ്പം അതി രൂപതയിലെ വൈദികരുടെ വാർഷികധ്യാനവും മറ്റു പ്രവർത്തനങ്ങളും കാര്യക്ഷ മമായി നടന്നിരുന്നു. ഇടവകവൈദികരായിരുന്നു സെമിനാരി നടത്തി ക്കൊണ്ടിരുന്നത്. കൊടുങ്ങല്ലൂരിൽ മെത്രാന്മാർ ഇല്ലാത്തതിനാൽ ഈ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് തിരുപ്പട്ടം സ്വീകരിക്കാൻ ഗോവ മെത്രാപ്പോലീത്തായെ സമീപിക്കേ ണ്ടതായിവന്നു. എന്നാൽ, പട്ടം കൊടുക്കുന്നതിന് മംഗലപ്പുഴ ബംഗ്ലാവും പറമ്പും ഗോവ മെത്രാപ്പോലീത്തയുടെ പേരിൽ എഴുതി കൊടുക്കണമെന്ന് ഗോവ മെത്രാപ്പോലീത്ത കൊടുങ്ങല്ലൂർ ഗോവർണ ദോറിനു കല്പന നൽകിയതിന്റെ വെളിച്ചത്തിൽ, കുറവിലങ്ങാട്, തൃശ്ശൂർ, പാലാ, ഭരണങ്ങാനം, അതിരമ്പുഴ മുതലായ പള്ളിക്കാർ പണം പിരിച്ച് 5000 ത്തോളം രൂപ ശ്രീ പാറായി അവിരാത്തരകനെ ഏൽപിച്ചു. അതിൽ 2000 ത്തോളം രൂപ സുറിയാനിക്കാരുടെ പഠനം വകയ്ക്കായി തരകൻ വസ്തുവിന്മേൽ സ്ഥാപിച്ച് മംഗലപ്പുഴയിലെ വസ്തുവകകൾ ഗോവ മെത്രാപ്പോലീത്തയ്ക്ക് എഴുതിക്കൊടുത്തു. വസ്തുവകകൾ എഴുതിക്കൊടുത്തതിന്റെ ഉദ്ദേശ്യം ആധാരത്തിൽ

വ്യക്തമാക്കിയിട്ടുണ്ടായിരുന്നു; 'കൊടുങ്ങല്ലൂർ അതിരുപതയിൽ ഒരു സെമിനാരി പണിയുന്നതിനും രൂപതയുടെ ഗുണത്തിനുമായി പിതാവു നിശ്ചയിക്കുന്ന കാര്യങ്ങൾക്കും.'

1886 ൽ പ്രദുവാദോ ഭരണം നിർത്തലാക്കപ്പെട്ടതോടെ കൊടുങ്ങല്ലൂർ അതിരൂപതയും ഇല്ലാതായിഈ സാഹചര്യത്തിൽ ഗോവ മെത്രാപ്പോലീത്താ മംഗലപ്പുഴക്കുന്നും കെട്ടിടങ്ങളും കൊച്ചി മെത്രാന്റെ അനുവാദത്തോടെ ദാനം ചെയ്ത വസ്തുവകകളായതിനാൽ റോമിലെ കോൺഗ്രിഗേഷൻ ഓഫ് ദ എക്സ്ട്രാ ഓർഡിനറി അഫയേഴ്സിന്റെ തീരുമാനപ്രകാരം സെമിനാരി വസ്തുവകകൾ ഓറിയന്റൽ കോൺഗ്രിഗേഷന്റെ കീഴിലായി.

പുത്തൻപള്ളി സെമിനാരിയുടെ ശോചനീയാവസ്ഥയും വൈദികാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനയും കണക്കിലെടുത്ത് പുതിയ സെമിനാരി എന്ന ആശയം പുത്തൻപള്ളി സെമിനാരി റെക്ടർ ബഹുമാനപ്പെട്ട ജോൺ ജോസഫ് ഒ.സി.ഡി. അച്ചൻ ഡലഗേറ്റ് അപ്പസ്തോലികവഴി റോമിനെ അറിയിക്കുകയും തത്ഫലമായി ഓറിയന്റൽ കോൺഗ്രിഗേഷൻ പുത്തൻപള്ളി സെമിനാരിയെ മംഗലപ്പുഴക്കുന്നിലേക്കു മാറ്റി സ്ഥാപിക്കാനുള്ള അനുവാദം 1929 ആഗസ്റ്റ് 7 ന് കത്തുവഴി ബഹു. ജോൺ ജോസഫ് അച്ചനെ അറിയിക്കുകയും ചെയ്തു. തദ്വാരാ, കൊച്ചി മ്രെതാനിൽ നിന്ന് വസ്തുവകകൾ സ്വീകരിക്കുകയും കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളോടെ മംഗലപ്പുഴക്കുന്നിൽ സെമിനാരിയുടെ പണികൾ പൂർത്തിയാവുകയും ചെയ്തു. 1932 ജൂൺ ഒന്നിന് ദൈവശാസ്ത്ര വിഭാഗം പുത്തൻപള്ളിയിൽനിന്ന് നിർമ്മാണത്തിലിരുന്ന മംഗലപ്പുഴ പുതിയ സെമിനാരിയിലേക്കു മാറ്റപ്പെട്ടു. അതേവർഷം ഡിസംബറോടെ തത്ത്വശാസ്ത്രവിഭാഗവും മംഗലപ്പുഴയിലേക്കു മാറ്റി. പുതിയ സെമിനാരിക്കെട്ടിടത്തിന്റെ ആശീർവാദവും ഓദ്യോഗികമായ ഉദ്ഘാടനവും 1933 ജനുവരി 28 ന് ഇന്ത്യയുടെ ഡലഗേറ്റ് അപ്പസ്തോലിക്ക മോൺ. ലെയോ ക്രിയേർകൽസ് നിർവഹിച്ചു. അക്കാലയളവിൽ 274 വൈദികാർത്ഥികൾ ഇന്ന് കാണുന്ന സെമിനാരിയിൽ പരിശീലനത്തിൽ ഏർപ്പെട്ടിരുന്നു. 1951 ജനുവരി 2 ന് സെമിനാരി ചാപ്പലിന്റെ ആശീർവാദവും ഉദ്ഘാടനവും മോൺ. ലെയോ ക്രിയേർകൽസ് നിർവഹിച്ചു.

പൗരോഹിത്യ ദൈവവിളിയിലുണ്ടായ വർദ്ധന സെമിനാരിയുടെ സൗകര്യങ്ങൾ വിപുലപ്പെടുത്താൻ കാരണമായി. 1954-ൽ 450 വിദ്യാർത്ഥികളെ മാത്രം ഉൾകൊള്ളാൻ ശേഷിയുണ്ടായിരുന്ന

സെമിനാരിയിലെ വിദ്യാർത്ഥികളുടെ എണ്ണം 486 ആയിരുന്നു. ഈയൊരു പ്രശ്നം 1955 നവംബർ 24 ന് ഒരു പുതിയ തത്ത്വശാസ്ത്ര സെമിനാരി, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, കാർമ്മൽഗിരി എന്ന പേരിൽ അന്നത്തെ ഇടക്കാല വത്തിക്കാൻ സ്ഥാനപതിയായിരുന്ന മോസ്റ്റ് റവ. മാർട്ടിൻ ലൂക്കോസ് ഉദ്ഘാടനം ചെയ്തതോടെ പരിഹരിക്കപ്പെട്ടു.

**സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി (1964)**

1964 ൽ മംഗലപ്പുഴ സെമിനാരിയെ മാർപാപ്പാ പൊന്തിഫിക്കൽ പദവിയിലേക്കുയർത്തി. വത്തിക്കാൻ സ്ഥാനപതിയായിരുന്ന മോസ്റ്റ് റവ. ജെയിംസ് റോബർട്ട് നോക്സ്, 1964 ജൂൺ 14 സെമിനാരിയിൽ നടന്ന പൊതുസമ്മേളനത്തിൽ ഇതു സംബന്ധിച്ച മാർപാപ്പായുടെ കത്തു വായിച്ചു. പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് ഫിലോസഫി 1972 ഫെബ്രുവരി 24 ന് റോമിലെ കത്തോലിക്കാ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള കാര്യാലയം ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്ര ഫാക്കൽട്ടി സ്ഥാപിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. സെമിനാരിയുടെ ഭരണസംവിധാനവും മാർഗ്ഗദർശനവും കെ.സി.ബി.സിയെ ഏല്പിക്കുന്നു (1976-1997).

കർമ്മലീത്താസഭയുടെ കീഴിൽനിന്ന് സെമിനാരിയുടെ ഭരണസംവിധാനം കേരളസഭാനേതൃത്വത്തെ ഏൽപിക്കുന്നതിനായുള്ള ഒരു ഔദ്യോഗിക അപേക്ഷ 1973 ഒക്ടോബർ 27 ന് കർമ്മലീത്താസഭയുടെ സുപ്പീരിയർ ജനറൽ അവതരിപ്പിച്ചു. 1976 ജൂൺ 12 ന് പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം കേരളസഭാനേതൃത്വവുമായി ചർച്ച നടത്തുകയും അതിന്റെ ഫലമായി സെമിനാരിയുടെ ഭരണനിർവ്വഹണച്ചുമതല കെ.സി.ബി.സി.യെ ഏല്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച എഴുത്ത് ആരംഭിക്കുന്നതുതന്നെ സെമിനാരിയുടെ പുരോഗതിയിലും അതുപോലെ റീത്തുകൾക്കതീതമായ സഹകരണത്തിലും പൗരസ്ത്യതിരുസംഘത്തിനും സുവിശേഷവത്കരണത്തിനായുള്ള തിരുസംഘത്തിനുമുള്ള താത്പര്യവും ശ്രദ്ധയും ഓർമ്മിപ്പിച്ചുകൊണ്ടു തന്നെയാണ്. ഈ രണ്ടു തിരുസംഘങ്ങളും സെമിനാരിയുടെ നിയമസംഹിത തയ്യാറാക്കിക്കൊണ്ട് ഇപ്രകാരം പറയുന്നു: 'സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി വ്യത്യസ്ത റീത്തുകളുടെ ഒരു സ്ഥാപനമാണ്. കൂടാതെ, സീറോ മലബാർ, മലങ്കര, ലത്തീൻ റീത്തുകൾക്കു

പൊതുവായുള്ള സെമിനാരിയുമാണ്. തുടർന്നു പറയുന്നു: 'മാർപാപ്പായ്ക്കു കീഴ്പ്പെട്ടിരിക്കുന്ന ഈ സെമിനാരിയുടെ ഭരണനിർവഹണവും കേരളത്തിലെ വിവിധ റീത്തുകളിലെ മെത്രാന്മാരുടെ കോൺഫറൻസിനെ ഭരമേൽപിക്കുന്നു. അതുപോലെ, പൗരസ്ത്യ തിരുസംഘത്തിന്റെയും സുവിശേഷ പ്രഘോഷണത്തിനുവേണ്ടിയുള്ള തിരുസംഘത്തിന്റെയും അധികാരപരിധിയിലാണ് ഈ സെമിനാരി വരുന്നത്.'

1982– 83 വർഷത്തിൽ പുത്തൻപള്ളി സെമിനാരി മംഗലപ്പുഴയിലേക്കു മാറ്റിയതിന്റെ ഗോൾഡൻ ജൂബിലി ആഘോഷിച്ചു.

**മംഗലപ്പുഴ സീറോ മലബാർ സഭയുടെ മേജർ സെമിനാരി (1987)**

റീത്തുകളുടെ അടിസ്ഥാനത്തിൽ സെമിനാരിയെ പുനഃസ്ഥാപിക്കണമെന്നുള്ള കെ.സി.ബി.സിയുടെ ആവശ്യം 1996-ൽ മാർപാപ്പ അംഗീകരിച്ചു. 1996-97 അധ്യയനവർഷത്തിന്റെ അവസാനത്തോടെ അതിനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിച്ചു. 1997-98 അധ്യയനവർഷത്തിന്റെ ആരംഭത്തോടെ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി സീറോ മലബാർ സഭയുടെ മേജർ സെമിനാരി എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചു.

**അധ്യാപകരിലെയും പൂർവവിദ്യാർത്ഥികളിലെയും വാഴ്ത്തപ്പെട്ടവരും ദൈവദാസരും**

കർമ്മലീത്താമിഷണറിമാരുടെ ആത്മാർത്ഥതയും തീക്ഷ്ണതയും നിറഞ്ഞ മൂന്നു നൂറ്റാണ്ടുകാലത്തെ കേരളത്തിലെ വൈദിക പരിശീലനത്തിന് കേരളസഭ എക്കാലവും അവരോടു കടപ്പെട്ടിരിക്കുന്നു. മുൻ അധ്യാപകരായ ഔറേലിയൻ ഒ.സി.ഡി. അച്ചന്റെയും സക്കറിയാസ് ഒ.സി.ഡി. അച്ചന്റെയും നാമകരണനടപടികൾക്ക് സെമിനാരി കാരണഭൂതയായത് ഒരേസമയം ആനന്ദകരവും അഭിമാനകരവുമാണ്. ഔറേലിയൻ അച്ചൻ 51 വർഷവും സക്കറിയാസ് അച്ചൻ 45 വർഷവും സെമിനാരിയിൽ ശുശ്രൂഷ ചെയ്തു.

**നാമകരണ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന മറ്റു ചില അധ്യാപകരും പൂർവവിദ്യാർത്ഥികളും**

1. വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ തേവർപറമ്പിൽ (1891-1973)
2. ധന്യൻ ഔറേലിയൻ ഒ.സി.ഡി. (1887-1963)
3. ധന്യൻ സക്കറിയാസ് ഒ.സി.ഡി. (1887-1957)
4. ധന്യൻ വർഗീസ് പയ്യപ്പിള്ളി (1876-1929)

5. ദൈവദാസൻ ജോസഫ് വിതയത്തിൽ (1865-1964)
6. ദൈവദാസൻ തൊമ്മിച്ചൻ പൂതത്തിൽ (1871-1943)
7. ദൈവദാസൻ ജോർജ് വാകയിൽ (1883-1931)
8. ദൈവദാസൻ മാത്യു കാവുകാട്ട് (1904-1969)
9. ദൈവദാസൻ റെയ്നോൾഡ് പുരയ്ക്കൽ (1910-1988)
10. ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ (1894-1963)
11. ദൈവദാസൻ ലൂർദ്ദ് സേവ്യർ (1910-1972)
12. ദൈവദാസൻ അലോഷ്യസ് മരിയ ബെൻസിഗർ (1864-1942)

# വൈദികരുടെ മാസധ്യാനം

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ വൈദികർക്കുള്ള മാസധ്യാനം ഫെബ്രുവരി 8–ാം തിയതി രാവിലെ 10 മണിക്ക് പാറത്തോട്ടം സെന്റ്. മേരീസ് ദേവാലയത്തിൽവച്ച് സംഘടിപ്പിക്കപ്പെട്ടു. ഇടവക വികാരി ബഹു. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ മാസധ്യാനത്തിലേക്ക് വൈദികരെ സ്വാഗതം ചെയ്ത് സംസാരിക്കുകയും തുടർന്ന് ധ്യാന ചിന്ത പങ്കുവയ്ക്കുകയും ചെയ്തു. സമൂഹത്തിൽ പൗരോഹിത്യം നേരിടുന്ന വെല്ലുവിളികളെയും വിമർശനങ്ങളെയും എപ്രകാരം ക്രിയാത്മകമായി അഭിമുഖീകരിക്കണം എന്നും, ആത്മ വിമർശനത്തിലൂടെ എപ്രകാരം ആദ്ധ്യാത്മിക വിശുദ്ധി കൈവരിക്കാൻ കഴിയുമെന്നുള്ള ആശയത്തെ മുൻനിർത്തിയായിരുന്നു അച്ചന്റെ ധ്യാനവിചിന്തനം. ബഹു. ഫാ. ജെയിംസ് മാങ്കോട്ടിലിന്റെയും, ബഹു. ഫാ. ടോണി ഏലംകുന്നേലിന്റെയും നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും തുടർന്ന് പാപമോചന സങ്കീർത്തനവും നടന്നു. ആരാധനയ്ക്കു ശേഷം ഫൊറോന വികാരി ബഹു. ഫാ. സണ്ണി മഠത്തിലിന്റെ നേതൃത്വത്തിൽ രൂപതയുടെ ജൂബിലിയോട് അനുബന്ധിച്ച് നടത്തേണ്ട ഫൊറോന അസംബ്ലിയെക്കുറിച്ച് ചർച്ച ചെയ്തു. 2022 മാർച്ച് 1 –ാം തിയതി കത്തീഡ്രൽ ഇടവകയിൽ വച്ച് വൈദികരുടെയും, സന്യസ്തരുടെയും ഇടവക അൽമായ പ്രതിനിധികളുടെയും പങ്കാളിത്തത്തോടെ ഫൊറോന അസംബ്ലി നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് ഇതര സാമൂഹിക വിഷയങ്ങളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുകയും ഫൊറോനയിലെ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. കൂട്ടായ്മയിൽ ഫൊറോനയിലെ എല്ലാ വൈദികരുടെയും സാന്നിധ്യം ഉണ്ടായിരുന്നു. ബഹു. ഫാ. ജസ്റ്റിൻ മൂന്നനാൽ എല്ലാവർക്കും നന്ദി പറഞ്ഞു. പാറത്തോട്ടം ഇടവകയിൽ വച്ച് നടന്ന മാസധ്യാനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ചിട്ടയോടെ ഒരുക്കിയ ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചനും കൈക്കാരന്മാർക്കും, ഇടവകജനത്തിനും നന്ദി.

**ഫാ. റോബിൻസ് കുമ്പളക്കുഴി**
സെക്രട്ടറി

## HCC മൂല്യനിർണ്ണയ ക്യാമ്പ്

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തുന്ന പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളുടെ മൂല്യനിർണ്ണയക്യാമ്പ് ജനുവരി 26-ന് നടത്തപ്പെട്ടു. മൂല്യനിർണ്ണയത്തിന് സഹായിച്ച രൂപതാടീമംഗങ്ങൾക്കും എല്ലാ അധ്യാപകർക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

## HCC സേ പരീക്ഷ

XI, XII ക്ലാസ്സുകളിൽ കോവിഡ് മൂലം പരീക്ഷ എഴുതാത്ത കുട്ടികൾക്കും, പരീക്ഷ വിജയിക്കാത്ത കുട്ടികൾക്കും say exam എഴുതുവാനുള്ള അവസരമുണ്ടാകും. മാർച്ച് പന്ത്രണ്ടാം തീയതി ശനിയാഴ്ചയാണ് സേ പരീക്ഷ നടത്തുക.10 മണി മുതൽ 12-30 വരെ ആയിരിക്കും പരീക്ഷ സമയം.

### വാർഷിക പരീക്ഷകൾ

ഒന്ന് മുതൽ ഒൻപതുവരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പാർട്ട് ഒന്നിന്റെയും പാർട്ട് രണ്ടിന്റെയും പരീക്ഷകൾ രണ്ടുദിവസങ്ങളിലാണ് നടത്തപ്പെടുന്നത്. കുട്ടികളുടെ പഠനം എളുപ്പമാക്കുക, നമസ്കാരങ്ങൾ ഹൃദ്യസ്ഥമാക്കുക എന്നീ കാര്യങ്ങൾ ലക്ഷ്യമിട്ടുകൊണ്ടാണ് പരീക്ഷകൾ രണ്ടുദിവസങ്ങളിലായി നടത്തുന്നത്. പാർട്ട് ഒന്നിന്റെ പരീക്ഷ 2022 മാർച്ച് 6 നും പാർട്ട് രണ്ടിന്റെ പരീക്ഷ 2022 ഏപ്രിൽ 3 നുമാണ്.

### പാർട്ട് ഒന്നിന്റെ പരീക്ഷ 2022 മാർച്ച് 6

രാവിലെ 10 മണിമുതൽ 12 മണിവരെയാണ് പരീക്ഷയുടെ സമയം. ഒന്നും രണ്ടും ക്ലാസ്സുകൾക്ക് 25 മാർക്കിന്റെയും, മൂന്നും നാലും ക്ലാസുകൾക്ക് 50 മാർക്കിന്റെയും അഞ്ചുമുതൽ ഒൻപതുവരെയുള്ള ക്ലാസ്സുകൾക്ക് 60 മാർക്കിന്റെയും ചോദ്യങ്ങൾ പാർട്ട് ഒന്നിന്റെ പരീക്ഷയിൽ ഉണ്ടായിരിക്കും.

**ജൂബിലേറിയൻസ്, Full attendance (കഴിഞ്ഞ 2 വർഷം)**

മതാധ്യാപനരംഗത്ത് 25,35,50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരെ കഴിഞ്ഞ രണ്ട് വർഷങ്ങളായി ആദരിക്കാൻ സാധിച്ചിട്ടില്ല. ഓരോ ഇടവകയിലും 25,35,50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യ പത്രവും, കഴിഞ്ഞ 2 വർഷങ്ങളിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസിൽ എത്തിയിട്ടുള്ള കുട്ടികളുടെ പേരും മാർച്ച് 30ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കുകയോ, വാട്സാപ്പിലൂടെ അറിയിക്കുകയോ ചെയ്യുവാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുക.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

**പ്രിയപ്പെട്ട കൂട്ടുകാരെ,**

നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചുകഴിഞ്ഞു. നമ്മോടു തന്നെയും ലോകത്തോടും ബലം പ്രയോഗിക്കുവാനുള്ള വലിയ ആന്തരികശക്തി ആർജ്ജിച്ചെടുക്കുന്ന പരിശീലന കാലഘട്ടമാണ് നോമ്പുകാലം.ആന്തരീകതയുടെ ഉൾകരുത്തോടെ ഈ ലോക ജീവിതത്തിൽ വിജയം വരിക്കുന്നതിനുവേണ്ടിയാണ് സഭാമാതാവ് ഈ പരിശീലന കാലഘട്ടം നമുക്കായി ഒരുക്കിയിരിക്കുന്നത്. ശത്രു പാളയത്തിലേക്കു പോകുന്ന ഏതൊരു പടയാളിയും തുടർച്ചയായുള്ള പരിശീലനത്തിലൂടെ പയറ്റി തെളിഞ്ഞതിനുശേഷമേ പടക്കളത്തിലേക്കു പോകു. വേണ്ടവണ്ണം പരിശീലനം ആർജ്ജിക്കാതെ പടക്കളത്തിലിറങ്ങുന്ന പടയാളി ശത്രുവിന്റെ മുമ്പിൽ കീഴടങ്ങേണ്ടി വരും. നോമ്പുകാലത്തെ അവഗണിക്കുന്ന ക്രിസ്ത്യാനിയും അങ്ങനെ തന്നെ ആവും. നമ്മുടെ നേതാവും, കൂട്ടുകാരനും, ശക്തിയും, ഊർജ്ജവുമായ ഈശോ ദൈവമായിരുന്നിട്ടും പ്രാർത്ഥനയിലും, ഉപവാസത്തിവും പിതാവുമായി ബന്ധപ്പെട്ട് ശക്തിയാർജ്ജിച്ചു. അതുപോലെ നമുക്കും നോമ്പും പ്രാർത്ഥനയും ഉപവാസവും വഴി ശക്തിപ്പെട്ട് നമ്മുടെ ആത്മീയ ദൗർബല്യങ്ങളെ കീഴടക്കാം. അതോടൊപ്പം ഈയൊരു അധ്യായന വർഷത്തിന് അന്ത്യം കുറിച്ചുകൊണ്ടുള്ള പരീക്ഷകളിലേക്കു നാം പ്രവേശിക്കുകയാണ്. കഴിവിന്റെ പരമാവധി അദ്ധ്വാനിക്കാം. അദ്ധ്വാനത്തിന്റെ ഉത്തമ മാതൃകയായ വി. യൗസേപ്പ് പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കാം. ഈശോയ്ക്കും മാതാവിനും വേണ്ടി ജീവിതം സമർപ്പിച്ച ആ മഹാവിശുദ്ധൻ നമുക്കും കാവലാളാകട്ടെ. ഈശോയോടൊപ്പമുള്ള പരീക്ഷാദിനങ്ങൾ എല്ലാ കൂട്ടുകാർക്കും ആശംസിക്കുന്നു.

സ്നേഹത്തോടെ,

**ഷിജു അച്ചൻ**

| | |
|---|---|
| **2022 –മാർച്ച്** | : ക്രിസ്തു: ത്യാഗപൂർണ്ണത |
| **പ്രാർത്ഥനമലരുകൾ** | : 75 തിരുഹൃദയ ജപമാല |
| **മിഷൻ പ്രയർബാങ്ക്** | : ഉജ്ജയിൻ രൂപത (ബത്തേരി മേഖല യിലെ ശാഖകൾ) |
| **സുകൃത ജപം** | : വി. യൗസേപ്പേ, കാവലായിരിക്കണമേ |

**മനസ്സിലെ തച്ചൻ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് 18 വയസ്സിനു മുകളിലുള്ളവർക്കായി സംഘടിപ്പിച്ച ജലച്ചായ മത്സരമാണ് മനസ്സിലെ തച്ചൻ. മനസ്സിൽ തെളിഞ്ഞ യൗസേപ്പിതാവിന്റെ രൂപം ക്യാൻവാസിൽ പകർത്തിയപ്പോൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം 1001, 701, 501 എന്നീ ക്രമത്തിൽ മനോജ് ഒരേടത്തിൽ (കമ്മന), അഭിന കോട്ടേകുടി (മൂലങ്കാവ്), ലിന്റോ മാവുങ്കൽ (മീനങ്ങാടി) എന്നിവർ ക്യാഷ് അവാർഡിന് അർഹരായി.

**ആഗോള മിഷൻ സംഗമം**

കേരള സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ആഗോള മിഷൻ സംഗമത്തിൽ മാനന്തവാടി രൂപതയിൽ നിന്നും എല്ലാ രൂപത, മേഖലാ ഭാരവാഹികളും പങ്കെടുത്തു.

**പ്ലാറ്റിനം ജൂബിലി ഭവനം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിയുടെ സ്മാരകമായി മുണ്ടേരി ഇടവകയിൽ നിർമ്മിക്കുന്ന ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് രൂപതാ ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ തുടക്കം കുറിച്ചു. മുണ്ടേരി ഇടവക വികാരി ഫാദർ ജിമ്മി ഓലിക്കലും രൂപതാ സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു.

**നന്ദിയോടെ ആശംസകൾ**

കഴിഞ്ഞ ഒരു വർഷം ചെറുപുഷ്പ മിഷൻ ലീഗ് പയ്യമ്പള്ളി, നടവയൽ മേഖലകളിൽ മേഖല ഡയറക്ടേഴ്സ് ആയിരുന്ന ബഹു. ടോണി ഏലംകുന്നേൽ അച്ചനും, നിഷിൻ തേൻപള്ളി അച്ചനും തങ്ങളുടെ നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദിയും പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ആശംസകളും നേർന്നു.

**ഞാൻ പ്രതിഷേധിക്കുന്നു**

ക്രൈസ്തവ വിശ്വാസത്തിന്റെ പ്രേഷിത മുഖമായ സന്യാസത്തെയും അവരുടെ ജീവിത വിശുദ്ധിയുടെ അടയാളമായ സന്യാസ വസ്ത്രത്തെയും അപമാനിക്കുന്ന വിധത്തിലുള്ള മാധ്യമങ്ങളുടെ അതിപ്രസരണത്തിനെതിരെ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത പ്രതിഷേധമറിയിച്ചു.

**സ്നേഹത്തിന്റെ പിന്തുണ**

ദൈവജനത്തെ സത്യവഴിയിൽ നയിക്കാൻ ശ്രമിച്ചതിന്റെ പേരിൽ മാനസിക പീഡനങ്ങൾക്ക് ഇരയാവുകയും മാധ്യമങ്ങളുടെ ചർച്ചാ വിഷയമാവുകയും ചെയ്ത നല്ല ഇടയനായ ആന്റണി പാറക്കടവിൽ അച്ചന് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ പിന്തുണ അറിയിച്ചു.

**2021 മിഷൻ മാസാചരണം മികച്ച ശാഖകൾ, മേഖലകൾ**

ജൂബിലി വർഷത്തിലെ മിഷൻ മാസാചരണത്തിൽ ഏറ്റവും മികച്ച ശാഖകളിൽ കല്ലോടി, തലഞ്ഞി, പാലേമാട് എന്നീ ശാഖകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. ഏറ്റവും മികച്ച പത്ത് ശാഖകളായി നടവയൽ, മീനങ്ങാടി, പാലാങ്കര, ചുങ്കക്കുന്ന്, പൂളപ്പാടം, കേളകം, അമ്പായത്തോട്, അരിഞ്ചേർമല, തൃശ്ശിലേരി, ചുണ്ടക്കര എന്നീ ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടു.

മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച മേഖലകളിൽ നടവയൽ, കല്ലോടി എന്നീ മേഖലകൾ ഒന്നും രണ്ടും സ്ഥാനത്തിനും, ചുങ്കക്കുന്ന്, നിലമ്പൂർ മേഖലകൾ മൂന്നാം സ്ഥാനത്തിനും അർഹരായി.

സമർപ്പിത ദിനം

സമർപ്പിത ദിനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻ ലീഗിന്റെ രൂപത, മേഖല, ശാഖ തലങ്ങളിൽ ശക്തിയും ഊർജ്ജവും ആയി നിലകൊള്ളുന്ന എല്ലാ പ്രിയപ്പെട്ട സമർപ്പിതർക്കും രൂപതാകുടുംബത്തിന്റെ ആശംസകൾ അറിയിച്ചു.

**ജോ. ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി സംഗമം**

രൂപത ബൈബിൾ കലോൽസവത്തെയും, സുകൃതവാരാഘോഷങ്ങളെയും പറ്റി ചർച്ചചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും ആയി രൂപതയിലെ 13 മേഖലകളിൽ നിന്നുമുള്ള ജോ. ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ സംഗമം ഓൺലൈനായി നടത്തി.

**സ്പർശം - രോഗീദിനം**

സഭയിൽ ആഗോള രോഗീദിനമായി ആചരിക്കുന്ന ഫെബ്രുവരി 11 ന് സ്പർശം എന്ന പേരിൽ മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ തങ്ങളുടെ വീടുകളിലായിരുന്നുകൊണ്ട് കരുണയുടെ ജപമാല ചൊല്ലി എല്ലാ രോഗികൾക്കും വേണ്ടി പ്രാർത്ഥിച്ചു.

**പ്രേഷിത വർണ്ണങ്ങൾ - രൂപതാ ബൈബിൾ കലോത്സവം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പ്രേഷിത വർണ്ണങ്ങൾ എന്ന പേരിൽ ഓൺലൈൻ ആയി ബൈബിൾ കലോത്സവം സംഘടിപ്പിച്ചു. മഹാവ്യാധിയുടെ പ്രതിസന്ധിയിലും 12 മേഖലകളിൽ നിന്നായി 250 ഓളം മത്സരാർത്ഥികൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു. മത്സരങ്ങൾ മനോഹരമായി പൂർത്തിയാക്കാൻ ആത്മാർത്ഥമായി അധ്വാനിച്ച ശാഖ, മേഖല, രൂപതാ നേതൃത്വങ്ങൾക്ക് നന്ദി.

സുകൃതവാരം ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന 75 ലക്ഷം സുകൃതജപം പദ്ധതിക്ക് കൊമ്മയാട് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വച്ച് തുടക്കംകുറിച്ചു. രൂപതയിലെ 13 മേഖലകളെയും 159 ശാഖകളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ സംരംഭം നടത്തിയത്.

**തിരുബാലസഖ്യം ദിനം**

രൂപതാതല തിരുബാലസഖ്യം ദിന പരിപാടികൾ കൊമ്മയാട് ശാഖയിൽ വച്ച് പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ നിർവഹിച്ചു. ദ്വാരക മേഖലാ ഭാരവാഹികളും കൊമ്മയാട് ശാഖ ഭാരവാഹികളും നേതൃത്വം നൽകി.

**ശാഖ വാർത്തകൾ**

**വഞ്ഞോട്** - ഇടവക തിരുനാളിനോട് അനുബന്ധിച്ചുള്ള എല്ലാ പരിപാടികളിലും മിഷൻലീഗ് അംഗങ്ങൾ സജീവമായി പങ്കെടുത്തു. വി.പത്രോസ് പൗലോസ് ശ്ലീഹാന്മാരുടെ തിരുനാൾ ദിനത്തിൽ സഭക്കുള്ളിൽ ഭിന്നിപ്പുണ്ടാക്കുന്ന വ്യക്തികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു.

**മരക്കടവ്** - വി. ചാവറപിതാവിന്റെ തിരുനാൾ അനുസ്മരണം നടത്തി. സീറോ മലബാർ പ്രേഷിത വാരാചരണം നടത്തുകയും മിഷൻ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. ഓരോ ദിവസവും ഓരോ

മിഷൻ രൂപതയെ പരിചയപ്പെടുത്തുകയും മിഷനറിമാർക്ക് വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. മിഷൻ ക്വിസ് നടത്തി. ജപമാല നിർമ്മാണവും വിതരണവും നടത്തി. പെയിൻ & പാലിയേറ്റീവ് ദിനം ആചരിച്ചു. ഇടവക തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ ഇട്ടു. വി. ഡോൺ ബോസ്കോയുടെ തിരുനാൾ ദിനത്തിൽ യുവജനങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചു

**കളത്തുവയൽ -** ദിവ്യകാരുണ്യ ആരാധനയിലും, ദിവ്യ കാരുണ്യ പ്രദക്ഷിണത്തിനും മിഷൻ ലീഗ് അംഗങ്ങൾ നേതൃത്വം നൽകി. വി. ചാവറ പിതാവിന്റെ തിരുനാൾ ആശംസകൾ നേർന്നു. ആഗോളമിഷൻ ക്വിസിൽ ശാഖയിൽ നിന്നും മിഷൻലീഗ് അംഗ ങ്ങൾ പങ്കെടുത്തു. സന്യാസിനിമാരെ നവ മാധ്യമങ്ങളിലൂടെ അപ മാനിക്കുന്ന നീക്കത്തിൽ മിഷൻ ലീഗ് അംഗങ്ങൾ പ്രതിഷേധിച്ചു. കലാമത്സരത്തിൽ പങ്കെടുത്തു.

**പനമരം -** സിറോ മലബാർ തലത്തിൽ നടത്തപ്പെട്ട മിഷൻ ക്വിസിൽ ഇടവകയിൽ നിന്നും കുട്ടികളുടെ വിഭാഗത്തിൽ റോസ്‌ലന്റ് മാലിത്തറ ഒന്നാം സ്ഥാനവും, ബെൻഹർ മാലിത്തറ രണ്ടാം സ്ഥാനവും, മുതിർന്നവരുടെ വിഭാഗത്തിൽ ത്രേസ്യാമ്മ മാലിത്തറ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ശാഖ കലോത്സവം സംഘടിപ്പിച്ചു. നടവ യൽ മേഖലാ കലോത്സവത്തിൽ പങ്കെടുത്ത് മികച്ച വിജയം നേടി.

**മേഖലാ വാർത്തകൾ**

**ദ്വാരക മേഖല**

ജോ. ഡയറക്ടേഴ്സ് സംഗമം നടത്തി. മേഖലാ ടീം, വിവാഹിത നാകുന്ന മേഖലാ സെക്രട്ടറി സിബിൻ ചാക്കോയുടെ ഭവനത്തിൽ പോയി പ്രാർത്ഥിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. മേഖലാ കുടുംബത്തിൽ നിന്നും നിത്യസമ്മാനത്തിനായി വിളിക്ക പ്പെട്ട മൊതക്കര ശാഖാഗം അൽന കപ്യാരുമലയിൽ എന്ന കുഞ്ഞിന്റെ ഭവനത്തോട് അനുശോചനം അറിയിച്ച് ആത്മാവിന്റെ നിത്യശാന്തി ക്കായി പ്രാർത്ഥിച്ചു. കലാമത്സരം ജനുവരി 26, 30 തീയതികളി ലായി നടത്തി. മത്സരത്തിൽ തോണിച്ചാൽ ഒന്നാം സ്ഥാനവും, കൊമ്മയാട് രണ്ടാം സ്ഥാനവും, വിളമ്പുകണ്ടം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കുമ്പസാരക്കൂട്ടിൽവച്ച് വധിക്കപ്പെട്ട ഫാ. ജോസഫ് ട്രാൻഗോ ഗതാഹിന്റെ സ്മരണകൾക്ക് മുൻപിൽ ആദരാ ഞ്ജലികൾ അർപ്പിച്ചുകൊണ്ട് പ്രാർത്ഥിച്ചു. സമർപ്പിത ദിന

ത്തോടനുബന്ധിച്ച് ആശംസകൾ അറിയിച്ചു. മിഷൻ മാസ പ്രവർത്ത നങ്ങളിൽ രൂപതാ തലത്തിൽ ദ്വാരക മേഖലയിലെ തോണിച്ചാൽ, ദ്വാരക, കൊമ്മയാട് എന്നീ ശാഖകൾ പ്രോത്സാഹനസമ്മാനത്തിന് അർഹരായി. ആഗോള രോഗീദിനത്തിൽ ലോകം മുഴുവനിലും ഉള്ള രോഗികളെയും അവരെ ശുശ്രൂഷിക്കുന്നവരെയും സമർപ്പിച്ച് കരുണകൊന്ത ചൊല്ലി മേഖലയിലും ശാഖകളിലും പ്രാർത്ഥിച്ചു. കൊമ്മയാട് ശാഖയിൽ വച്ച് മേഖലാതല തിരുബാലസഖ്യം ദിന പരിപാടികൾ നടത്തി. സുകൃത വാരാചരണത്തിൽ ദ്വാരക മേഖല ഭാരവാഹികൾ സുകൃതജപം ചൊല്ലുന്ന വീഡിയോ അപ്‌ലോഡ് ചെയ്തു. എല്ലാ ശാഖകളും സുകൃതവാരാചരണത്തിൽ സജീവ മായി പങ്കെടുക്കുന്നു.

**നീലഗിരി**

നീലഗിരി മേഖലാതല തിരുബാലസഖ്യ ദിനാഘോഷം കയ്യൂന്നി ശാഖയിൽ വെച്ച് നടത്തപെട്ടു. മേഖലാ ഡയറക്ടർ ഫാ. അനീഷ് ആലുങ്കൽ വി. കുർബാനക്ക് കാർമികത്വം വഹിച്ചു. നീലഗിരി റീജിയണൽ ഡയറക്ടർ ഫാ. വിൻസെന്റ് കളപ്പുര ഉദ്ഘാടനം ചെയ്തു. സി. സിനി മരിയ സി.എം.സി കുട്ടികൾക്കായുള്ള സെമിനാർ നയിച്ചു. മേഖലാ, ശാഖാ ഭാരവാഹികൾ നേതൃത്വം നൽകി. മേഖലാ എക്സിക്യുട്ടീവ് അംഗങ്ങൾ പഴൂർ വൃദ്ധ മന്ദിരം സന്ദർശിക്കുകയും അവരോടൊപ്പം ഒരു ദിവസം ചിലവഴിക്കുകയും അവർക്ക് ഉച്ച ഭക്ഷണം നൽകുകയും ചെയ്തു. അതോടൊപ്പം അവർക്കാവശ്യമായ നിത്യോപയോഗ വസ്തുക്കളും വിതരണം ചെയ്തു. സുകൃത വാരാചരണത്തിൽ മേഖലാ ഭാരവാഹികൾക്കൊപ്പം മേഖലയിലെ എല്ലാ ശാഖകളുടെയും പ്രതിനിധികളും സുകൃതജപം ചൊല്ലുന്ന വീഡിയോ അപ്‌ലോഡ് ചെയ്തു.

**കല്ലോടി**

പുതിയ വർഷത്തെ പ്രാർത്ഥനയോടുകൂടി എതിരേറ്റു. കല്ലോടി മേഖലയിലെ 11 ശാഖകളും കോർത്തിണക്കി തിരുബാല സഖ്യം മത്സരം സംഘടിപ്പിച്ചു. മേഖലാ ബൈബിൾ കലോത്സവം ഓൺലൈൻ ആയിട്ട് നടത്തി. കല്ലോടി കുഞ്ഞോം ശാഖകൾ ഒന്നാം സ്ഥാനം പങ്കിട്ടെടുത്തു. പുതുശ്ശേരി ശാഖ രണ്ടാം സ്ഥാനവും വാളേരി ശാഖ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിവിധ ശാഖകളിൽ നിന്നായി ഇരുന്നൂറോളം പേർ പങ്കെടുത്തു.

**നടവയൽ**

പുതുവർഷത്തിനു ആരംഭംകുറിച്ച് ആശംസകൾ നേർന്നു. ശാഖകകളോട് ചേർന്ന് ബൈബിൾ റാലിയും ബൈബിൾ ദിനാഘോഷവും നടത്തി. കഴിഞ്ഞ ഒരു വർഷക്കാലം നടവയൽ മേഖലയെ നയിച്ച മേഖല ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിൽ അച്ചന് ആശംസകളും യാത്രയപ്പും നൽകി. മേഖലാ ജോ. ഡയറക്ടേഴ്സ് മീറ്റിംഗ് കൂടി. മേഖലാതല കലാമൽസരം നടത്തുകയും, മുന്നൂറ്റമ്പതോളം കുട്ടികൾ പങ്കെടുക്കുകയും ചെയ്തു. കലാ-സാഹിത്യ രചനാമത്സരത്തിൽ നടവയൽ ശാഖാ ഒന്നാം സ്ഥാനവും പനമരം, ചെറുകാട്ടൂർ ശാഖകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടുകയും ചെയ്തു.

ജൂബിലി ചൈതന്യം ഹൃദയത്തിലേറ്റുവാങ്ങി, കർമ്മപഥങ്ങൾ പ്രേഷിത വീര്യത്താൽ നിറച്ച്, വി. യൗസേപ്പ് പിതാവിനെപോലെ അപരന്റെ കാവലാളായ് തീർന്ന് വീണ്ടും ചെമ്മഞ്ഞകൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

**വിശുദ്ധരോടൊപ്പം**

2022 ജനുവരി ഇരുപതാം തീയതി വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ സാഘോഷം ആചരിച്ചു. വിശുദ്ധനെക്കുറിച്ചുള്ള അർത്ഥവത്തായ ഒരു സന്ദേശം ഐറിൻ മേരി സജി Zoom ലൂടെ വിദ്യാർഥികൾക്ക് നൽകി. വിശുദ്ധനെക്കുറിച്ചുള്ള പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കി സാമൂഹ്യ മാധ്യമങ്ങളിൽ വിദ്യാർഥികൾ പ്രചരിപ്പിച്ചു.

**നേതാജി ജയന്തി**

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഒരു പ്രധാന നേതാവായിരുന്ന സുഭാഷ് ചന്ദ്രബോസിന്റെ ജന്മദിനമായ ജനുവരി 23ന് യുവർ നെയ്ബർ അസോസിയേഷന്റെയും ലൈഫ് ട്രെയിനിങ്ങിന്റെയും നേതൃത്വത്തിൽ നേതാജി ജയന്തി ആചരിച്ചു. പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കുകയും നേതാജിയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുവാൻ അവസരമൊരുക്കുകയും ചെയ്തു.

**നാഷണൽ ഗേൾ ചൈൽഡ് ഡേ**

2022 ജനുവരി 24–ാം തീയതി യുവർ നൈബർ അസോസിയേഷന്റെയും ലൈഫ് ട്രെയിനിങ്ങിന്റെയും നേതൃത്വത്തിൽ ദേശീയ ബാലികാദിനം ആചരിച്ചു. അന്നേ ദിനം വിദ്യാർഥികൾക്കായി ഒരു മിനിറ്റ് പ്രസംഗ മത്സരം 'പെൺകുട്ടികളുടെ ശാക്തീകരണം ഒരു നല്ല നാളേക്കായ്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിക്കപ്പെട്ടു. മുപ്പതോളം വിദ്യാർഥികൾ പങ്കെടുത്ത മത്സരത്തിൽ അനിക മരിയ ഷാജി ഒന്നാം സ്ഥാനവും ആൻ മരിയ അജിൻ രണ്ടാം സ്ഥാനവും അനോവ ജേക്കബ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.

അന്നേ ദിനം പെൺകുട്ടികളെ ആദരിക്കുന്നതിനുവേണ്ടി വൈകുന്നേരം 7.30 ന് ഗൂഗിൾ പ്ലാറ്റ്ഫോമിലൂടെ പ്രോഗ്രാം സംഘടിപ്പിച്ചു. യുവർ നെയ്ബർ അസോസിയേഷന്റെ സെക്രട്ടറിയും യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടറുമായ ഫാദർ ലാൽ ജേക്കബ് പൈനുങ്കൽ

അധ്യക്ഷത വഹിച്ച പരിപാടിയിൽ പൂതാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായ ശ്രീമതി മേഴ്സി സാബു ഉദ്ഘാടന കർമ്മം നിർവഹിച്ചു. പെൺകുട്ടികളെയും സ്ത്രീകളെയും ഏറെ ആദരവോടെ കാണേണ്ടതിന്റെ ആവശ്യകതയും പെൺകുട്ടികളുടെ ഉത്തരവാദിത്വങ്ങളും പ്രസിഡന്റ് ഊന്നിപ്പറഞ്ഞു. പിന്നീട് കേരള നോളജ് ഇക്കണോമി മിഷന്റെ കോഴിക്കോട്- വയനാട് ജില്ലകളുടെ പ്രോഗ്രാം മാനേജരായ ശ്രീമതി ഡയനാ തങ്കച്ചൻ വിദ്യാർഥികൾക്കായി ക്ലാസുകൾ നയിച്ചു. മീഡിയ പ്രതിസന്ധികളും, സന്തോഷകരമായ ടീനേജ് കാലഘട്ടവും എങ്ങനെ ആരോഗ്യകരമായി മുന്നോട്ടു കൊണ്ടു പോകാം എന്ന് ക്ലാസ്സിലൂടെ വിദ്യാർഥികൾക്ക് വ്യക്തമായി. ഈ പരിപാടിക്ക് നേതൃത്വം നൽകിയത് ടെസ്വിൻ ജോഷിയും, പ്രാർത്ഥന നയിച്ചത് നിയ മരിയ ഷാജിയും, സ്വാഗതമോതിയത് ലീഡർ മരിയ ടോമും, നന്ദി പറഞ്ഞത് ഹെലേന ജോൺസനും ആയിരുന്നു. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.

### റിപ്പബ്ലിക് ദിനം

2022 ജനുവരി 26ന് യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ റിപ്പബ്ലിക് ദിനാചരണം നടത്തി. അന്നേ ദിനം പോസ്റ്റുകളിലൂടെയും വീഡിയോകളിലൂടെയും ഈ ദിനത്തോടുള്ള ആദരവ് വിദ്യാർത്ഥികൾ പ്രകടമാക്കി. മെഗാ ക്വിസ് മത്സരം രണ്ടു ഘട്ടങ്ങളിലൂടെ നടപ്പിലാക്കി. അറുപതോളം വിദ്യാർത്ഥികൾ പങ്കെടുത്ത റിപ്പബ്ലിക് ദിന ക്വിസിൽ മുഴുവൻ മാർക്കോടെ ഒന്നാം സ്ഥാനത്തെത്തിയത് ആൻ മരിയ അജിൻ, ജുവൽ മരിയ ജോബി എന്നിവരും രണ്ടാം സ്ഥാനത്തിന് അർഹരായവർ അലൻ ജോസഫ് ജോയി, നിയ മരിയ ഷാജി, ജോബിറ്റ് ജോസഫ്, ആഗ്നസ് ഷാജി എന്നിവരാണ്. ക്വിസ് മത്സരങ്ങൾക്ക് നേതൃത്വം നൽകിയത് ലൈഫ് 2019 ബാച്ചിലെ ഹെലേന ജോൺസനും സാന്ദ്ര പ്രകാശുമാണ്. നേതൃത്വം നൽകിയവർക്കും വിജയിച്ചവർക്കും അഭിനന്ദനങ്ങൾ.

### കരുണയ്ക്കായി

കൊറോണ മഹാമാരി ലോകത്തെ മുഴുവൻ ഗ്രസിക്കുമ്പോൾ അതിൽ നിന്നും രക്ഷ ലഭിക്കുന്നതിനായി ലൈഫ് ട്രെയിനിങ് വിദ്യാർഥികളുടെ നേതൃത്വത്തിൽ കരുണയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന നടത്തി. ലൈഫ് 2019 ബാച്ചിലെ സ്പിരിച്ച്വൽ ലീഡറായ നേഹ മരകാവിന്റെ നേതൃത്വത്തിൽ 12 ദിനം നീണ്ടുനിൽക്കുന്ന

ഓൺലൈൻ പ്രാർത്ഥന നടത്തി. 2022 ജനുവരി 20 വ്യാഴാഴ്ച മുതൽ ജനുവരി 31 തിങ്കളാഴ്ച വരെ എല്ലാ ദിനവും മൂന്നുമണിക്ക് ഗൂഗിൾ മീറ്റിലൂടെ നടത്തിയ പ്രാർത്ഥന ലോകം മുഴുവനുവേണ്ടിയും പ്രാർത്ഥിക്കാനുള്ള പ്രചോദനമായിരുന്നു വിദ്യാർത്ഥികൾക്ക് ലഭിച്ചത്. നേതൃത്വം നൽകിയ നേഹക്ക് അഭിനന്ദനങ്ങൾ.

**മൾട്ടിമീഡിയയിൽ ഒന്നാം റാങ്ക്**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ടീം അംഗവും മാനന്തവാടി സി.എം.സി തിരുഹൃദയ പ്രൊവിൻസിലെ അംഗവുമായ സി. ഡെൽഫി മരിയ സി.എം.സി ക്ക് ഉന്നത വിജയം. എം ജി യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ മൾട്ടി മീഡിയയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയാണ് സിസ്റ്റർ ഈ വിജയം സ്വന്തമാക്കിയത്. ഒന്നാം റാങ്ക് ജേതാവായ സിസ്റ്റർ ഡെൽഫിക്ക് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**ESTELLA 2022 പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും**

കെ.സി.വൈ.എം മാനന്തവാടി രൂപത പ്രവർത്തനവർഷ ഉദ്ഘാടനവും  കർമ്മപദ്ധതി പ്രകാശനവും "ESTELLA 2022 ദ്വാരക മേഖലയുടെ ആതിഥേയത്വത്തിൽ തോണിച്ചാൽ യൂണിറ്റിൽ വെച്ച് 2022 ഫെബ്രുവരി 12 ന് സംഘടിപ്പിച്ചു. പതാക ഉയർത്തൽ, വി. കുർബാന, വചനപ്രതിഷ്ഠ എന്നിവയ്ക്ക് ശേഷം, തുടർന്ന് നടത്തിയ സമ്മേളനത്തിൽ മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ടിബിൻ പാറക്കൽ അധ്യക്ഷത വഹിച്ചു. 'ക്രിസ്തുസാക്ഷ്യം - ഉജ്ജ്വലിത യുവത്വത്തിന്റെ അടയാളം' എന്ന ആപ്തവാക്യത്തിലൂന്നി ആരംഭിക്കുന്ന 2022 പ്രവർത്തനവർഷ ഉദ്ഘാടനം മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ നിർവ്വഹിച്ചു. കെ.സി.വൈ.എം മുൻ പ്രവർത്തകനും, എടവക ഗ്രാമപഞ്ചായത്ത് 11-ാം വാർഡ് മെമ്പറുമായ ശ്രീ. ഷിൽസൺ കോക്കണ്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. കർമ്മപദ്ധതിയുടെ ആദ്യപകർപ്പ് രൂപതാ വികാരി ജനറാൾ, രൂപതാ വൈസ് പ്രസിഡന്റ് കുമാരി നയന മുണ്ടയ്ക്കാതടത്തിലിന് നൽകി പ്രകാശനം ചെയ്തു. കെ.സി.വൈ.എം രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ, ദ്വാരക മേഖലാ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ, തോണിച്ചാൽ യൂണിറ്റ് പ്രസിഡന്റ് കുമാരി. ജെസ്ന മണ്ഡപത്തിൽ എന്നിവർ ആശംസകളും അറിയിച്ച് സംസാരിച്ചു. സംസ്ഥാന കലോത്സവത്തിലെ വിജയികൾക്ക് സർട്ടിഫിക്കറ്റുകളും ട്രോഫികളും നല്കി അനുമോദിച്ചു. 2021ലെ രൂപതാ സമിതി അംഗങ്ങളെ മെമന്റോ നല്കി ആദരിച്ചു. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ, ദ്വാരക മേഖല ഭാരവാഹികൾ, തോണിച്ചാൽ യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. 13 മേഖലകളിൽ നിന്നായി അമ്പതിൽപ്പരം യുവജനങ്ങൾ പങ്കെടുത്തു.

**റേഡിയോ ദിനം** - കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയെ ആദ

രിച്ചു. അന്താരാഷ്ട്ര റേഡിയോ ദിനമായ ഫെബ്രുവരി 13-ന് വയനാട് കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയെ ആദരിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ടിബിൻ പാറക്കൽ സ്റ്റേഷൻ ഡയറക്ടർ റവ. ഫാ. ബിജോ കറുകപള്ളിയെ പൊന്നാടയണിയിച്ചു. റേഡിയോ മാറ്റൊലി വയനാടൻ ജനതക്ക് എന്നും ഒരു മുതൽ ക്കൂട്ടാണെന്നും അഭിപ്രായപ്പെട്ടു. രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

**സലാമി 2022 -പുൽവാമ ദിന അനുസ്മരണം**

പുൽവാമയിൽ ജീവൻ വെടിഞ്ഞ സൈനികരെയും, കൂനൂർ ഹെലികോപ്റ്റർ അപകടത്തിൽ വീരമൃത്യു വരിച്ച ജവാന്മാരെയും, ഹിമാലയത്തിലെ ഹിമപാദത്തിലെ വാഹനാപകടത്തിൽ ജീവൻ വെടിഞ്ഞ ജവാൻമാരെയും അനുസ്മരിച്ചുകൊണ്ട് സലാമി 2022 സംഘടിപ്പിച്ചു. കെ.സി.വൈ.എം കൽപ്പറ്റ മേഖലയുടെ ആതിഥേ യത്വത്തിൽ 2022 ഫെബ്രുവരി 14-ന് കാക്കവയൽ ജവാൻ സ്മൃതി മണ്ഡപത്തിൽ വച്ച് നടന്ന അനുസ്മരണ യോഗത്തിൽ രൂപതാ പ്രസി ഡന്റ് ശ്രീ. ടിബിൻ പാറക്കൽ അധ്യക്ഷത വഹിച്ചു. കൽപ്പറ്റ മേഖല രക്ഷാധികാരി റവ. ഫാ. സോമി വടയാപറമ്പിൽ പുഷ്പ്പാർച്ചന നടത്തി, ഉദ്ഘാടനം നിർവ്വഹിച്ചു. കെ.സി.വൈ.എം കൽപ്പറ്റ മേഖല സെക്രട്ടറി അനുഗ്രഹ് അറയ്ക്കൽ, രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കതോട്ടത്തിൽ എന്നിവർ ആശംസകൾ അറി യിച്ച് സംസാരിച്ചു. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗ ങ്ങൾ, തെനേരി യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ലീഡ് റേഡിയോ പദവി നേടി വയനാട് കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി**

ഇന്ത്യയിലെ 337 കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകളിൽ നിന്നും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം കേരളത്തിൽ നിന്നുള്ള വയനാട് റേഡിയോ മാറ്റൊലിയെ ഏക ലീഡ് കമ്മ്യൂണിറ്റി റേഡിയോയായി തിരഞ്ഞെടുത്തിരിക്കുന്നു. വയനാട്ടുകാരുടെ ജീവി തത്തിന്റെ ഭാഗമായി മാറിയ റേഡിയോ മാറ്റൊലിക്ക് കെ.സി.വൈ. എം മാനന്തവാടി രൂപത സമിതിയുടെ അഭിനന്ദനങ്ങൾ.

## RJ HUNT 2K22 - YOUTH ON FIRE

കെ.സി.വൈ.എം മാനന്തവാടി രൂപതയും റേഡിയോ മാറ്റൊ ലിയും സംയുക്തമായി RJ HUNT 2K22: YOUTH ON FIRE സംഘ

ടിപ്പിച്ചു. വയനാട്, നിലഗിരി, നിലമ്പൂർ - മണിമൂളി (മലപ്പുറം), ചുങ്കക്കുന്ന്-കേളകം(കണ്ണൂർ) അതിർത്തിയിലെ ജാതിമത ഭേദമന്യേ എല്ലാ യുവജനങ്ങളിൽ നിന്നുമുള്ള പങ്കാളിത്തം കൊണ്ടും, മത്സരാർത്ഥികളുടെ പ്രകടന മികവുകൊണ്ടും RJ HUNT 2K22 വ്യത്യസ്തമായി തീർന്നു. 25-ൽ പരം യുവജനങ്ങൾ പങ്കെടുത്ത മൽസരാർത്ഥികളിൽ നിന്നും 3 റൗണ്ട് പിന്നിട്ട് ഫൈനൽ റൗണ്ടിൽ എത്തി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കെസിയ ജേക്കബ്, രണ്ടാം സ്ഥാനം നേടിയ അരുൺ രാജ്, മൂന്നാം സ്ഥാനത്തിന് അർഹരായ ബെറ്റി അന്ന ബെന്നി, ആഷ്ലിൻ കെ ബെന്നി എന്നിവർക്കും പങ്കെടുത്ത മൽസരാർത്ഥികൾക്കെല്ലാവർക്കും അഭിനന്ദനങ്ങൾ. റേഡിയോ മാറ്റൊലി ടീം അംഗങ്ങളെയും സ്റ്റേഷൻ ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി, റവ. ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട്, റവ. ഫാ. ബിവാൾഡിൻ തേവർകുന്നേൽ എന്നിവർക്ക് രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**വിശുദ്ധ കൂദാശയെ അവഹേളിക്കുന്ന പരസ്യചിത്രത്തിനെതിരെ പ്രതിഷേധിച്ചു.**

മലങ്കര മാർത്തോമ്മ സഭയിലെ വൈദീകൻ കാത്തോലിക്ക സഭയുടെ കുമ്പസാരം എന്ന വിശുദ്ധ കൂദാശയെ അവഹേളിക്കുന്ന തരത്തിൽ 'പൊട്ടാഫോ' എന്ന ഓൺലൈൻ കമ്പനിയുടെ പരസ്യചിത്രത്തിൽ, മലങ്കര മാർത്തോമ്മ സഭയുടെ അനുമതിയില്ലാതെ അഭിനയിച്ചിരുന്നു. ക്രൈസ്തവ സമൂഹത്തിന്റെ ആരാധനാരീതികളും, ആചാരാനുഷ്ഠാനങ്ങളും താറടിച്ചുകാണിക്കാനും അവഹേളിക്കാനും ശ്രമിക്കരുതെന്ന് അറിയിക്കുകയും ഈ പരസ്യചിത്രം പിൻവലിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് വളരെ ശക്തമായ നടപടികളും, ഇടപെടലുകളും നടത്തുകയും ചെയ്തതിന്റെ ഫലമായി 48 മണിക്കൂറിനുള്ളിൽ പ്രസ്തുത പരസ്യം സാമൂഹ്യ മാധ്യമങ്ങളിൽ നിന്ന് പിൻവലിപ്പിക്കുകയും ചെയ്തു. തക്കസമയത്ത് ഉചിതമായി പ്രവർത്തിച്ച മേഖലകൾക്കും, ശക്തമായ നിലപാടുകളിൽ ഉറച്ച പിന്തുണയുമായി കൂടെ നിന്ന കെ.സി.വൈ.എം സംസ്ഥാന നേതൃത്വത്തിനും നന്ദിയറിക്കുന്നു.

**ഇന്ത്യൻ ആർമിക്ക് ബിഗ് സല്യൂട്ട്**

പാലക്കാട് മലമ്പുഴ ചെറാട് മലയിടുക്കിൽ കുടുങ്ങിയ ബാബു എന്ന യുവാവിനെ 20 മണിക്കൂർ നീണ്ട രക്ഷാപ്രവർത്തനത്തിനൊടുവിൽ ഇന്ത്യൻസൈന്യം ജീവിതത്തിലേക്ക് കൈ പിടിച്ചു കയറ്റിയത് കേരളം സമീപകാലത്ത് ഏറ്റവും വലിയ രക്ഷാദൗത്യമായി

രുന്നു. ഈ ഉദ്യമത്തിൽ പങ്കാളികളായ വിവിധ സുരക്ഷാ ഉദ്യോഗസ്ഥർ, സർക്കാർ സംവിധാനങ്ങൾ, മാധ്യമ പ്രവർത്തകർ എന്നിവർക്ക് രൂപതാ സമിതി അഭിവാദ്യങ്ങൾ അർപ്പിച്ചു.

**പൊതുവിദ്യാഭ്യാസ മന്ത്രിക്ക് നിവേദനം നൽകി**

എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾ നടക്കുവാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ ഫോക്കസ് ഏരിയ, നോൺ ഫോക്കസ് ഏരിയ തുടങ്ങിയ വിഷയവുമായി ബന്ധപ്പെട്ട വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ മന്ത്രിക്ക് ഇ - മെയിൽ വഴി മാനന്തവാടി രൂപതാ സമിതി നിവേദനം സമർപ്പിച്ചു.

**സന്യാസ ജീവിതത്തെ അവഹേളിക്കുന്ന ഫോട്ടോഷൂട്ടിനെതിരെ പ്രതികരിച്ചു.**

ക്രൈസ്തവ ജീവിതത്തിലെ പവിത്രമായ സന്യാസത്തെ അവഹേളിക്കുന്ന തരത്തിൽ ഫോട്ടോഷൂട്ട് നടത്തി മാധ്യമങ്ങളിൽ പങ്കുവെച്ചതിനെതിരെ മാനന്തവാടി രൂപതാ യുവജനപ്രസ്ഥാനം പ്രതികരിക്കുകയും, പ്രസ്തുത വിഷയത്തിൽ സംസ്ഥാന സമിതിയുടെ ഇടപെടലിനായി ആവശ്യപ്പെടുകയും ചെയ്തു.

**വയനാട് കളക്ടർക്ക് നിവേദനങ്ങൾ സമർപ്പിച്ചു.**

1. ക്രൈസ്തവരുടെ വിശുദ്ധദിനമായ ഞായറാഴ്ചകളിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് മതപരമായ ചടങ്ങുകൾ നടത്താൻ അനുവദിക്കാത്ത വിധമുള്ള അശാസ്ത്രീയമായ ലോക്ഡൗൺ പിൻവലിക്കാൻ ആവശ്യപ്പെട്ട് നിവേദനം നല്കി.

2. വയനാട് ജില്ലയിൽ അരിവാൾ രോഗം മൂലം പ്രതിസന്ധിയിലായവർക്ക് വഴിമുട്ടിയ ജീവിതം മുൻപോട്ടു കൊണ്ടുപോകുന്നതിനായി എത്രയും പെട്ടെന്ന് വിവേചനം അവസാനിപ്പിച്ച് എപിഎൽ, ബിപിഎൽ എന്നിങ്ങനെ തരം തിരിക്കാതെ പെൻഷനും ആനുകൂല്യങ്ങളും സർക്കാർ ധനസഹായവും മുൻകാലപ്രാബല്യത്തോടെ നൽകണമെന്നും, തവിഞ്ഞാൽ പഞ്ചായത്തിൽ ബോയ്സ് ടൗൺ ഏരിയയിൽ പണിതുകൊണ്ടിരുന്ന ചികിത്സ ഗവേഷണ കേന്ദ്രം എത്രയും വേഗത്തിൽ നിർമ്മാണം പൂർത്തികരിച്ച്, അരിവാൾ രോഗികളുടെ കാര്യത്തിൽ വേണ്ട സത്വര നടപടികൾ കാലതാമസമില്ലാതെ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടും വയനാട് കളക്ടർക്ക് നിവേദനം നല്കി.

**സ്വാഗതം**

കെ.സി.വൈ.എം മാനന്തവാടി രൂപത കുടുംബത്തിലേക്ക്

കടന്നുവന്നിരിക്കുന്ന ചുങ്കക്കുന്ന് മേഖല ഡയറക്ടർ റവ. ഫാ. കുര്യൻ വാഴയിൽ, അസ്സി. ഡയറക്ടർ റവ. ഫാ. ജിതിൻ ഇടച്ചിലാത്ത്, നടവയൽ മേഖല ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ, മണിമൂളി മേഖല ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ എന്നിവർക്ക് യുവജന കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**നന്ദിയോടെ**

യുവജനങ്ങൾക്ക് സാന്നിധ്യംകൊണ്ട് കരുത്തായിരുന്ന് ആദ്ധ്യാത്മിക വളർച്ചയിൽ കൂട്ടായിരുന്ന് സ്ഥലം മാറി പോകുന്ന മണിമൂളി മേഖലാ ഡയറക്ടർ റവ. ഫാ. മനോജ് കറുത്തേടത്ത്, നടവയൽ മേഖലാ ഡയറക്ടർ റവ. ഫാ. സന്തോഷ് ഒറവാറന്തറ, ചുങ്കക്കുന്ന് മേഖലാ ഡയറക്ടർ ഫാ. ജിഫിൻ മുട്ടപ്പള്ളിൽ എന്നിവർക്ക് രൂപത കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ പ്രവർത്തന മേഖലയിലേക്ക് പ്രാർത്ഥനാശംസകൾ.

**ആദരാഞ്ജലികൾ**

വിയറ്റ്നാമിൽ കുമ്പസാരക്കൂട്ടിൽ അതിദാരുണമായി കൊല ചെയ്യപ്പെട്ട Fr. Joseph Tran Ngoc Thanh എന്ന ഡൊമിനിക്കൻ വൈദീകനും, സംഗീത ലോകത്തോട് വിടപറഞ്ഞ ഇന്ത്യയുടെ വാനമ്പാടി ശ്രീമതി. ലതാ മങ്കേഷ്കറിനും ആദരാഞ്ജലികൾ അർപ്പിച്ചു.

**മേഖലാവാർത്തകൾ**

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയിൽ നിന്ന് സംസ്ഥാനതല കലാ മത്സരങ്ങളിൽ വിജയിച്ച മത്സരാർഥികൾക്ക് ആശംസകൾ അറിയിച്ചു. മാനന്തവാടി മേഖലയുടെ 'SPARK 2k22' പ്രവർത്തനവർഷ ഉദ്ഘാടനവും, കർമ്മപദ്ധതി 'കാവൽ 2k22' പ്രകാശനവും നടത്തി. ഡയറക്ടേഴ്സും ആനിമേറ്റേഴ്സും യുവജനങ്ങളും ഉൾപ്പെടെ 84 പേർ പങ്കെടുത്തു. സമൂഹമാധ്യമങ്ങളിൽ ക്രൈസ്തവ അവഹേളനത്തിനെതിരെ പ്രതിഷേധം രേഖപ്പെടുത്തി. ക്രൈസ്തവ ദേവാലയങ്ങളിൽ ആരാധനകൾ നടത്തുവാൻ അനുവാദം നൽകാത്തതിനെതിരെ മാനന്തവാടി സബ് കളക്ടർക്ക് നിവേദനം നൽകി.

**നടവയൽ മേഖല**

നടവയൽ മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനം 'വീഥി 2022' ചുണ്ടക്കര യൂണിറ്റിൽ വച്ച് നടത്തി. യൂണിറ്റ് ശാക്തികരണത്തിന്റെ ഭാഗമായി "Together-2022" യൂണിറ്റ് വിസിറ്റ് ചെറുകാട്ടൂർ യൂണിറ്റിൽ നിന്നും തുടക്കം കുറിച്ചു. കൃത്യതയാർന്ന

ഉത്തേജനം യുവത്വത്തിന് ആവശ്യമാണെന്നതിനാൽ Youth Talk സംഘടിപ്പിച്ചു. 'ഗേൾസ് ചൈൽഡ്ഡേ' ആഘോഷങ്ങളുടെ ഭാഗമായി Online സെമിനാർ യുണിറ്റ് സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി സംഘടിപ്പിച്ചു. ദൈവാലയങ്ങൾ മാത്രം കോവിഡ് നിയന്ത്രണങ്ങളുടെഭാഗമായിഅടച്ചിടുന്നതിൽപ്രതിഷേധിച്ച് ആയിരത്തിലേറെ വിശ്വാസികളുടെ ഒപ്പ് ശേഖരിച്ച് ജില്ലാകലക്ടർക്കും ADM നും നിവേദനം സമർപ്പിച്ചു.

**നീലഗിരി മേഖല**

പാരമ്പര്യത്തെയും പൈതൃകത്തെയും വിളിച്ചോതുന്ന പിണ്ടികുത്തി തിരുനാൾ നീലഗിരി മേഖലയുടെ നേതൃത്വത്തിൽ കൽപ്ര യൂണിറ്റിൽ വെച്ച് നടത്തി. കേരള ജനതയെ നടുക്കിയ അക്രമ രാഷ്ട്രീയ കൊലപാതക പരമ്പരകൾക്കെതിരെ നീലഗിരി മേഖലയുടെ ശക്തമായ പ്രതിഷേധം സമൂഹ്യ മാധ്യമങ്ങൾ വഴി അറിയിച്ചു. 'AURORA 2022' നീലഗിരി മേഖലയുടെ പ്രവർത്തന വർഷം ഉദ്ഘാടനം രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ നിർവഹിച്ചു. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് മേഖലയിലെ കുരുന്നുകൾക്കായി പ്രച്ഛന്നവേഷ മത്സരം നടത്തുകയും, ധർമ്മഗിരി യൂണിറ്റിനോട് ചേർന്ന് 'ജീവൻ രക്ഷാഭവൻ' സന്ദർശിക്കുകയും അവശ്യവസ്തുക്കൾ എത്തിച്ചു നൽകുകയും ചെയ്തു.

**ചുങ്കക്കുന്ന് മേഖല**

ചുങ്കക്കുന്ന് മേഖലയിലെ യുവജനങ്ങൾക്ക് മാർഗദീപമായി കൂടെ നിന്ന ഡയറക്ടർ റവ. ഫാ. ജിഫിൻ മുട്ടപ്പള്ളിക്ക് പുതിയ പ്രവർത്തന മേഖലകളിൽ എല്ലാ വിജയങ്ങളും ആശംസിച്ചു. റിപ്പബ്ലിക് ദിനത്തോട് അനുബന്ധിച്ച് അമ്പായത്തോട് ധീരജവാൻ മുണ്ടുചിറക്കൽ അജേഷ് സ്മൃതി മണ്ഡപത്തിൽ അമ്പായത്തോട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ പുഷ്പാർച്ചനയും, ദീപശിഖാ പ്രയാണവും സംഘടിപ്പിച്ചു. ജലസംരക്ഷണത്തിനായി അമ്പായത്തോട് ബാവലി പുഴയിൽ ജനകീയ തടയണ നിർമാണം നടത്തി. കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. റോയി നമ്പുടാകം ഉദ്ഘാടനം ചെയ്തു. മേഖലാ ഭാരവാഹികളും വിവിധ യൂണിറ്റുകളിൽ നിന്നും യുവജനങ്ങളും നേതൃത്വം നല്കി.

**കല്പറ്റ മേഖല**

കെ.സി.വൈ.എം കല്പറ്റ മേഖലയുടെ പ്രവർത്തന വർഷം Zeal 2k22 മേഖലാ രക്ഷാധികാരി റവ. ഫാ. സോമി വടയാപറമ്പിൽ

ഉദ്ഘാടനം ചെയ്തു. കർമ്മപദ്ധതി 'ആഗ്നേയം 2022' മാനന്തവാടി രൂപതാ പ്രസിഡൻറ് ശ്രീ. ടിബിൻ പാറക്കൽ പ്രകാശനം ചെയ്തു. കല്പറ്റ മേഖലാ ഭാരവാഹികളും കല്പറ്റ യൂണിറ്റ് ഭാരവാഹികളും നേതൃത്വം നല്കി.

**കല്ലോടി മേഖല**

രൂപതാ വാർഷിക സെനറ്റിൽ കല്ലോടി മേഖലാ ഭാരവാഹികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മാനന്ത വാടി രൂപതയുടെ 2021 പ്രവർത്തന വർഷത്തെ മികച്ച മേഖലാ പ്രവർ ത്തകനായി തിരഞ്ഞെടുക്കപ്പെട്ട മുൻ മേഖലാ പ്രസിഡന്റ് ലിബിൻ മേപ്പുറത്തിന് അഭിനന്ദനങ്ങൾ അറിയിച്ചു. തലശ്ശേരി അതിരൂപ തയുടെ നിയുക്ത ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി പിതാ വിന് പ്രാർത്ഥനാമംഗളങ്ങൾ ആശംസിച്ചു.

**ജിയോ ജെയിംസ് മച്ചുക്കുഴിയിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ഫെബ്രുവരി 11,12,13 തിയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 83 പേർ പങ്കെടുത്തു. അടുത്ത കോഴ്സ് മാർച്ച് 4,5,6,/ 25, 26, 27 ഏപ്രിൽ 8, 9, 10 തിയതികളിൽ.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 12 അംഗങ്ങൾ പങ്കെടുത്തു. ക്രിസ്തുമസ് ഫ്രണ്ടിന് സമ്മാനങ്ങൾ കൈമാറി.

**മാതൃവേദി**

ഓൺ ലൈൻ രൂപതാ എക്സിക്യൂട്ടീവ് കൂടി. നിലവിലെ കോവിഡ് സാഹചര്യമനുസരിച്ച് സാധ്യമാകുന്ന ഏറ്റവും അടുത്ത ദിവസം രൂപതാ വാഷികവും തെരഞ്ഞെടുപ്പും ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നതാണ്. അന്നേ ദിവസം ശാഖ- മേഖലാ ആനിമേറ്റേഴ്സ് സംഗമവും ഉണ്ടായിരിക്കുന്നതാണ്.

**മുള്ളൻകൊല്ലി മേഖല -**

വി. ചാവറയച്ചന്റെ തിരുന്നാൾ ശാഖകളിൽ സമുചിതമായി ആഘോഷിച്ചു. മേഖലാ ടീം, ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഡെലോണി ടീച്ചറുടെ കുടുംബം സന്ദർശിച്ചു. ജീവന്റെ മൂല്യത്തിന് സ്വജീവിതത്തിലും കുടുംബത്തിലും സാക്ഷ്യം നൽകി, 6-ാമത്തെ കുഞ്ഞിന് ജന്മം കൊടുത്ത ആ നന്മ നിറഞ്ഞ ഭവനത്തിലെത്തി അഭിനന്ദനങ്ങളറിയിച്ച് മധുര പലഹാരങ്ങൾ നൽകി. പട്ടാണിക്കൂപ്പ് ശാഖയിൽ വച്ച് മുള്ളൻ കൊല്ലി മേഖലാ വാർഷികം വിപുലമായ പരിപാടികളോടെ നടന്നു. രൂപതാ ടീമിന്റെ സാന്നിധ്യം മേഖലയ്ക്ക് പ്രോത്സാഹനമായി. മേഖലാ വാർഷികത്തോടനുബന്ധിച്ച്, മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. മേഖലാ എക്സിക്യൂട്ടീവിൽ പുതിയ ഭാരവാഹികൾ സ്ഥാനമേൽക്കുകയും സ്ഥാനമൊഴിഞ്ഞ വരെ മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു. പുതുവർഷ വിചിന്തനത്തിനായി ഫ്രാൻസിസ് പാപ്പാനൽകിയ 10 നല്ല ചിന്തകൾ, മുഴുവൻ അമ്മമാർക്കും ഒരു പരിശീലനപരിപാടിയായി ക്രമീകരിച്ചു നൽകി.

**പയ്യമ്പള്ളി മേഖല -** മേഖലാ തലത്തിൽ പ്രസംഗ മത്സരം നടത്തി. മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി ക്വിസ് മത്സരം നടത്തി. മേഖലാ തലത്തിൽ അതാത് ദിവസം വായിക്കേണ്ട ബൈബിൾഭാഗം വാട്സ്ആപ്പ് ഗ്രൂപ്പ് വഴി എല്ലാ ഇടവകകളിലേക്കും അയക്കുന്നു.

**ചുങ്കക്കുന്ന്** - പുതിയ ഭരവാഹികളെ തെരഞ്ഞെടുത്തു.

**കയ്യൂന്നി-** വി. ചാവറയച്ചന്റെ തിരുനാൾ ദിനത്തിൽ ഒരു മണിക്കൂർ ആരാധന നടത്തി. നിർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂളിനും മേഴ്സി ഹോമിനും ലഭിച്ച സംസ്ഥാന അവാർഡിനെ അഭിനന്ദിച്ചുകൊണ്ട് സ്കൂൾ അധികാരികളെ ആദരിച്ചു. കിടപ്പുരോഗികളെ സന്ദർശിച്ചു. കോവിഡ് രോഗികൾക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. റിപ്പബ്ലിക് ദിനത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തി.

**അപ്പപ്പാറ ശാഖ-** രോഗിയായ ഒരാൾക്ക് വോക്കിംഗ് സ്റ്റിക്ക് നൽകി സഹായിച്ചു. മാതൃവേദി അംഗങ്ങളുടെ വീടുകളിൽ പോയി എല്ലാവരും ചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കൽപ്ര -** കോവിഡ് മഹാമാരിക്കെതിരെ ചെയിൻ റോസറി നടത്തി. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. വീട്ടാവശ്യങ്ങൾക്കായി പച്ചക്കറി കൃഷി നടത്തി.

**വാളേരി -** ഇടവക തിരുന്നാളിൽ എല്ലാ ദിവസവും വിശുദ്ധ കുർബാനയിലും നൊവേനയിലും പങ്കുകൊണ്ടു. തിരുസ്വരൂപങ്ങൾ അലങ്കരിച്ചു. നേർച്ചഭക്ഷണം പാകം ചെയ്യുന്നതിന് സഹായിച്ചു. ചിട്ടി നറുക്കെടുപ്പ് നടത്തി. രോഗി സന്ദർശനം നടത്തി. പള്ളിമുറ്റത്ത് പൂന്തോട്ടം നിർമ്മിക്കുന്നതിനായി നിലമൊരുക്കി. ഇഞ്ചികൃഷിക്കായി നിലമൊരുക്കുകയും ഇഞ്ചി വിത്ത് മരുന്ന് മുക്കി വയ്ക്കുകയും ചെയ്തു.

**അടക്കാത്തോട് -** തിരുനാളിനും പ്രാർത്ഥന കൂട്ടായ്മയ്ക്കും നേതൃത്വം നൽകി. ഡയാലിസിസ് രോഗിയെ സഹായിച്ചു. രോഗീസന്ദർശനം നടത്തി.

**തലഞ്ഞി -** ഇടവകയിലെ ഒരു നിർധന കുടുംബത്തിന് ചികിത്സാ സഹായമായി 4000 രൂപ നൽകി. നവോമി, ഏലീശ്വ സന്ദർശനം നടത്തി, മധുര പലഹാരം നൽകി. ചോക്കാട് അഗതി മന്ദിരം സന്ദർശിച്ചു. ജപമാല സൈന്യം എന്ന പ്രാർത്ഥന ഗ്രൂപ്പിലൂടെ പ്രത്യേക നിയോഗങ്ങളായ സീറോ മലബാർ സിനഡിന്റെ വിജയത്തിനു വേണ്ടിയും, കോവിഡ് രോഗികൾ, വിദ്യാർത്ഥികൾ

എന്നിവർക്കു വേണ്ടിയും എല്ലാ വെള്ളിയാഴ്ച്ചകളിലും ഉപവാസ മെടുത്ത് അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മാനസീക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, രോഗികൾ, വൃദ്ധമാതാപി താക്കൾ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ഒറ്റപ്ലാവ്–** പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**കരിമാനി –** ഇടവക തിരുനാളിനോടനുബന്ധിച്ച് നേർച്ച ഭക്ഷണം തയ്യാറാക്കാൻ സഹായിച്ചു. കരോൾഗാനം പാടി. ജീവകാരുണ്യ പ്രവർത്തനത്തോടനുബന്ധിച്ച് അമ്മമാരിൽ നിന്നും അമ്പ തോളം സാരികൾ ശേഖരിച്ച് ഗവൺമെന്റ് ഹോസ്പിറ്റലിലെ അശര ണരായ രോഗികൾക്കു നൽകി.

**മണിമൂളി –** ലോഗോസ് ക്വിസ്സിൽ പങ്കെടുത്ത അമ്മമാർ നല്ല വിജയം കരസ്ഥമാക്കി. ശാഖയിൽ അഖണ്ഡ ജപമാല നടത്തി. രോഗീ സന്ദർശനം നടത്തി. ജനുവരി 30 മുതൽ ഫെബ്രുവരി ഏഴ് വരെ ഒരമ്മ ഒരു കരുണക്കൊന്ത ചൊല്ലുന്നതിനു തുടക്കം കുറിച്ചു. പുതു വർഷത്തോടനുബന്ധിച്ച് അമ്മമാർ ഭവനങ്ങളിൽ ഇരുന്ന് പഴയനിയമ വായനയും ആരംഭിച്ചു.

**നരിവാലമുണ്ട** - ഒരു നിർദ്ധന കുടുംബത്തിന് വിവാഹ സഹാ യമായി സ്വർണ്ണ കമ്മലും വിവാഹ സാരിയും നൽകി. കല്യാ ണത്തിന് ഭക്ഷണം വിളമ്പാനും ക്ലീനിങ്ങിനും പോയി സഹായിച്ചു. രോഗീസന്ദർശനം നടത്തി. പുതിയ പ്രവർത്തന വർഷത്തെ മാർഗ്ഗരേഖ 'എൽപിതാ –2022' (പ്രതീക്ഷ) ഡയറക്ടർ റവ. ഫാ. ബിജു ഉറുമ്പിൽ പ്രസിഡന്റിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

**പോരൂർ** - ബഫർ സോണുമായി ബന്ധപ്പെട്ട കാര്യങ്ങളും, മൊബൈൽ ഫോണിന്റെ ദുരുപയോഗങ്ങളെക്കുറിച്ചും ബഹു. അഡ്വ. ജിജിൻ സാർ ക്ലാസ്സ് എടുത്തു. 125 അമ്മമാർ പങ്കെടുത്തു.

**പുതിയിടം –** ജനുവരി 26 റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഇടവകയിലെ കുട്ടികൾക്കായി വിവിധ മത്സരങ്ങൾ നടത്തി. സമ്മാനം വിതരണം ചെയ്തു. മൂന്ന് മണിക്കുള്ള കരുണക്കൊന്ത യിൽ അമ്മമാർ പങ്കെടുക്കുന്നു.

**മഞ്ഞൂറ –** ഷിന്റോ കാരക്കിൽ ഒരു നിർദ്ദന കുടുംബത്തിന് 5000 രൂപ സംഭാവന നൽകി. വിവിധ നിയോഗങ്ങൾക്കായി കരുണ കൊന്ത, ജപമാല എന്നീ പ്രാർത്ഥനകൾ ചൊല്ലി. വി. ചാവറ പിതാ വിന്റെ തിരുനാൾ ആചരിച്ചു.

**കുറുമണി –** സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒരു നിർദ്ധന കുടും ബത്തിന് 500 രൂപ നൽകി. ആദ്യ കുർബാന സ്വീകരിക്കുന്ന ഒരു

കുട്ടിക്ക് 1500 രൂപ സഹായം നൽകി. വി. ചാവറ പിതാവിന്റെ തിരുനാൾ ആഘോഷിച്ചു.

**നടവയൽ –** വിവിധ നിയോഗങ്ങൾക്കായി കരുണ കൊന്ത ചൊല്ലി. പള്ളി ക്ലീനിങ് ചെയ്തു. രോഗീസഹായം നൽകി.

**മരകാവ് –** വർഷാരംഭ പ്രാർത്ഥനയിലും ദിവ്യബലിയിലും പങ്കെടുത്തു. വി. ചാവറ പിതാവിന്റെ ഓർമ്മ ദിനം ആചരിച്ചു. ഇടവക തിരുനാൾ വാർഡ് അടിസ്ഥാനത്തിൽ പങ്കെടുത്തു. ഇടവകയിൽ നിന്നും മരണം മൂലം വേർപെട്ടു പോയവരുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വി. മത്തായിയുടെ സുവിശേഷത്തിൽ നിന്നും തിരഞ്ഞെടുത്ത വചന ഭാഗങ്ങൾ അമ്മമാർക്ക് പഠിക്കാനായി നൽകി.രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

**കുറുംമ്പാല –** വി. ചാവറ പിതാവിന്റെ തിരുനാൾ ദിനത്തിൽ പ്രസംഗ മത്സരം നടത്തി. കുടുംബ സഹായ നിധിയിലേക്ക് 1000 രൂപ നൽകി. അംഗത്വ ലിസ്റ്റ് രൂപതയ്ക്ക് നൽകി.

**താളിപ്പാടം–** പുതുവർഷ ആരാധന നടത്തി. ഇടവകയിലെ മുഴുവൻ ആളുകളും സമ്പൂർണ്ണ ബൈബിൾ പാരായണം ആരംഭിച്ചു. രോഗീസന്ദർശനം നടത്തി. ദേവാലയ നിർമ്മാണ വിജയത്തിനായി കരുണകൊന്ത ചൊല്ലി.

**കബനിഗിരി –** കോവിഡ് വ്യാപനത്തിനെതിരെ പരി. അമ്മയുടെ സംരക്ഷണം തേടി ജപമാല യജ്ഞം നടത്തി. നിർധന യുവതിക്ക് വിവാഹ ധനസഹായമായി 5000 രൂപ നൽകി. പുതുവത്സര സമ്മാനമായി 11 അമ്മമാർക്ക് മാതാവിന്റെ നേർച്ച സാരി നൽകി.

**മണിമൂളി –** തിരുന്നാളിന്റെ ഭാഗമായി പള്ളി അലങ്കരിക്കുവാൻ അമ്മമാർക്ക് പൂക്കൾ നിർമ്മാണ പരിശീലനം നൽകി. തിരുനാളിനോടനുബന്ധിച്ച് സെമിത്തേരി സന്ദർശന ദിവസം സെമിത്തേരിയുടെ ചുറ്റുമതിൽ നിറയെ തിരികൾ കത്തിച്ച് വയ്ക്കുവാൻ അമ്മമാർ നേതൃത്വം നൽകി.

**പുതിയിടംകുന്ന് –** ജനുവരി 3 ചാവറ അനുസ്മരണം നടത്തി വചനകവചം 18,580 പ്രാവശ്യം വചനം ചൊല്ലി പ്രാർത്ഥിച്ചു. അംഗങ്ങൾ ക്രിസ്തുമസ് ഫ്രണ്ട് കൈമാറി. ഇടവകതിരുനാളിന് അമ്മമാർ ദേവാലയ ശുദ്ധീകരണം, അലങ്കാരം, നേർച്ച ഭക്ഷണം ഉണ്ടാക്കൽ മുതലായവയിൽ സജീവമായി പങ്കെടുത്തു. രോഗീസന്ദർശനം നടത്തി. ദനഹാ തിരുനാളിനോടനുബന്ധിച്ച് എല്ലാ അമ്മമാരും ബലിയർപ്പണത്തിൽ പങ്കുചേർന്നു.

**കുഞ്ഞോം –** വാർഡുകളിൽ നടത്തിയ കരോൾഗാന മത്സരത്തിൽ ഫസ്റ്റ്, സെക്കൻഡ് സ്ഥാനങ്ങൾ കിട്ടിയവർക്ക് സമ്മാനവും മത്സരിച്ച എല്ലാ ഗ്രൂപ്പുകൾക്കും പ്രോത്സാഹന സമ്മാനവും നൽകി. തിരുവചന പാഥേയം ഓരോ വചനം ദിവസവും അയച്ചു കൊടുത്തു. ചാവറ അച്ചന്റെ 150 –ാം ശതാബ്ദിയോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിൽ അമ്മമാർ പങ്കെടുത്തു. സാന്താ മോനിക്ക മധ്യസ്ഥപ്രാർഥന ദിവസവും അമ്മമാർക്ക് അയച്ചുകൊടുത്തു. അടുക്കളത്തോട്ട മത്സരത്തിനായി അമ്മമാർ പച്ചക്കറി തൈകൾ നട്ട് ഒരുക്കങ്ങൾ തുടങ്ങി. യൗസേപ്പിതാവിന്റെ ജീവിത വിശുദ്ധി എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കഥ, കവിത, ഉപ ന്യാസം മത്സരങ്ങളിൽ അമ്മമാർ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

**പുൽപള്ളി ശാഖ–** മാതൃവേദിയുടെ പൊതുനിയോഗാർത്ഥമുള്ള പ്രാർത്ഥനകൾ ചൊല്ലി. (കരുണകൊന്ത, തിരുഹൃദയ കൊന്ത, മൂന്നുമണി സമയത്തു ചൊല്ലുന്ന നന്മനിറഞ്ഞ മറിയം) ലോക് ഡൗൺ ആരംഭിക്കും മുൻമ്പു വരെ വിശുദ്ധ ബലിയിൽ പങ്കെ ടുത്തു. മാതൃവേദി അംഗത്തിന്റെ ജീവിത പങ്കാളിയുടെ നിര്യാ ണത്തിൽ അനുശോചിക്കുകയും ഭവനത്തിൽ പോയി കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു. രോഗീസന്ദർശനം നടത്തി. പാലിയേ റ്റീവിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

**പാൽചുരം–** ഇടവക തിരുനാളിനോടാനുബന്ധിച്ചുള്ള നൊവേന യിൽ പങ്കെടുത്തു. പള്ളിപരിസരം വൃത്തിയാക്കുന്നതിനും, പരിസരം അലങ്കരിക്കുന്നതിനും അംഗങ്ങൾ സഹകരിച്ചു. കലാസന്ധ്യക്കു നേതൃത്വം നൽകുകയും ചാവരുൾ ദൃശ്യാവിഷ്കാരം അവതരിപ്പി ക്കുകയും ചെയ്തു. വാർഡ് തലത്തിൽ നടത്തിയ പ്രദക്ഷി ണത്തിനും ഉചിതമായ ഒരുക്കങ്ങൾ നടത്തി.

**ഇരുളം –** പട്ടാണിക്കൂപ്പിൽ വച്ചു നടന്ന മേഖലാ വാർഷികത്തിൽ 8 പേർ പങ്കെടുത്തു. ഈ കോവിഡ് പശ്ചാത്തലത്തിൽ കഴിയു ന്നത്ര കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**പട്ടാണികൂപ്പ് –** ജനുവരി 6–ന് ദെനഹതിരുന്നാൾ ദിനത്തിൽ നട ത്തിയ ഇടവകതിരുനാളിന് നേർച്ചഭക്ഷണമുണ്ടാക്കുവാൻ സഹാ യിച്ചു.

**കൽപറ്റ –** പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ക്രൈസ്തവ വിശ്വാസത്തിന്റെ പ്രേഷിത മുഖമായ സന്യാസിനിമാരെ നവമാധ്യമ ങ്ങളിലൂടെ അപമാനിച്ചതിന് പ്രതിഷേധിച്ചുകൊണ്ടും വിയറ്റ്നാ

മിൽ കുമ്പസാരക്കൂട്ടിൽ വധിക്കപ്പെട്ട വൈദികന് ആദരാഞ്ജലി കൾ അർപ്പിച്ചുകൊണ്ടും പോസ്റ്റിട്ടു. ജ്യോതിനിവാസ് സന്ദർശിച്ച് അവർക്ക് ടോയ്‌ലെറ്റ് സാധനങ്ങൾ  വാങ്ങി കൊടുത്തു.

**വഞ്ഞോട് –** വി. അൽഫോൻസാമ്മയുടെ നെവേനയിലും കുർബ്ബാനയിലും പങ്കെടുത്തു.  മരണമടഞ്ഞവരുടെ ഭവനങ്ങൾ സന്ദർശിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പറളിക്കുന്ന് –** വികാരി ജോർജ്  അച്ചന്റെ  പൗരോഹിത്യ ദിനം അമ്മമാർ ഒത്ത് ചേർന്ന് കേക്ക് മുറിച്ച് ആഘോഷിച്ചു. വി. ചാവറ കുര്യാക്കോസിന്റെ തിരുനാൾ ആഘോഷിച്ചു. ഇടവകയിൽ പ്രായമായി കിടക്കുന്ന അമ്മച്ചിയെ സന്ദർശിക്കുകയും സ്നേഹോപഹാരം കൈമാറുകയും ചെയ്തു.  ഇടവക തിരുനാളിന് മുന്നോടിയായി സെമിത്തേരി വൃത്തിയാക്കി. പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന  ജോസ് കപ്യാരുമലയിൽ  അച്ചനെ ഇടവക തിരുനാളിന്റെ അന്ന് പൊതുസമ്മേളനം വച്ച് ആദരിക്കുകയും സമ്മാനം നൽകുകയും ചെയ്തു. ഇടവകയിലെ അമ്മമാരെയും കൊണ്ട് കുറുവദ്വീപ്, തിരുനെല്ലി എന്നിവിടങ്ങളിൽ ടൂർ പോയി. 100 ദിന ബൈബിൾ പാരായണത്തിൽ അമ്മമാർ പങ്കെടുക്കുന്നു.

**മരക്കടവ് –** ഇടവക അതിർത്തിയിലുള്ള വിധവക്ക് ചികിത്സാ സഹായമായി ആയിരം രൂപയും പുതുവസ്ത്രങ്ങളും നൽകി. ഫണ്ട് ശേഖരണാർത്ഥം പെരുന്നാളിന് വീടുകളിൽ പലഹാരങ്ങൾ നിർമ്മിച്ച് വിപണനം നടത്തി. പട്ടാണികൂപ്പ് ഇടവകയിൽ വച്ച് നടത്തിയ മേഖല വാർഷികത്തിൽ 10 അംഗങ്ങൾ പങ്കെടുക്കുകയും, സ്കിറ്റ് അവതരിപ്പിക്കുകയും ചെയ്തു.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

**ഫെബ്രുവരി 2022**

ഫെബ്രുവരി 5 ന് സിയോൻ ആദ്യശനി ഏകദിന കൺവെൻഷൻ വൈകിട്ട് 6.30 മുതൽ 7.30 വരെ ഓൺലൈൻ ആയി നടത്തി. സിയോൻ അസി. ഡയറക്ടർ റവ. ഫാ. പ്രിൻസ് തെക്കേതിൽ ദൈവകരുണ എന്ന വിഷയത്തെപ്പറ്റി വചനപ്രഘോഷണം നടത്തുകയും ആരാധനക്ക് നേതൃത്വം നൽകുകയും ചെയ്തു. സി. അന്ന FCC ഗാനങ്ങളാലപിച്ചു. സി. നിർമ്മല SH സി. മെറീന FCC എന്നിവർ പ്രാർത്ഥനക്ക് നേതൃത്വം നൽകി.

ഫെബ്രുവരി 7 തിങ്കളാഴ്ച മുതൽ സിയോൻ ചാപ്പലിൽ വി. കുർബാനയും മറ്റു ശുശ്രൂഷകളും പുനരാരംഭിച്ചു. വി. കുമ്പസാരത്തിനും, Spiritual Sharing നുമായി ധാരാളം ആളുകൾ ധ്യാനകേന്ദ്രത്തിൽ എത്തി.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വഴകാട്ട് എന്നിവർ എല്ലാ ഞായറാഴ്ചകളിലും ഓൺലൈൻ വചന വിചിന്തനങ്ങൾ പങ്കുവച്ചു.

കോവിഡിന്റെ പശ്ചാത്തലത്തിൽ ജനുവരി 24 വ്യാഴാഴ്ച പ്രാർത്ഥനാദിനമായി ആചരിച്ചു. രാവിലെ 8.00 മണിക്ക് വി. കുർബാന എഴുന്നള്ളിച്ചുവച്ചുള്ള ആരാധന ആരംഭിച്ചു. തുടർന്ന് 8.30 മുതൽ വൈകിട്ട് 4.30 വരെ വയനാടിന്റെ അതിർത്തിയിലൂടെ ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി. ബഹു. ഫാ. തോമസ് കാട്ടുത്തുരുത്തിയിൽ ബഹു. ഫാ. ലിൻസൻ CST കരിമാനി, ബഹു. ഫാ. ജോണി പെരുമാട്ടിക്കുന്നേൽ, ബഹു. ഫാ. സോണി വാഴകാട്ട് എന്നിവ നേതൃത്വം നൽകി.സിയോൻ ചാപ്പലിൽ ബഹു. ഫാ. പ്രിൻസ് തെക്കേതിൽ, സി. നിർമ്മല SH സി. മെറീന FCC എന്നിവർ ആരാധന നയിച്ചു.

**NB:** അടുത്ത ആദ്യശനി കൺവെൻഷൻ ശുശ്രൂഷകൾ മാർച്ച് 2 ന് രാവിലെ 9.30 ന് ആരംഭിച്ച് 2.00 മണിക്ക് സമാപിക്കുന്നതാണ്.

വി. കുർബാനയ്ക്ക് ഈ  വർഷത്തെ നവവൈദീകർ നേതൃത്വം നൽകും.

മാർച്ച് മാസത്തെ താമസിച്ചുള്ള ധ്യാനം 17 മുതൽ 20 വരെ ആയിരിക്കും. പങ്കെടുക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് Spiritual Sharing-ന് സൗകര്യം ഉണ്ടായിരിക്കും.

^m. tkmWn hmgIm´v
Ub-d-IvS¿, kntbm≥ kn. B¿. kn.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

*നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശു ക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്* (എഫേസോസ്2.10).

മനുഷ്യകുലത്തിന്റെ രക്ഷക്കായി ദൈവപുത്രൻ പീഡകളേറ്റ് കുരിശിലേറി മരിച്ച് ഉത്ഥിതനായതിന്റെ അനുസ്മരണത്തിന് മുന്നോടിയായി നാം 50 നോമ്പിലേക്ക് കടക്കുകയാണല്ലോ. വരുന്ന 50 ദിനങ്ങൾ നമുക്ക് പരിത്യാഗത്തിന്റെ നാളുകാണ്. വലിയ നോമ്പിലൂടെ നാം കടന്നുപോകുമ്പോൾ ബാഹ്യആചരണങ്ങളിൽ മാത്രം ഒതുങ്ങുന്നതാണൊ നമ്മുടെ നോമ്പാചരണം എന്ന് ആത്മശോധന നടത്തണം. പ്രാർത്ഥനയില്ലാത്ത പ്രവർത്തിയും, പ്രവർത്തിയില്ലാത്ത പ്രാർത്ഥനയും നിഷ്ഫലമാണെന്ന ബോധ്യം നമുക്കുണ്ടാവണം. ഓരോ വിൻസെൻഷ്യനും സത്പ്രവർത്തികൾക്കായി ദൈവത്താൽ ഒരുക്കപ്പെട്ടവരാണ്. നോമ്പുകാലത്ത് നമ്മുടെ പരിത്യാഗത്തിന്റെ ആത്മീയഫലങ്ങൾ നമ്മിലേക്കും ഭൗതീക ഫലങ്ങൾ അപരനിലേക്കും വ്യാപിക്കണം. വാക്കുകൊണ്ടും പ്രവർത്തികൾകൊണ്ടും നാം മറ്റുള്ളവരെ സഹായിക്കണം. നാം കോവിഡ് എന്ന മഹാമാരിയെ അതിജീവിച്ചവരാണ്. ഈ അതിജീവനത്തിന് നമ്മുടെ സദ്പ്രവർത്തികളിലൂടെ നമുക്ക് ദൈവത്തിന് കൃതജ്ഞത അർപ്പിക്കാം. നമ്മുടെ സഹോദരർ വിശന്ന് തളർന്ന് മയങ്ങുമ്പോൾ നമുക്കെങ്ങിനെ സുഖലോലുപരായി തിന്നുമദിച്ച് ഉറങ്ങുവാൻ സാധിക്കും. പങ്കുവയ്ക്കുന്ന മനോഭാവം നാം വളർത്തിയെടുക്കണം. കഴിഞ്ഞ വലിയ നോമ്പിന് നമ്മോടൊപ്പമുണ്ടായിരുന്ന പലരും ഇന്ന് ഇല്ല. അടുത്ത വലിയനോമ്പിന് നമ്മിൽ എത്രപേർ അവശേഷിക്കുമെന്നും പറയാനാവില്ല. ഇന്നു ചെയ്യേണ്ട നന്മപ്രവർത്തികൾ ഇന്നുതന്നെ ചെയ്യണം. നാളത്തേക്ക് ഇവ മാറ്റവച്ചാൽ നാം ഇവ ചെയ്യാൻ നാളെ

ഉണ്ടാകണമെന്നതിന് യാതൊരുറപ്പുമില്ല. നന്മപ്രവർത്തികൾ ചെയ്യാത്ത ഒരൊറ്റ ദിനവും ഒരു വിൻസെൻഷ്യനും ഉണ്ടാവാതിരിക്കട്ടെ.

**സെൻട്രൽ കൗൺസിൽ യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം 2022 ഫെബ്രുവരി 5ന് ദ്വാരക പാസ്റ്ററൽ സെന്ററിലെ സി.സി. ഓഫീസിൽ ചേർന്നു. സി.സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര ഉദ്ഘാടന സന്ദേശം നല്കി. സി.സി. പ്രവർത്തനറിപ്പോർട്ട് ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം, സി.സി. വരവ് ചിലവ് കണക്കുകൾ (2021 ഡിസംബർ, 2022 ജനുവരി മാസങ്ങൾ) സി.സി. ട്രഷറർ ബ്ര. എൻ.യു. ജോൺ എന്നിവർ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. ഹൗസിംഗ് പ്രോജക്റ്റിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇനിയും നല്കാത്തവർ ഏറ്റവും അടുത്ത ദിവസംതന്നെ ഇവ നല്കണമെന്ന് തീരുമാനിച്ചു. നാഷണൽ കൗൺസിൽ, കേരള റീജിണൽ കോ-ഓർഡിനേഷൻ കമ്മറ്റി എന്നിവയ്ക്കു നല്കുവാനുള്ള വിഹിതങ്ങൾ നല്കുവാൻ തീരുമാനിച്ചു. ടിിന്നിംഗ് ഗ്രാൻറ് ഉള്ള കോൺഫ്രൻസുകൾ പ്രവർത്തനരഹിതമാണെങ്കിൽ, എ.സി. മിനുട്സിൽ ചേർത്ത് ഈ ദത്തുകുടുംബങ്ങളെ അതാത് ഇടവകകളിലെ ബഹു. വികാരിയച്ചന്മാരുമായി കൂടിയാലോചിച്ച് നിലനിർത്തുവാൻ തീരുമാനിച്ചു. ഓസാനാംഭവൻ കെട്ടിടത്തിന്റെ സുരക്ഷക്കായി കെട്ടിടത്തിന്റെ മുൻഭാഗം മേൽക്കൂര നിർമ്മിക്കുവാൻ തീരുമാനിച്ചു. ഏപ്രിൽ ആദ്യവാരം ഓസാനാം ഭവൻ തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു.

**സി.സി. വാർഷികം**

മാനന്തവാടി സെൻട്രൽ കൗൺസിൽ വാർഷികം 2022 ഏപ്രിൽ 26 ന് ദ്വാരകപാസ്റ്ററൽ സെന്റർ ഹാളിൽ നടത്തുന്നതാണ്. മാനന്തവാടി രൂപതാധ്യക്ഷൻ മാർ. ജോസ് പൊരുന്നേടം പിതാവ് വാർഷികം ഉദ്ഘാടനം ചെയ്യും. സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി മേൽഘടകങ്ങളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുക്കുന്നതാണ്. കഴിഞ്ഞ വർഷം കോവിഡ് നിയന്ത്രണങ്ങൾ നില

നിന്നിരുന്നതിനാൽ സി.സി. വാർഷികം നടത്തുവാൻ നമുക്ക് സാധിച്ചില്ല. ഇപ്പോൾ നിയന്ത്രണങ്ങൾ സർക്കാർ പിൻവലിച്ച സാഹചര്യത്തിൽ വാർഷികം നമുക്ക് ആഘോഷിക്കാവുന്നതാണ്. സി.സി.യിലെ മുഴുവൻഅംഗങ്ങളും ഇത്തവണത്തെ വാർഷിക ത്തിൽ പങ്കെടുക്കുവാൻ കൂടിയാണ് തിയതി മുൻകൂട്ടി അറി യിക്കുന്നത്.

**ഏര്യകൗൺസിൽ സെമിനാറുകൾ**

സി.സി.യുടെ കീഴിലുള്ള എ.സി.കളിൽ സെമിനാറുകൾ നടന്നുവരികയാണല്ലൊ. പകുതിയോളം എ.സി.കളിൽ സെമിനാ റുകൾ നടന്നു. ഇനിയും സെമിനാറുകൾ നടക്കാത്ത എ.സി. കളിൽ മാർച്ച് 15 നകം സെമിനാറുകൾ നടത്തേണ്ടതാണ്. അതാത് എ.സി. ഭാരവാഹികൾ ഇതിനുള്ള ക്രമീകരണങ്ങൾ എത്രയും വേഗം നടത്തിവിവരം സി.സി.യിൽ അറിയിക്കേണ്ടതാണ്.

**വാർഷിക റിപ്പോർട്ട്,കണക്കുകൾ**

എ.സി.തല വാർഷിക റിപ്പോർട്ടുകൾ മാർച്ച് 15 നകം സി.സി. യിൽ ഏല്പ്പിക്കേണ്ടതാണ്. കഴിഞ്ഞ 5 വർഷത്തെ കോൺഫ്രൻസു കളുടെ പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപമാണ് ഇത്തവ ണത്തെ വാർഷിക റിപ്പോർട്ടിൽ ചേർക്കുന്നത്. ആയതിനാൽ ഓരോ എ.സി.യും ഇതിനുള്ള വിവരങ്ങൾ കോൺഫ്രൻസുകളിൽ നിന്നും ശേഖരിക്കുവാനുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം നടത്തി വിവരങ്ങൾ ക്രോഡീകരിച്ച് സി.സി.യിൽ എത്തിക്കേ ണ്ടതാണ്. സി.സി.ക്കു നല്‌ക്കേണ്ടതായ കണക്കുകൾ, വിഹിതല ങ്ങൾ എന്നിവ മാർച്ച് 15 നകം സി.സി.യിൽ ഏല്പ്പിക്കേണ്ടതാണ്.

**ഓസാനാംഭവൻ**

ഒരു കോവിഡ് കാലംകൂടി ഓസാനാംഭവൻ അതിജീവിക്കു കയാണ്. ആദ്യത്തെ കോവിഡ് വ്യാപനം നമ്മുടെ സ്ഥാപനത്തിൽ വലിയ ബുദ്ധിമുട്ടുകളുണ്ടാക്കി. രണ്ടാമത്തെ കോവിഡ് വ്യാപനം നമ്മുടെ പല അപ്പച്ചന്മാരെയും തളർത്തിയെങ്കിലും ദൈവകൃപ യാൽനാം ഇതിനെയും അതിജീവിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥാപനത്തിന്റെ അനുദിന നടത്തിപ്പിൽ സാമ്പത്തികമായ ബുദ്ധി മുട്ടുകൾ നാം അഭിമഖീകരിക്കുകയാണ്. കോവിഡ് നിയന്ത്രണ ങ്ങൾമൂലം സന്ദർശനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയിരിക്കു ന്നതിനാൽ ലഭിച്ചുകൊണ്ടിരുന്ന വരുമാനങ്ങളും നിലച്ചിരിക്കു

കയാണ്. ഈ സാഹചര്യത്തിൽ വിൻസെൻഷ്യൻ അംഗങ്ങൾ ഓസാനാംഭവനെ സഹായിക്കുവാൻ സന്നദ്ധതയുള്ളവരെ കണ്ടെത്തുവാൻ പരിശ്രമിക്കുമല്ലോ. നിങ്ങളുടെ സഹായങ്ങളും പ്രവർത്തനങ്ങളുമാണ് ഓസാനാംഭവന്റെ പ്രാണവായു എന്നകാര്യം ആരും മറക്കരുതേ.

ഈ കാലയളവിൽ സ്ഥാപനത്തിൽ പ്രവേശനം നടത്തിയവർ ബാലൻ കോളിമൂല, പീറ്റർ പരിയാരം, ജോയ്കുമാർ ചുണ്ടേൽ, ദേവസ്യ ചുണ്ടേൽ. നമ്മെ വേർപിരിഞ്ഞ് ദൈവസന്നിധിയിലേക്ക് യാത്രയായവർ സെൽവരാജ് മാരപ്പൻമൂല (പുൽപ്പള്ളി), പീറ്റർ പരിയാരം.

സ്നേഹാശംസകളോടെ,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
(സി.സി. ആത്മീയ ഉപദേഷ്ടാവ്)
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
(സി. സി. പ്രസിഡന്റ്)

**ആശാകിരണം വസ്ത്ര ബാങ്ക് പദ്ധതി ശ്രദ്ധേയമാകുന്നു.**

അലമാരിയിൽ ആർക്കും വേണ്ടാതെ അടുക്കി വച്ചിരിക്കുന്ന വസ്ത്രങ്ങൾ ആവശ്യക്കാരിൽ എത്തിക്കുന്ന പദ്ധതിയാണ് വസ്ത്ര ബാങ്ക് പദ്ധതി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായിട്ടാണ് വസ്ത്ര ബാങ്ക് പദ്ധതി നടപ്പിലാക്കുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രാദേശിക യൂണിറ്റുകളായ സോഷ്യൽ വെൽഫയർ സൊസൈറ്റികൾ പ്രാദേശികമായി സമാഹരിക്കുന്ന ഉപയോഗിച്ച വസ്ത്രങ്ങൾ മാനന്തവാടി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ക്യാമ്പസിൽ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന അലമാരകളിൽ പൊതുവായി വെച്ചിരിക്കുകയാണ്. ഓരോ വിഭാഗത്തിലും വരുന്ന വസ്ത്രങ്ങൾ വേർതിരിച്ച് വൃത്തിയായി സൂക്ഷിക്കുന്നു. ആവശ്യമുള്ളവർക്ക് യഥേഷ്ടം വസ്ത്രങ്ങൾ ഇവിടെ നിന്നും എടുത്തുകൊണ്ട് പോകാവുന്നതാണ്. അലമാരിയിൽ വസ്ത്രങ്ങൾ കുറയുന്നതിനനുസരിച്ച് വീണ്ടും വസ്ത്രങ്ങൾ വെച്ചുകൊണ്ടിരിക്കും. സമൂഹത്തിൽ ഉന്നതനിലയിൽ ഉള്ള ഡോക്ടർമാർ, ബിസിനസുകാർ തുടങ്ങിയ ധാരാളം പേർ അവർക്ക് ആവശ്യമില്ലാത്ത വസ്ത്രങ്ങൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ എത്തിച്ചുതരാറുണ്ട്. വസ്ത്രം എടുത്തുകൊണ്ടുപോകുന്നതിനും ദിവസവും ധാരാളം പേർ ഇവിടെ വന്നുകൊണ്ടിരിക്കുന്നു. സാമ്പത്തിക പരാധീനത മൂലം വസ്ത്രം വാങ്ങുവാൻ പ്രയാസമനുഭവിക്കുന്നവർക്ക് ഏറെ ആശ്വാസമാവുകയാണ് ഈ വസ്ത്ര ബാങ്ക്.

**വയനാട് ജില്ലയിൽ 200 തുല്യ ബാധ്യത സംഘങ്ങൾ (ജെ.എൽ.ജി) രൂപീകരിക്കുന്നു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ 200 തുല്യ ബാധ്യത സംഘങ്ങൾ (ജെ.എൽ.ജി) രൂപീകരിക്കും. ഇതിലൂടെ 200 ഗ്രൂപ്പ് തല സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിക്കും. നാലു

മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് തുല്യ ബാധ്യത സംഘങ്ങൾ രൂപീകരിക്കുക. വിവിധ തരത്തിലുള്ള സംരംഭങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ തുടങ്ങുക, അതുവഴി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സ്ഥിരമായ വരുമാനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തുല്യബാധ്യത സംഘങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പരിശീലനങ്ങൾ, ആവശ്യമായ റിക്കാർഡുകൾ, ബാങ്കിൽ നിന്നും വായ്പ കിട്ടുന്നതിനാവശ്യമായ പ്രൊജക്ടുകൾ തുടങ്ങിയവ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ പദ്ധതിയിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് നൽകുന്നതാണ്. കേരള ബാങ്ക്, കാനറ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, എന്നീ ബാങ്കുകളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തുല്യ ബാധ്യതസംഘങ്ങൾ രൂപീകരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ., കോ ഓർഡിനേറ്റർ ജോജോ തോപ്പിൽ, ടെക്നിക്കൽ എക്സ്പേർട്ട് ജാൻസി ജിജോ എന്നിവർ സംസാരിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ പരിശീലനത്തിന് കേരള ബാങ്ക് അഗ്രിക്കൾച്ചർ ഓഫീസർ ആഷ ഉണ്ണി നേതൃത്വം നൽകി.

**സംരംഭകത്വ പരിശീലനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംരംഭകത്വ പരിശീലനം തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ എടയൂർക്കുന്നിൽ നടത്തി. പരിശീലന പരിപാടിയുടെ ഔപചാരികമായ ഉത്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. എടയൂർക്കുന്ന് സോഷ്യൽ വെൽഫയർ സൊസൈറ്റി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോണി മലയിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോ-ഓർഡിനേറ്റർ ജോജോ തോപ്പിൽ, ഫീൽഡ് കോ ഓർഡിനേറ്റർ ആലീസ് സിസിൽ എന്നിവർ സംസാരിച്ചു. പച്ചമരുന്ന് നിർമ്മാണം, പ്രഥമ ചികിത്സ, സാമ്പത്തിക സാക്ഷരത, സ്വാശ്രയസംഘങ്ങൾ, തുല്യ ബാധ്യത സംഘ

ങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ആണ് പരിശീലനം നൽകിയത്. പരിശീലനത്തിന് സിസിലി മോനിപ്പള്ളി, റവ. ഡോ. ബാബു ചക്കിയത്ത്, സുജ മാത്യു, ഷീന ആന്റണി, സുധാകരൻ എം എന്നിവർ നേതൃത്വം നൽകി.

വെള്ളമുണ്ട മൊതക്കരയിൽ നടത്തിയ പരിശീലന പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. മൊതക്കര സോഷ്യൽ വെൽഫയർ സൊസൈറ്റി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ബിജോ കറുകപ്പള്ളിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോ ഓർഡിനേറ്റർ ജോജോ തോപ്പിൽ, ഫീൽഡ് കോ ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സംസാരിച്ചു. പച്ചമരുന്ന് നിർമ്മാണം, പ്രഥമ ചികിത്സ, സാമ്പത്തിക സാക്ഷരത, സ്വാശ്രയ സംഘങ്ങൾ, തുല്യ ബാധ്യത സംഘങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ആണ് പരിശീലനം നൽകിയത്. പരിശീലനത്തിന് സിസിലി മോനിപ്പള്ളി, റവ. ഡോ. ബാബു ചക്കിയത്ത്, സുജ മാത്യു, ആലീസ് സിസിൽ സുധാകരൻ എം എന്നിവർ നേതൃത്വം നൽകി.

പുൽപ്പള്ളി കീർത്തി നഗറിൽ നടത്തിയ പരിശീലന പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിലിന്റെ അദ്ധ്യക്ഷതയിൽ വാർഡ് മെമ്പർ പുഷ്പവല്ലി നാരായണൻ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോ ഓർഡിനേറ്റർ ജോജോ തോപ്പിൽ, ഫീൽഡ് കോ-ഓർഡിനേറ്റർ സുജ മാത്യു എന്നിവർ സംസാരിച്ചു. സോപ്പ്, സോപ്പ് ഉത്പ്പന്നങ്ങൾ, പ്രാഥമികചികിത്സ, സാമ്പത്തിക സാക്ഷരത, സ്വാശ്രയ സംഘങ്ങൾ, തുല്യ ബാധ്യത സംഘങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ആണ് പരിശീലനം നൽകിയത്. പരിശീലനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, റവ. ഡോ. ബാബു ചക്കിയത്ത്, സുജ മാത്യു, സിന്ധു വി എന്നിവർ നേതൃത്വം നൽകി.

**അതിഥി തൊഴിലാളികൾക്ക് ഹെൽത്ത് കിറ്റ് വിതരണം ചെയ്തു**

വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് ഹെൽത്ത് കിറ്റുകൾ വിതരണം ചെയ്തു. കാരിത്താസ് ഇന്ത്യ കേരളത്തിലെ 32 രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ വഴി നടപ്പിലാക്കി വരുന്ന നവജീവൻ പദ്ധതിയുടെ ഭാഗമായാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി 225 അതിഥി തൊഴിലാളികൾക്ക് ഹെൽത്ത് കിറ്റുകൾ വിതരണം ചെയ്തത്. കിറ്റുകളുടെ വിതരണ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ.പോൾ കൂട്ടാല നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ.ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രോഗ്രാം കോ-ഓർഡിനേറ്റർ റോബിൻ ജോസഫ്, ജോജോ തോപ്പിൽ, സി. അനിലിറ്റ് എന്നിവർ സംസാരിച്ചു. മാസ്ക്, സാനിറ്റൈസർ, കുളി സോപ്പ്, അലക്ക് സോപ്പ്, സോപ്പ് പൗഡർ എന്നിവ ഉൾക്കൊള്ളുന്ന കിറ്റുകൾ ആണ് വിതരണം നടത്തിയത്. വിതരണത്തിന് ശ്രീ നാരായണ ഗുരു കോളേജ് കോതമംഗലം, ശ്രീ വിദ്യാധിരാജ കോളേജ് കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ നേതൃത്വം നൽകി.

**ഹ്രസ്വകാലസാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു**

കട്ടിംഗ് &ടെയ്‌ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്‌ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## DDU-GKY

ജനുവരി മാസത്തിൽ കോഴ്സ് അവസാനിച്ച് OJT (On the Job Training) ക്ക് പോകുന്ന ഇലക്ട്രീഷ്യൻ ബാച്ചിലെ വിദ്യാർത്ഥികളുടെ യാത്രയയപ്പ് യോഗം നടത്തുകയും വിദ്യാർത്ഥികൾക്ക് ക്യാമ്പസ് ഇന്റർവ്യൂ നടത്തുകയും എല്ലാ കുട്ടികൾക്കും കേരളത്തിൽതന്നെ വിവിധ സ്ഥലങ്ങളിൽ ഉയർന്ന ശമ്പളത്തോടെ ജോലി നൽകുവാനും

സാധിച്ചു. ഓരോ ട്രെയിനിംഗ് സെന്ററുകളുടെയും പ്രവർത്തനം വില യിരുത്തുന്നതിനു വേണ്ടി സെൻട്രൽ, സ്റ്റേറ്റ് ഗവൺമെന്റുകളുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷനുകൾ നടത്തപ്പെട്ടു.

ബ്യൂട്ടീഷൻ, ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകളിലേക്കുള്ള അഡ്മിഷനുകൾ ആരംഭിച്ചുകഴിഞ്ഞു. ന്യൂനപക്ഷ വിഭാഗത്തിൽ ഏതാനും സീറ്റുകളിലേക്ക് മാത്രം ഇനി ഒഴിവുകളുണ്ട്. ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ 7560892324 എന്ന നമ്പറിലോ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസുമായോ ബന്ധപ്പെടുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

പുതിയ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾക്ക് രൂപം നൽകി. മഞ്ഞൂറ, വാളേരി എന്നിവിടങ്ങളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചു. കാർഷിക മേഖലയിൽ കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകി കുറഞ്ഞ പലിശനിരക്കിൽ ലോൺ സംവിധാനം ഒരുക്കിക്കൊണ്ട് നബാർഡിന്റെ സഹായത്തോടെ വയനാട് ജില്ലയുടെ കീഴിൽ ഉള്ള പതിനൊന്ന് ഇടവകകളിൽ നിന്നായി 200 തുല്യ ബാധ്യത സംഘങ്ങൾ രൂപീകരിച്ചു.

കണ്ണൂർ കെയ്റോസ്, അമരക്കുനി, സീതാമൗണ്ട് എന്നിവിടങ്ങളിൽ സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം നൽകി. ഉദയക്കവലയിൽ നടത്തിയ സോപ്പു നിർമ്മാണ പരിശീലനത്തിൽ 30 അംഗങ്ങൾ പങ്കെടുത്തു. ട്രെയിനിംഗിന് ഫീൽഡ് കോ-ഓർഡിനേറ്റർ സുജ മാത്യു നേതൃത്വം നൽകി. ഒഴുക്കൻമൂല സോഷ്യൽ വെൽഫയർ സൊസൈറ്റി അംഗങ്ങൾക്കായി സ്ത്രീയും നിയമങ്ങളും എന്ന വിഷയത്തിൽ അഡ്വ. ജിജിമോൾ ക്ലാസ്സെടുത്തു. ആശാകിരണത്തിന്റെ ഭാഗമായി വിവിധ യൂണിറ്റുകളിൽ നിന്നായി വസ്ത്ര ശേഖരണം നടത്തി. ഒഴുക്കന്മൂല, തവിഞ്ഞാൽ, കണിയാരം, ചെറുകാട്ടൂർ, നടവയൽ തുടങ്ങിയ യൂണിറ്റുകളിൽ പുതുവത്സര ആഘോഷം നടത്തി.

**കേരള ലേബർ മൂവ്മെന്റ് (KLM)**

**വാർഷിക ജനറൽ അസംബ്ലി**

KLM കേരള ലേബർ മൂവ്മെന്റ് വാർഷിക പൊതുയോഗം ഫെബ്രുവരി 12 ന് ഓൺലൈൻ ആയി നടത്തി. വാർഷിക പൊതുയോഗത്തിന്റെ ഉദ്ഘാടനം ബിഷപ്പ് മാർ. അലക്സ് വടക്കുംതല (ചെയർമാൻ KCBC ലേബർ കമ്മീഷൻ) നിർവ്വഹിച്ചു. KLM

സംസ്ഥാന ഭാരവാഹികൾ, രൂപതാ ഡയറക്ടേഴ്സ്, തൊഴിലാളി ഫോറം ഭാരവാഹികൾ, KLM എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി നടത്തിയ യോഗത്തിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് KLM രൂപതാ ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, പ്രസിഡ് ബിജു പുയ്ക്കുന്നേൽ, സെക്രട്ടറി ബിജു മരോട്ടിമൂട്ടിൽ, കോ-ഓർഡിനേറ്റർ മിനി എന്നിവർ പങ്കെടുത്തു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ സ്വാവലംബൻ പെൻഷൻ പദ്ധതിയിൽ ചേർന്ന അംഗങ്ങളുടെ 2021-2022 വർഷത്തെ പുതുക്കൽ നടപടി പൂർത്തിയായി.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**നിയമനം**

ബഹു. ജോമേഷ് തേക്കിലകാട്ടിലച്ചൻ ഉപരിപഠനത്തിനായി പോയിരിക്കുന്നതിനാൽ ബഹു.വിപിൻ കളപ്പുരയ്ക്കലച്ചൻ ഹോസ്പി റ്റലിന്റെ അസി. ഡയറക്ടറായി നിയമിതനായി. അച്ചന്മാർക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

**മൊബൈൽ RTPCR ലാബ് ഉദ്ഘാടനം ചെയ്തു**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ മൊബൈൽ RTPCR ലാബ് മാനന്തവാടി എം.എൽ.എ ശ്രീ. ഓ.ആർ. കേളു ഫെബ്രുവരി ഒന്നിന് ഉദ്ഘാടനം ചെയ്തു. സാമ്പിൾ കളക്ഷനു ശേഷം അഞ്ചു മുതൽ എഴു മണിക്കൂറുകൾക്കുള്ളിൽ ഈ ലാബിൽ RTPCR ഫലം അറിയുവാൻ സാധിക്കും.

**ലോക രോഗീദിനം ആഘോഷിച്ചു**

ലോക രോഗീദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 11 ന് സൗജന്യ വൈദ്യപരിശോധന നടത്തി. പ്രിവന്റീവ് ഹെൽത്തിന്റെ ഭാഗമായി വിവിധ ഹെൽത്ത് ചെക്കപ്പ് പാക്കേജുകൾ 50% ഡിസ്കൗണ്ടോട് കൂടി നൽകി. ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയിരിക്കുന്ന രോഗി കൾക്കും കൂട്ടിരിപ്പുകാർക്കും അന്നേ ദിനം സൗജന്യമായി ഉച്ചഭക്ഷണം നൽകി. പ്രിവെന്റീവ് ഹെൽത്ത് കെയർന്റെ ഭാഗമായുള്ള വിവിധ ഹെൽത്ത് ചെക്കപ്പ് പാക്കേജുകളുടെ പരിശോധനകൾ തുടർന്നും ഹോസ്പിറ്റലിൽ ലഭ്യമാണ്.

**കോവിഡ് - 19 മൂന്നാം തരംഗം**

കോവിഡ് -19 മൂന്നാം തരംഗത്തെ ഫലപ്രദമായി അതി ജീവിക്കാൻ ഹോസ്പിറ്റലിന് സാധിച്ചു. ഹോസ്പിറ്റലിൽ കോവിഡ് രോഗികൾക്കായി പ്രത്യേക വാർഡുകൾ ക്രമീകരിക്കുകയും ഫലപ്രദമായ ചികിത്സകൾ നൽകുകയും ചെയ്തു. കോവിഡ് അനുബന്ധ ലക്ഷണങ്ങൾ ഉള്ളവർക്ക് സൗജന്യമായി ഡോക്ടറെ കണ്ട് മടങ്ങുന്നതിനായി Fever Clinic സജ്ജീകരിച്ചു.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി രാജ്യത്ത് സജീവമായികൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജൈവ ഉൽപന്നങ്ങളുടെ കയറ്റുമതി സാധ്യതയെ ഉപയോഗപ്പെടുത്തികൊണ്ട് വയനാട്ടിലെയും നീലഗിരിയിലെയും കർഷകരെ ഉൾപ്പെടുത്തി ബയോവിൻ അഗ്രോ റിസേർച്ചിന്റെ നേതൃത്വത്തിലുള്ള ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1101 ഗ്രൂപ്പുകളിലായി (48 ICS - Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

ബയോവിൻ കുടുംബത്തിലേക്ക് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാരായി ശ്രീമതി. ജിജി വർഗീസ് (മാനന്തവാടി മുൻസിപ്പാലിറ്റി ഫീൽഡ് കോർഡിനേഷൻ) ശ്രീ. ജിബിൻ എം. ടി. (മുട്ടിൽ കണിയാമ്പറ്റ ഫീൽഡ് കോർഡിനേഷൻ) എന്നിവർ പുതിയ അംഗങ്ങളായെത്തി.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

ജൈവ കൃഷിസാക്ഷിപത്ര ലഭ്യതാ പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും ജൈവ മാനദണ്ഡങ്ങൾക്കനുസൃതമായ പ്രവർത്തികളാണോ നടക്കുന്നത് എന്ന് വിലയിരുത്തുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ഇന്റേർണൽ ഇൻസ്പെക്ടർമാർ, അഗ്രികൾച്ചർ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സാന്നിധ്യത്തിൽ മുഴുവൻ പഞ്ചായത്തുകളിലും ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നുവരുന്നു. പരിശീലനം ലഭിച്ച ഇൻസ്പെക്ടർമാരാണ് കൃഷിയിടങ്ങളിൽ പരിശോധന നടത്തിവരുന്നത്. 441 കൃഷിയിടങ്ങളിലാണ് ജനുവരി മാസം ഇന്റേണൽ ഇൻസ്പെക്ഷൻ നടന്നത്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷി

യിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ കരിന്തിരിക്കടവ്, മീനങ്ങാടി, കുന്നത്തുകവല, കാപ്പുംചാൽ, കുനിക്കരച്ചാൽ എന്നിവിടങ്ങളിൽ നടക്കുകയും മീറ്റിങ്ങുകളിൽ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഓർഗാനിക് ഓഡിറ്റ് (കൃഷിയിട പരിശോധന)**

ജൈവകൃഷി സാക്ഷിപത്രം പുതുക്കുന്നതിന്റെ ഭാഗമായി ICS കളിൽ സർട്ടിഫിക്കേഷൻ ഏജൻസിയുടെ ഓർഗാനിക് സർട്ടിഫിക്കേഷൻ ഓഡിറ്റ് നടന്നു വരുന്നു. സർട്ടിഫിക്കേഷൻ ഏജൻസിയായ ലാക്കോണിൽ നിന്നും ഓഡിറ്റർമാരായ ശ്രീ. എൽദോസ് കെ. സ്, അജയ്ഘോഷ് എന്നിവർ ഓഡിറ്റുകൾക്ക് നേതൃത്വം നൽകി. ഫീൽഡ് തല കൃഷിയിട ഡോക്യുമെന്റ് ക്രമീകരണങ്ങൾക്ക് ശ്രീ. വിനീഷ് മാത്യു, ശ്രീ. ജോസ് പോൾ, ശ്രീമതി. രമ്യ എന്നിവർ നേതൃത്വം നൽകി വരുന്നു. 142 കൃഷിയിടങ്ങളിലാണ് ജനുവരി മാസം സർട്ടിഫിക്കേഷൻ ഏജൻസിയുടെ നേരിട്ടുള്ള പരിശോധന നടന്നത്. നിലവിൽ 48 ICS കളുടെയും ഓഡിറ്റ് പൂർത്തീകരിച്ചു.

**റയിൻ ഫോറെസ്റ്റ് അലയൻസ് 2020 സ്റ്റാൻഡേർഡ് ഓഡിറ്റ്**

റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷന്റെ ഓഡിറ്റ് ജനുവരി 27 മുതൽ ഓഫീസിലും കൃഷിയിടങ്ങളിലുമായി ആരംഭിച്ചു. ഇൻഡോസേർട്ട് സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ. ബബീഷ് ഭാസ്കരൻ, ശ്രീ. ശ്യാം കുമാർ, ശ്രീ. ഇസ്മായിൽ എന്നിവർ ഓഡിറ്റ് നയിക്കുകയും, ശ്രീ. ഷാജി ജോസ്, ശ്രീമതി രമ്യ, ശ്രീ. ജോസ്പോൾ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

**നീറ്റുകക്ക വിതരണം പൂർത്തീകരിച്ചു**

ഫെയർട്രേഡ് പ്രീമിയം പ്രോജക്ടിന്റെ ഭാഗമായി കർഷകർക്കായി സൗജന്യനിരക്കിലുള്ള നീറ്റുകക്ക വിതരണം പൂർത്തീകരിച്ചു. വൊഫയിൽ ഉൾപ്പെടുന്ന മടക്കിമല, അപ്പാട്, പിണങ്ങോട്, പന്തിപ്പൊയിൽ, കല്ലുപാടി, എടപ്പെട്ടി, മുട്ടിൽ, എന്നിവിടങ്ങളിലായിരുന്നു ജനുവരി മാസത്തെ നീറ്റുകക്ക വിതരണം.

ഇതോടെ വോഫെയിൽ ഉൾപ്പെടുന്ന 9672 കർഷകർക്കായുള്ള 734230 കിലോ നീറ്റുകക്ക വിതരണം പൂർത്തീകരിച്ചു. കഫെയിൽ ഉൾപ്പെടുന്ന 7936 കർഷകർക്കുള്ള 368070 കിലോ നീറ്റുകക്ക വിതരണം നവംബർ മാസത്തോടെ പൂർത്തീകരിച്ചിരുന്നു.

**മാർക്കറ്റിംഗ്**

ജനുവരി മാസം കാപ്പിപ്പരിപ്പ്, കുരുമുളക്, മഞ്ഞൾ, ചുക്ക് ഏലക്ക, തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് അമേരിക്ക, കാനഡ, ബെൽ ജിയം, ഇറ്റലി, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പുതുതായി ഓർഡറുകൾ സ്വീകരിക്കുവാൻ സാധിച്ചു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജനുവരി മാസം 69061 കിലോ കാപ്പി 84 രൂപ നിരക്കിലും, 140000 കിലോ പച്ച ഇഞ്ചി 33.33 രൂപ നിരക്കിലും 14415 കിലോ ഞാലിപ്പൂവൻ വാഴക്കുല 30 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജനുവരി മാസത്തിലും, മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക, വാഴപ്പഴം, തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 340 തൊഴിൽ ദിനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**റേഡിയോ മാറ്റൊലിക്ക് ലീഡ് കമ്മ്യൂണിറ്റി റേഡിയോ പദവി**

കേരളത്തിൽ നിന്നുള്ള ഏക ലീഡ് കമ്മ്യൂണിറ്റി റേഡിയോ യായി കേന്ദ്ര വാർത്താവിതരണപ്രക്ഷേപണ മന്ത്രാലയം റേഡിയോ മാറ്റൊലിയെ തെരഞ്ഞെടുത്തു. സി.ആർ.എസ്. അഡീഷണൽ ഡയറക്ടർ ഗൗരീശങ്കർ കേസരവാണിയാണ് ഇക്കാര്യം അറി യിച്ചത്. അതാത് പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി റേഡിയോ പ്രസ്ഥാ നത്തെ ശക്തിപ്പെടുത്തുകയും, ഈ മേഖലയിലേക്ക് കടന്നുവ രാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹാ യങ്ങളും നൽകുകയുമാണ് ലീഡ് റേഡിയോയുടെ ദൗത്യം. 337 കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻസ് ആണ് ഇന്ത്യയിൽ ആകെ ഉള്ളത്. മറ്റ് ഇരുപത്തിമൂന്ന് സ്റ്റേഷനുകൾ കൂടി ലീഡ് റേഡിയോ കളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങൾക്ക് ദേശീയതലത്തിൽ ലഭിച്ച അംഗീകാരമായി ഇതിനെ കാണുന്നു എന്ന് സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് പറഞ്ഞു.

**RJ HUNT youth on fire**

ഫെബ്രുവരി 13 അന്താരാഷ്ട്ര റേഡിയോ ദിനത്തിനു മുന്നോടിയായി കെ.സി.വൈ.എം മാനന്തവാടി രൂപതയും, റേഡിയോ മറ്റൊലിയും സംയുക്തമായി RJ HUNT youth on fire സംഘടിപ്പിച്ചു. വയനാട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ നിന്നായി മത്സരാർത്ഥികൾ പങ്കെടുത്തു. രണ്ടു ഘട്ടങ്ങളിലാ യി നടന്ന RJ ഹണ്ടിന്റെ അവസാന ഘട്ടം ദ്വാരക റേഡിയോ മാറ്റൊലിയിൽ വച്ച് 2022 ഫെബ്രുവരി 5ന് നടത്തപ്പെട്ടു. അവസാന ഘട്ടത്തിലെ ട്രെയിനിങ്ങിനു ശേഷം സംഘടിപ്പിച്ച മത്സരത്തിൽ വച്ച് RJ ഫൈനലിസ്റ്റുകളായി കെസിയ ജേക്കബ് ഒന്നാം സ്ഥാനവും, അരുൺ രാജ് രണ്ടാം സ്ഥാനവും, ബെറ്റി അന്ന ബെന്നി, ആഷ്ലിൻ കെ. ബെന്നി എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കെ.സി. വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് റ്റിബിൻ പാറക്കൽ

അധ്യക്ഷത വഹിച്ചു. കേരളത്തിൽ നിന്നുള്ള ഏക ലീഡ് കമ്യൂണിറ്റി റേഡിയോയായി തിരഞ്ഞെടുക്കപ്പെട്ട റേഡിയോ മാറ്റൊലിയുടെ സേവനങ്ങൾ വയനാടൻ ജനതയ്ക്ക് എന്നും വിലമതിക്കാനാവാത്തതാണെന്ന് അദ്ദേഹം പറഞ്ഞു. മത്സരാർത്ഥികൾക്കുള്ള ക്യാഷ് അവാർഡും, പ്രശസ്തി പത്രവും, മെമെന്റോയും പ്രസിഡന്റ് റ്റിബിൻ പാറക്കൽ, റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി എന്നിവർ ചേർന്ന് നൽകി. കെ.സി.വൈ.എം മാനന്തവാടി രൂപതാ വൈസ് പ്രസിഡന്റ് നയന മുണ്ടക്കതടത്തിൽ, ജനറൽ സെക്രട്ടറി ഡെറിൻ കൊട്ടാരത്തിൽ, സെക്രട്ടറിമാരായ അമൽഡ തൂപ്പുംകര, ലിബിൻ മേപ്പുറത്ത്, സിസ്റ്റർ സാലി സി.എം.സി, സിൻഡിക്കേറ്റ് അംഗങ്ങൾ, റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, പ്രോഗ്രാം പ്രൊഡ്യൂസർമാരായ ജോസഫ് പള്ളത്ത്, പ്രജിഷ രാജേഷ്, ഫാ. ജിതിൻ ജോൺ എന്നിവരും മറ്റ് റേഡിയോ മാറ്റൊലി പ്രവർത്തകരും നേതൃത്വം നൽകി.

**കെ.സി.വൈ.എം മാനന്തവാടി രൂപത ആദരം**

അന്താരാഷ്ട്ര റേഡിയോ ദിനത്തോടനുബന്ധിച്ച് വയനാട് കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയെ കെ.സി.വൈ.എം മാനന്തവാടി രൂപത ആദരിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് റ്റിബിൻ പാറക്കൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപള്ളിയെ പൊന്നാട അണിയിച്ചു. മാറ്റൊലി വയനാടൻ ജനതക്ക് എന്നും ഒരു മുതൽ കൂട്ടാണെന്നും അഭിപ്രായപ്പെട്ടു. രൂപത ഭാരവാഹികളായ വൈസ് പ്രസിഡന്റ് നയന മുണ്ടയ്ക്കാതടത്തിൽ, ജനറൽ സെക്രട്ടറി ഡെറിൻ കൊട്ടാരത്തിൽ, സെക്രട്ടറിമാരായ അമൽഡ തൂപ്പുംകര, ലിബിൻ മേപ്പുറത്ത്, കോർഡിനേറ്റർ ബ്രാവോ പുത്തൻപറമ്പിൽ, ട്രഷറർ അനിൽ സണ്ണി അമ്പലത്തിങ്കൽ, ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കതോട്ടത്തിൽ ആനിമേറ്റർ സി. സാലി സി.എം.സി എന്നിവർ നേതൃത്വം നൽകി.

## "Radio- Creator of Trust" - Webinar

ഫെബ്രുവരി 13 ലോക റേഡിയോ ദിനത്തിന്റെ ഭാഗമായി കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ സംഘടിപ്പിച്ച "Radio- Creator of Trust" എന്ന അന്താരാഷ്ട്ര വെബിനാറിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി വിഷയാവതരണം നടത്തി.

**ഹെൽത്ത് കെയർ ഹീറോസ് അവാർഡ്**

ഒൺലി മൈ ഹെൽത്ത് കെയർ ഹീറോസ് അവാർഡ് റേഡിയോ മാറ്റൊലി ട്രൈബൽ പ്രോഗ്രാം പ്രൊഡ്യൂസർ അശ്വതി മുരളിക്ക്. കോവിഡ്-19 മഹാമാരി മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം പകരാൻ പ്രയത്നിച്ചവരുടെ പ്രവർത്തന ങ്ങൾക്കുള്ള അംഗീകാരമാണ് ഹെൽത്ത് കെയർ ഹീറോസ് അവാർഡ്. ആദിവാസി വിഭാഗങ്ങളിൽ വാക്സിനേഷൻ ബോധവത്കരണം റേഡിയോ മാറ്റൊലി വഴി വിജയകരമായി നടപ്പിലാക്കിയതു വഴി അവ യർനെസ്സ് വാരിയർ കാറ്റഗറിയിലാണ് അശ്വതി മുരളിക്ക് അവാർഡ് ലഭിച്ചത്. 32 നോമിനികളിൽ എട്ട് വിഭാഗങ്ങളിലായി എട്ട് പേർക്ക് അവാർഡ് ലഭിച്ചു.

**ഇന്റേൺഷിപ്പ്**

അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജിലെ ബ്രോഡ് കാസ്റ്റിംഗ് ആന്റ് ജേർണലിസം അവസാന വർഷ ബിരുദ വിദ്യാർ ത്ഥികളായ ഫാത്തിമ അമാനി പി, തമന്ന കബീർ, അൻസിറ സി.റ്റി എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ കാസർഗോഡ് കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ തുടങ്ങുന്നതിന് മുന്നോടിയായി ഇന്റേൺഷിപ്പ് ചെയ്യാൻ ഫാ. ജിതിൻ ജോൺ ജനുവരി 25 ന് ജോയിൻ ചെയ്തു.

**താങ്ങും തണലും - അവലോകനം**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രക്ഷേപണം ചെയ്ത താങ്ങും തണലും പരിപാടിയുടെ അവലോക നയോഗം ജനുവരി 25 ന് സൂം ആപ്പ് വഴി നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ 2022 ജനുവരി, ഫെബ്രുവരി മാസത്തിലെ പ്രവർത്തനറിപ്പോർട്ട്**

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നു കൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹിക ക്ഷേമ പദ്ധതികൾക്ക് നേതൃത്വം കൊടുക്കുവാനും, അതുവഴി അനേകം ആളുകളുടെ ജീവിതത്തിൽ പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയും ഉള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ആനുവൽ ജനറൽ ബോഡി മീറ്റിംഗ് (AGM)**

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി വാർഷിക ജനറൽ ബോഡി മീറ്റിംഗ് ജനുവരി 19 ന് NDS ഓഫീസിൽ വച്ച് റീജണൽ വികാരി ഫാ. വിൻസന്റ് കളപ്പുരയുടെ അദ്ധ്യക്ഷതയിൽ നടന്നു. സെക്രട്ടറി ഫാ. ബിനോയ് കാശംകുറ്റിയിൽ 2020-2021 വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ബോർഡ് അംഗങ്ങൾ റിപ്പോർട്ടിനെ വിലയിരുത്തി സംസാരിക്കുകയും, റിപ്പോർട്ടും കണക്കും പാസാക്കുകയും, സൊസൈറ്റിയുടെ പ്രവർത്തന മികവിനെ അനുമോദിക്കുകയും ചെയ്തു. പുതിയ പ്രവർത്തന വർഷത്തിൽ ചെയ്യേണ്ട പദ്ധതികളെപ്പറ്റി ചർച്ചകൾ നടത്തി. ഈ പ്രവർത്തന വർഷം പ്രധാനമായും 5 പ്രൊജക്ടുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നബാർഡിന്റെ സഹായത്തോടെയുള്ള അവക്കാടോ കൃഷിയെക്കുറിച്ചുള്ള ശാസ്ത്രീയ പരിശീലനം, (CAT Program), ചെറുകിട കർഷകർക്കും സ്ത്രീകൾക്കും ഉള്ള ആടുവളർത്തൽ ശാസ്ത്രീയ പരിശീലനവും, സഹായവും (LEDP in Gotary) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമീണ യുവതികൾക്കായി ഉള്ള സ്വയം തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി സോപ്പ്, ഡിറ്റെർജന്റ് നിർമ്മാണ സഹായം (MEDP), തുടങ്ങിയ പദ്ധതികളെപറ്റി സംസാരിച്ചു. ബാംഗ്ലൂർ സ്നേഹ ചാരിറ്റബിൾ ഫൗണ്ടേഷന്റെ സഹായത്തോടെ നീലഗിരിയിലെ 2000 കർഷകരെ ഉൾക്കൊള്ളിച്ചു

കൊണ്ടുള്ള പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ ചെയ്യുവാനുള്ള പരിശീലനവും ധനസഹായവും നൽകുക, നീലഗിരയിലെ മൂവായിരത്തോളം കുടുംബങ്ങൾക്ക് വിഷരഹിത പച്ചകറികൾ ക്കായുള്ള ജൈവ അടുക്കളത്തോട്ടത്തിനുള്ള ധനസഹായം തുടങ്ങിയവയും, സേവ് എ ഫാമിലി (SAP)യുടെ പുതിയ സാധ്യതാ പദ്ധതികളെകുറിച്ചും മീറ്റിങ്ങിൽ ചർച്ച ചെയ്തു. ചർച്ചയിൽ നീഡ് എഷ്യ, സ്നേഹ ചാരിറ്റബിൾ ഫൗണ്ടേഷൻ എന്നി വയുടെ സഹായത്തോടെ കോവിഡ്- 19 മൂലം ബുദ്ധിമുട്ട് അനു ഭവിക്കുന്ന മൂവായിരത്തോളം കുടുംബങ്ങൾക്ക് അടിയന്തര സഹായമായി ഭക്ഷണകിറ്റുകളും മരുന്നും നൽകിയ കഴിഞ്ഞ വർഷത്തെ പ്രധാന പദ്ധതി എടുത്തുപറയേണ്ട ഒന്നാണെന്ന് കമ്മറ്റി വിലയിരുത്തി.

NDS ന്റെ നേതൃത്വത്തിൽ ഗൂഡലൂർ കേന്ദ്രമാക്കി ഭാവി യിൽ ഒരു FM റേഡിയോ നിലയം ആരംഭിക്കുന്നതിനെകുറിച്ചും അതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനെകുറിച്ചും തീരു മാനിച്ചു. ജനറൽ ബോഡി മെമ്പർ ശ്രീമതി വത്സമ്മ പീറ്റർ എല്ലാ വർക്കും നന്ദി പറഞ്ഞു.

## ഇവാലുവേഷൻ മീറ്റിംഗ്

ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് ഫെബ്രുവരി 12 ന് NDS ഓഫീസിൽ വച്ച് നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ അധ്യക്ഷത വഹിച്ചു. ഫാ. അനൂപ് കൊല്ലംകുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പുതിയ പ്രവർത്തന വർഷത്തിൽ ഓരോ യൂണിറ്റുകളിലും പ്രവർത്തനങ്ങൾ കൂടുതൽ സജീവ ആക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അച്ചൻ സംസാരിച്ചു. മാർച്ച് 8 ലോക വനിതാ ദിനത്തോടനുബന്ധിച്ച് നട ത്തുന്ന വനിതാ സംഗമത്തിൽ ഓരോ യൂണിറ്റിൽ നിന്നും 15 പേരിൽ കുറയാതെ പങ്കെടുക്കണമെന്ന് മീറ്റിങ്ങിൽ തീരുമാനിച്ചു. മീറ്റിങ്ങിൽ പങ്കെടുത്ത യൂണിറ്റ് പ്രതിനിധികൾ മാസറിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മികച്ച പ്രവർത്തനം കാഴ്ചവെച്ച യൂണിറ്റുകളെയും പുതുതായി ആരംഭിച്ച പനംചിറ യൂണിറ്റിന്റെ ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിച്ചു.

**കാർഷിക മേഖലയിൽ സ്വയംതൊഴിൽ തുടങ്ങുവാനുള്ള ധനസഹായ വിതരണം (MEDP)**

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള അംഗങ്ങൾക്കായി കാർഷിക തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി മേഖലയിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതിയിൽ ഒരു യൂണിറ്റിന് 50000 രൂപ വീതം നൽകുന്നു. ഈ മാസം 2 യൂണിറ്റുകൾക്ക് 50000 രൂപ വീതം നൽകുന്നു. ഇതുവരെ 10 യൂണിറ്റുകൾക്ക് ഈ പദ്ധതിയുടെ കീഴിൽ ധനസഹായം നൽകി വരുന്നു.

**കറവപശു ധന സഹായ പദ്ധതി**

NDS ന്റെ കീഴിൽ കഴിഞ്ഞ ഒന്നര വർഷമായി നടന്ന് വരുന്ന PWLWD's പദ്ധതിയിലെ നൂറോളം കുടുംബങ്ങൾക്ക് നൽകി വരുന്ന ധനസഹായ പദ്ധതി പൂർത്തിയായി. പലിശ രഹിത വായ്പാ തിരിച്ചടവുകൾ കൃത്യമായി നടക്കുന്നു. വീഴ്ചകൾ ഇല്ലാതെ കൃത്യമായി തിരിച്ചടക്കുന്ന യൂണിറ്റുകളെ പുതിയ പദ്ധതികൾക്ക് മുൻഗണനാ ക്രമത്തിൽ തിരഞ്ഞെടുക്കുന്നു.

**ജൽജീവ മിഷൻ**

കേന്ദ്രസർക്കാറിന്റെ ''എല്ലാവർക്കും കുടിവെള്ളം അവകാശം'' എന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ എടവണ്ണ, ഒങ്ങാട്ടേരി പഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ ടെക്നിക്കൽ പാർട്ട്നർ ആയി NDS നെ നിയമിച്ചു. പദ്ധതി നിർവ്വഹണത്തിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. മാർച്ച് ആദ്യവാരത്തോടെ പദ്ധതി ആരംഭിക്കും.

NDS ന്റെ സാമൂഹിക പ്രവർത്തനങ്ങളും ഈ വർഷം തുടങ്ങുവാൻ ഇരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും വിജയത്തിൽ എത്തട്ടെ എന്ന് ആശംസിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

## Mary Matha Arts & Science College

**January - February 2022**

Third semester PG examinations commenced on 7th February 2022

The College Union election was conducted on 28th J anuary 2022 and the College Union Inauguration was held on 7th February 2022.

An MOU was signed between Mary Matha Arts and Science College Mananthavady and Ductus Academy for providing assistance to students in civil service examination on 31st January 2022.

**IQAC:** IQAC, Mary Matha College in association with Patent Office, Government of India, organized an Awareness Programme on Intellectual Property Rights under National IP Awareness Mission on 15thFebruary 2022. Mr. Lakshmi Narayanan A, Examiner of Patents and Design Intellectual Property office was the resource person.

**NSS:** Conducted an orientation programme for the first year NSS volunteers. Mr. Harilal was the resource person.

Celebrated National Girl Child Day on 24th January 2022. Ms. Smitha Jose, Training School Assistant, St. Joseph TTI Mananthavady lead the session.

**Department of English:** Department of English in association with IQAC organized a career orientation webinar for UG English students on 29 January 2022. Dr. Soni Joseph, Assistant Professor of English, Motilal Nehru National Institute of Technology Allahabad was the resource person.

**Department of Computer Science:** Department of Computer Science in Association with IQAC organized a webinar on Analytics – The Future on 5th February 2022. Dr. Karpagam R, Associate Professor and Chair – MBA business Analytics

RVS IMSR, Sulur, Coimbatore, was the resource person. Dr. Eldho K J co-ordinated the programme.

**Dr. Maria Martin Joseph:** Open defence Seminar of Ms Jesmy Jose was held on 17thJan 2022 at Kannur University campus, Mangattuparamba. She successfully completed her Doctoral Degree under the guidance of Dr Maria Martin Joseph, Principal, Mary Matha College, Mananthavady.

**Mr. Toby K. Joseph:** Delivered a lecture on The Essentials of Academic Writing at St Joseph's College, Devagiri, Calicut on 26th Jan, 2022.

**Dr. Sijo A K :** Completed FDP on "Nanostructured Materials and their applications", sponsored by AICTE, Organized by Department of Physics, National Institute of Technology Manipur, Langol, Imphal.

**Ms. Lisha A:** Appointed as the chairman of the board of question paper setters in BSc computer science CBCSS (2019 admission) 1 to IV Examinations of Calicut University.

**Mr. Regi Francis :** Presented a paper in the International seminar on Research Paradigm in Social Science on 15th January 2022 organised by St. Mary's College SulthanBathery.

**Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യഭ്യാസ ഏജൻസിക്ക് കീഴിലുള്ള ആടിക്കൊല്ലി ദേവമാതാ എൽ പി സ്കൂളിന്റെ പുതിയ ഓഫീസ് കെട്ടിടത്തിന്റെയും വിദ്യാലയത്തിലെ നവീകരിച്ച മറ്റിടങ്ങളുടെയും വെഞ്ചരിപ്പ് കർമ്മവും അടയ്ക്കാത്തോട് സെന്റ് ജോസഫ്സ് ഹൈസ്കൂളിനായി പുതിയതായി നിർമിക്കുന്ന ഹൈടെക് കെട്ടിടത്തിന്റെ ശിലാസ്ഥാപനവും അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു. ഡിജിറ്റലൈസ്ഡ് ക്ലാസ് മുറികൾ, സ്പോർട്സ് റൂം, ലാബ് ആൻഡ് ലൈബ്രറി, റിസപ്ഷൻ, വെയ്റ്റിംഗ് റൂം എന്നിങ്ങനെ നിരവധി ആധുനികസജ്ജീകരണങ്ങളോട് കൂടിയാണ് പുതിയ കെട്ടിടം നിർമ്മിതമാകുന്നത്. CEADOM C-SMILES വെർച്വൽ പ്ലാറ്റ്ഫോമിന്റെ പുതിയ ഉദ്യമമായ C-SMILES E-MAGAZINE ന്റെ പ്രകാശനകർമ്മം ഓൺലൈനായി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു.

**വിദ്യാലയവാർത്തകൾ**

**1. സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

2020-21 അധ്യയനവർഷം പ്ലസ് വൺ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മെമന്റോ നൽകി ആദരിച്ചു. ജനുവരി മൂന്ന് മുതൽ വിദ്യാലയത്തിലെ സ്കൗട്ട് ആൻഡ് ഗൈഡ് വിദ്യാർത്ഥികൾക്കായി നടത്തിയ ത്രിദിന ക്യാമ്പിനോടനുബന്ധിച്ചു സംഘടിപ്പിച്ച പുഴയറിയാൻ പരിപാടിയും യോഗ ക്ലാസും കുട്ടികൾക്ക് വേറിട്ട അനുഭവമായി. ജനുവരി 15 മുതൽ പ്ലസ് വൺ ഇമ്പ്രൂവ്മെന്റ് പരീക്ഷയ്ക്ക് കുട്ടികളെ ഒരുക്കുന്നതിനായി പ്രത്യേക പഠനക്യാമ്പ് ആരംഭിച്ചു.

**2. സെന്റ് തോമസ് എ യു പി സ്കൂൾ മുള്ളൻകൊല്ലി**

ജനുവരി 26 റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചു വിദ്യാർത്ഥികൾക്കായി ഓൺലൈനായി ദേശഭക്തിഗാന മത്സരം സംഘടിപ്പിച്ചു. ഫെബ്രുവരി നാലിന് ലോക കാൻസർ ദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ബോധവത്കരണ ക്ലാസും പോസ്റ്റർ നിർമാണ മത്സരവും സംഘടിപ്പിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും

സംരക്ഷണദിനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഫെബ്രുവരി 11 നു വയനാട് വിമൺസെല്ലിന്റെ നേതൃത്വത്തിൽ സർക്കിൾ ഇൻസ്പെക്ടർ ഉഷാകുമാരി സി.വി പെൺകുട്ടികൾക്കും അമ്മമാർക്കുമായി ബോധവത്കരണ ക്ലാസ് നൽകി .

**3. സെന്റ് തോമസ് എൽ പി സ്കൂൾ നടവയൽ**

വൈക്കം മുഹമ്മദ് ബഷീർ ദിനത്തോടനുബന്ധിച്ചു ബഷീർ കൃതികൾപരിചയപ്പെടുത്തുകയും വിദ്യാർത്ഥികൾവായനക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്തു. ദേശീയ പെൺകുട്ടികളുടെ ദിനം, ദേശീയ ബാലാവകാശ ദിനം, റിപ്പബ്ലിക് ദിനം, രക്തസാക്ഷിദിനം, ലോക അർബുദദിനം എന്നിവ സമുചിതമായി ആചരിച്ചു. വിദ്യാലയത്തിലെ പച്ചക്കറി വിളവെടുപ്പ് നടത്തി. അക്ഷരമുറ്റം ക്വിസ് മത്സരം, വിദ്യാരംഗം ചിത്രരചനാ മത്സരം എന്നിവയിൽ ഉപജില്ലാ ജില്ലാതലങ്ങളിൽ വിജയം കൈവരിച്ചു.

**4. നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

സമഗ്രശിക്ഷ കേരളത്തിന്റെ ആഭിമുഖ്യത്തിൽ ശലഭോദ്യാനം പരിപാടിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയത്തിൽ രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും സഹകരണത്തോടെ ശലഭങ്ങളെ ആകർഷിക്കുന്ന വള്ളിച്ചെടികൾ, ഇലച്ചെടികൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ശലഭോദ്യാനത്തിനു തുടക്കം കുറിച്ചു. ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് വയനാട് അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തുന്ന സ്നേഹഭവനം പദ്ധതിയിലേക്ക് വിദ്യാലയത്തിലെ കുട്ടികളിൽ നിന്നും സമാഹരിച്ച തുക കൈമാറി.

**5. സെന്റ് സെബാസ്ററ്യൻസ് എ യു പി സ്കൂൾ പാടിച്ചിറ**

വിദ്യാലയത്തിലെ നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി ഉപജീവനത്തിന് ഒരു കൈത്താങ്ങ് എന്ന പദ്ധതിയിലൂടെ ആടുകളെ വിതരണം ചെയ്തു. വിദ്യാർത്ഥികളുടെ കുടുക്കയിലെ സമ്പാദ്യവും സുമനസ്സുകളുടെ സഹായവും ഉപയോഗിച്ചാണ് കൈത്താങ്ങ് പ്രവർത്തനങ്ങൾ നടത്തുന്നത്.

**6. സെന്റ് മേരീസ് എ യു പി സ്കൂൾ കബനിഗിരി**

പുൽപള്ളി കൃപാലയ സ്പെഷ്യൽ സ്കൂളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നല്ലപാഠം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സമാഹരിച്ച 10000 രൂപ ചികിത്സാസഹായമായി നൽകി. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയത്തിലെ കുട്ടികൾക്കൊപ്പം അയൽപക്ക സ്കൂളുകളായ ജി.എൽ.പി.എസ് മരക്കടവ്,

ജി.എൽ.പി.എസ് കൊളവള്ളി എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്തു. വിദ്യാലയത്തിലെ ജൈവപച്ചക്കറിയുടെ വിളവെടുപ്പ് നടത്തി. സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരത്തിൽ കാലിടറാതെ മുന്നേറുവാൻ വിദ്യാർത്ഥികൾക്ക് ഊർജം പകരാൻ ബോധവത്കരണ ക്ലാസ്സ് നടത്തി.

**7. സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ജില്ലാതല ശാസ്ത്രരംഗം മത്സരത്തിൽ യു.പി വിഭാഗത്തിൽ പ്രോജക്ട് മത്സരത്തിലും, ഹൈസ്കൂൾ വിഭാഗത്തിൽ ശാസ്ത്രലേഖനം, ജീവചരിത്രക്കുറിപ്പ്, ആസ്വാദനം എന്നീ ഇനങ്ങളിലും വിജയികളായി. പാർലമെന്ററി ലിറ്ററസി ക്ലബ്ബ് ക്വിസ് മത്സരം, സ്വദേശ് മെഗാ ക്വിസ് മത്സരം, ലൈബ്രറി കൗൺസിൽ നടത്തിയ വായന ക്വിസ്സ്, ആസാദിക അമൃത് മഹോത്സവ് ക്വിസ് മത്സരം എന്നിവയിലും വിദ്യാലയം അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. വിദ്യാലയത്തിലെ പവൻ സി ഷാജു ഇൻസ്പയർ അവാർഡ് നേടി. ജനുവരി പത്താം തീയതി സൈബർ ക്രൈം ആൻഡ് സൈബർ സെക്യൂരിറ്റി എന്ന വിഷയത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിലെ അസിസ്റ്റന്റ് സബ്ഇൻസ്പെക്ടർ ശ്രീ. ജോയ്സ് ജോൺ വിദ്യാർത്ഥികൾക്ക് സെമിനാർ നടത്തി.

**8. എ എൽ പി സ്കൂൾ കണിയാരം**

വിദ്യാലയത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തപ്പെട്ടു. ജൈവപച്ചക്കറിയുടെ വിളവെടുപ്പ് നടത്തുകയും വിദ്യാർത്ഥികൾക്കായുള്ള ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

**9. സെന്റ് മേരീസ് യു.പി. സ്കൂൾ തരിയോട്**

വിദ്യാർത്ഥികളിൽ പൊതുവിജ്ഞാനം വളർത്തുക, മത്സരപരീക്ഷകളിൽ പ്രോത്സാഹനം നൽകുക എന്നീ ലക്ഷ്യങ്ങളുമായി STIK (ST.MARY'S THINKS FOR IMPROVING KNOWLEDGE ) ക്വിസ് ക്ലബ്ബിനു തുടക്കം കുറിച്ചു. വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ലഭിച്ച 39 ലാപ് ടോപ്പുകൾ വിതരണം ചെയ്തു.

**10. സെന്റ് തോമസ് യു പി സ്കൂൾ തവിഞ്ഞാൽ**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ തളിര് സ്കോളർഷിപ്പ് ജൂനിയർ വിഭാഗം പരീക്ഷയിൽ വിദ്യാർത്ഥികൾ സ്കോളർഷിപ്പ് കരസ്ഥമാക്കി. വിദ്യാർത്ഥികളുടെ സർ

ഗ്ഗഭാവനകളുടെ വികസത്തിനായി അരങ്ങ് 2022 എന്ന പേരിൽ കലാമേള നടത്തി.

**11. സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

അക്ഷരമുറ്റം ക്വിസ്സ് മത്സരത്തിൽ ഉപജില്ലാ ജില്ലാതലങ്ങളിൽ വിദ്യാർത്ഥികൾ വിജയം കൈവരിച്ചു. ദേശീയ പെൺകുട്ടികളുടെ ദിനാചരണത്തിന്റെ ഭാഗമായി മാനന്തവാടി ബി ആർ സി യുടെ പരിധിയിലുള്ള വിദ്യാലയങ്ങളിൽ *പെൺകാഴ്ചകൾ* എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കവിതാരചന, ഉപന്യാസം എന്നീ മത്സരങ്ങളിൽ ഒന്നും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ നേതൃത്വത്തിൽ നടത്തിയ രാജ്യപുരസ്കാർ ടെസ്റ്റിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികളും വിജയികളായി.

**12. ദേവമാതാ എ എൽ പി സ്കൂൾ ആടിക്കൊല്ലി**

വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ലഭിച്ച ലാപ് ടോപ്പുകൾ വിതരണം ചെയ്തു. തദവസരത്തിൽ രക്ഷിതാക്കൾക്കായി കമ്പ്യൂട്ടർ പരിശീലനവും സംഘടിപ്പിച്ചു. നല്ലപാഠം പദ്ധതിയുടെ ഭാഗമായി കാരുണ്യക്കുടുക്ക ഉദ്ഘാടനം ചെയ്യുകയും പിരിഞ്ഞു കിട്ടിയ തുക രണ്ടു വിദ്യാർത്ഥികൾക്കായി വിതരണം ചെയ്യുകയും ചെയ്തു. റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി ദേശഭക്തി ഗാന മത്സരം, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചു.

**13. അസംപ്ഷൻ എ യു പി സ്കൂൾ ബത്തേരി**

ബത്തേരി മുനിസിപ്പാലിറ്റി നടത്തിയ പൊതുവിജ്ഞാന പരീക്ഷയിൽ വിദ്യാർത്ഥികൾ വിജയികളായി. അസംപ്ഷൻ യു പി വിഷൻ 2025 അധ്യാപകരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഒപ്പം പരിപാടിക്ക് തുടക്കം കുറിച്ചു.

**14. സെന്റ് ജോർജ് എൽ പി സ്കൂൾ അമ്പായത്തോട്**

റിപ്പബ്ലിക് ദിനവും രക്തസാക്ഷി ദിനവും സമുചിതമായി ആചരിച്ചു. ഈ അധ്യയനവർഷം വിദ്യാലയത്തിൽ നിന്നും പിരിഞ്ഞു പോകുന്ന നാലാം ക്ലാസ് വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പ് നടത്തി. ഓൺലൈൻ ക്ലാസ്സുകളുമായി വീടുകളിൽ കഴിയുന്ന വിദ്യാർത്ഥികളെ സന്ദർശിക്കുകയും പഠന നിലവാരം വിലയിരുത്തുകയും ചെയ്തു.

**15. സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

CEADOM നടത്തിയ പുൽക്കൂടൊരുക്കും കുഞ്ഞിളം കൈകൾ എന്ന ഓൺലൈൻ മത്സരത്തിൽ ലഭിച്ച സമ്മാനത്തുകയും രക്ഷിതാക്കളിൽ നിന്നും സമാഹരിച്ച തുകയും ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് നടത്തുന്ന സ്നേഹഭവനം പദ്ധതിക്ക് കൈമാറി. ഉപ ജില്ലാ ജില്ലാതലത്തിൽ വിവിധ മത്സരങ്ങളിൽ വിജയികളായ വരെയുംസംസ്ഥാനതല ചതുർത്ഥ ചരൺ-ഹീരക് പംഖ് പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും ആദരിച്ചു. വിദ്യാലയ പരിസരത്ത് കൃഷി ചെയ്ത ഇഞ്ചി, കൂർക്ക, കൂവ എന്നിവയുടെ വിളവെടുപ്പ് നടത്തി.

**16. ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

സംസ്ഥാനതലത്തിൽ നടത്തിയ സംസ്കൃത ഷോർട്ട്ഫിലിം മത്സരത്തിൽ വിദ്യാർത്ഥികൾ അവതരിപ്പിച്ച *അതിജീവനം* എന്ന ഹ്രസ്വചലച്ചിത്രം ഒന്നാം സ്ഥാനം നേടി. വിദ്യാർത്ഥികളുടെ കായികപരമായ കഴിവുകളുടെ വികസനത്തിനായി സ്പോർട്സ് അക്കാദമി ആരംഭിച്ചു. സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗ ങ്ങളിലായി 120 കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നു. ഇൻസ്പയർ അവാർഡ്, വയനാട് ജില്ലാ വെയിറ്റ് ലിഫ്റ്റിങ് ചാമ്പ്യൻ ഷിപ്പിൽ ഒന്നാം സ്ഥാനം, ഉപജില്ലാ ജില്ലാതലങ്ങളിൽ ക്വിസ് മത്സരങ്ങളിൽ ഒന്നാം സ്ഥാനം എന്നീ നേട്ടങ്ങളും വിദ്യാല യത്തെ തേടിയെത്തി. N C C 5th Kerala Bettalion Wayanad ബെസ്റ്റ് കേഡറ്റായി വിദ്യാലയത്തിലെ മാസ്റ്റർ രോഹൻ ജോസഫ് തിര ഞ്ഞെടുക്കപ്പെട്ടു.

**17. നിർമല ഹൈസ്കൂൾ കബനിഗിരി.**

വിദ്യാലയത്തിൽനിന്നും ദീർഘകാലത്തെ സേവനത്തിൽ നിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള യാത്രയയപ്പ് നൽകി. കായികാധ്യാപകന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്ക പ്പെട്ട കുട്ടികൾക്കായുള്ള ബാസ്കറ്റ് ബോൾ പരിശീലനത്തിന് തുടക്കമായി. ദേശീയ ഇലക്ഷൻ ദിനത്തോടനുബന്ധിച്ചു നടത്തിയ പോസ്റ്റർ നിർമാണ മത്സരത്തിൽ ജില്ലാതലത്തിലേയ്ക്ക് സ്കൂളിലെ വിദ്യാർത്ഥി തിരഞ്ഞെടുക്കപ്പെട്ടു. ഒൻപതാം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ക്യാമ്പ് നടത്തി.

**18. സെന്റ് തോമസ് എ യു പി സ്കൂൾ ഇടിവണ്ണ**

സംസ്ഥാന സർക്കാർ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി നൽകിയ ലാപ് ടോപ്പുകൾ വിതരണം ചെയ്തു. റിപ്പബ്ലിക് ദിനാചരണത്തിന്റെ ഭാഗമായി സ്വാതന്ത്ര്യ സമരസേനാനി മഹത് വചനോച്ചാരണം വീഡിയോമത്സരം സംഘടിപ്പിച്ചു.

**19. എ യു പി സ്കൂൾ ദ്വാരക**

കാർഷിക വികസന കർഷകക്ഷേമവകുപ്പിന്റെ വയനാട് ജില്ലയിലെ മികച്ച വിദ്യാലയമെന്ന അംഗീകാരവും ഏറ്റവും മികച്ച കർഷക അധ്യാപക അവാർഡും വിദ്യാലയത്തെ തേടിയെത്തി. കേരള സർക്കാർ സാംസ്കാരിക വകുപ്പിന് കീഴിലുള്ള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിര് സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം നേടി. നല്ലപാഠം യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഗ്രീൻ ഹോം ഗ്രീൻ വേൾഡ് പദ്ധതിയുടെ ഭാഗമായി കുട്ടികൾ മാലിന്യമുക്ത പ്രതിജ്ഞ ചൊല്ലി പദ്ധതിയിൽ അംഗങ്ങളായി. അതോടൊപ്പം സംയുക്ത സേനാമേധാവി ബിപിൻ റാവത്ത് അടക്കമുള്ള സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് പുഷ്പാർച്ചന നടത്തുകയും പഠനത്തോടൊപ്പം വരുമാനമാർഗം എന്ന ലക്ഷ്യവുമായി മുട്ടക്കോഴികളുടെ വിതരണം നടത്തുകയും ചെയ്തു.

**20. സെന്റ് ജോസഫ്സ് ടി ടി ഐ മാനന്തവാടി**

വയനാട് ജില്ലാ ലൈബ്രറി കൗൺസിൽ നടത്തിയ വായന മത്സരത്തിൽ വിദ്യാർത്ഥികൾ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടി. വിദ്യാർത്ഥികൾ കോവിഡ് കാലത്ത് ചെയ്ത ശാസ്ത്ര കലാപ്രവർത്തിപരിചയ സാമഗ്രികൾ കോർത്തിണക്കി അതിജീവനം എന്നപേരിൽ എക്സിബിഷൻ സംഘടിപ്പിച്ചു. അനധ്യാപകദിനം, റിപ്പബ്ലിക് ദിനം എന്നിവ സമുചിതമായി ആഘോഷിച്ചു. കണിയാരം എ എൽ പിസ്കൂളിലെ വിദ്യാർത്ഥികളോട് ടി ടി ഐയിലെ അധ്യാപകർ പഠനതന്ത്രങ്ങൾ, ജീവിത ലക്ഷ്യരൂപീകരണം, തുടർ പഠനം തുടങ്ങിയ കാര്യങ്ങളിൽ സംവദിച്ചു.

**21. സെന്റ് ജോസഫ്സ് യു പി സ്കൂൾ കല്ലോടി**

നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയത്തിലൊരുക്കിയ ജൈവപച്ചക്കറി തോട്ടത്തിലെ വിളവെടുപ്പ് നടത്തി. നൂതന സാങ്കേതിക വിദ്യയിലൂടെയുള്ള വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി ഒന്നും രണ്ടും ക്ലാസുകൾ സ്മാർട്ട്

ക്ലാസ്സുകളാക്കി മാറ്റി. അധ്യാപകർ വിദ്യാർത്ഥികൾക്ക് പിന്തുണ യുമായി ഗൃഹസന്ദർശനം നടത്തി.

**22. സെന്റ് ആന്റണീസ് യു പി സ്കൂൾ കോട്ടത്തറ**

അക്ഷരമുറ്റം ക്വിസ്സ് മത്സരത്തിൽ ഉപജില്ലാ ജില്ലാതലങ്ങ ളിൽ നേട്ടങ്ങൾ കൈവരിച്ചു .

**23. സെന്റ് പോൾസ് എൽ പി സ്കൂൾ പുതിയിടംകുന്ന്**

ക്ലാസ്സ്തല സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുകയും മികച്ച സൃഷ്ടികൾ തയ്യാറാക്കിയവർക്കുള്ള സമ്മാനവിതരണവും നടത്തി. രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും സഹകരണ ത്തോടെ വിദ്യാലയത്തിലെ പച്ചക്കറി തോട്ടത്തിലെ വിളവെടുപ്പ് നടത്തി.

**24. സെന്റ് സെബാസ്ററ്യൻസ് എൽ പി സ്കൂൾ ഏലപ്പീടിക**

റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികൾ ക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുകയും വിജയികൾക്കുള്ള സമ്മാനങ്ങളുടെ വിതരണവും നടത്തി. നാലാം ക്ലാസ്സിലെ കുട്ടി കൾക്കായുള്ള എൽ എസ് എസ് പരിശീലനക്ലാസ്സുകൾ ആരംഭിച്ചു. സ്കൂൾ പരിസരത്ത് പച്ചക്കറി കൃഷിക്ക് തുടക്കമായി.

**25. ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

ലോകക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ നേതൃത്വത്തിൽ ക്യാൻസർ ബാധിത നായി ദീർഘാവധിയിൽ പ്രവേശിച്ച പ്രധാനാധ്യാപകൻ ടി ടി സണ്ണി മാസ്റ്ററെ സന്ദർശിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു. ഓൺലൈനിൽ സംഘടിപ്പിച്ച ക്യാൻസർ ബോധവത്കര ണക്ലാസ്സിൽ ഐ.എം.എ തലശ്ശേരി വിമൻ ഡോക്ടേഴ്സ് വിങ്ങിന്റെ ചെയർപേഴ്സൺ ഡോ. സുചിത്ര സുധീർ ക്ലാസെടുത്തു. വിദ്യാർ ത്ഥികളെ സൈബർ സുരക്ഷിതരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ സത്യമേവ ജയതേ എന്ന പരിപാടിയുടെ ഭാഗമായി ബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു.ദേശാഭിമാനി അക്ഷരമുറ്റം ക്വിസ്സ് മത്സരത്തിൽ ഉപജില്ലാതലത്തിൽ വിജയം നേടി.

**26. സെന്റ് ജോർജ് എ എൽ പി സ്കൂൾ കൊളവയൽ**

ഓൺലൈൻ പഠനം സുഗമമാക്കാൻ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ലാപ്ടോപ്പുകളിൽ ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിച്ച്എങ്ങനെപഠനംസജീവമാക്കാമെന്നതിൽപരിശീലനം

നൽകി. കബ്ബ് ബുൾബുൾ കുട്ടികൾക്കായി ഹീരക് പംഖ് പരീക്ഷ പരിശീലനം നൽകി. പിന്നോക്ക സാമ്പത്തിക സാമൂഹിക പശ്ചാത്ത ലത്തിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് അധ്യാപകർ വസ്ത്ര ങ്ങളും സാമ്പത്തിക സഹായവും നൽകി.

വിദ്യാർത്ഥികളുടെയും വിദ്യാലയങ്ങളുടെയും വളർച്ച യ്ക്കായി സ്കൂൾ മാനേജർമാർ പ്രധാനാധ്യാപകർ, അധ്യാപക അനധ്യാപകർ, രക്ഷിതാക്കൾ എന്നിവരൊത്തു ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. എല്ലാവരുടെയും പ്രവർത്തന ങ്ങളെ നന്ദിയോടെ ഓർക്കുന്നു. ഓരോ വിദ്യാലയത്തിന്റെയും നേട്ടങ്ങൾക്ക് അഭിനന്ദനങ്ങൾ നേരുന്നു. ഓൺലൈൻ ക്ലാസ്സു കൾക്ക് വിരാമമിട്ടുകൊണ്ട് വിദ്യാലയങ്ങളിലേക്ക് മടങ്ങിയെത്തിയ എല്ലാ വിദ്യാർത്ഥികൾക്കും ആശംസകൾ. ഇനി പഠനത്തിന്റെയും പരീക്ഷകളുടെയും കാലമാണ്. ശുഭാപ്തി വിശ്വാസത്തോടെ പരീക്ഷയ്ക്കായി തയ്യാറാവുക. മികച്ച വിജയങ്ങൾനിങ്ങളെ തേടി യെത്തട്ടെ. ദൈവാനുഗ്രഹത്തിന്റെ നല്ല ദിനങ്ങൾ ആശംസിക്കുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പ്

## SPARK

**(Supporting Psycho Spiritual Awareness Renewed in Knowledge)**

**A Centre for Counselling and Psycho Therapy**

ക്രിസ്തുദാസി സന്യാസിനി സമൂഹം വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാമിലി കൗൺസിലിംഗ് സെന്ററിൽ കുട്ടികൾക്കും കൗമാരക്കാർക്കുമായി (Child and Adolescent Psychological Services - CAPS) കൗൺസിലിംഗ് സേവനങ്ങൾ ആരംഭിക്കുന്നു.

**Contact Us:**

Sr. Ancy SKD
Contact Number - 7306436968
Sr. Nisha SKD
Contact No - 9562314871

# Bishop's Programme



***March 2022***

*01 Tuesday: ......................Assembly: Mananthavady Forane*
*Afternoon: Meeting of Major Superiors & Delegates*

*02. Wednesday: ...............Visitors' Day*

*04. Friday: .......................Out of station*

*05 Saturday: .....................Assembly: Mullenkolly Forane*

*06. Sunday: ......................Mothakkara: Baptism & Parish Day*

*08. Tuesday: .....................Assembly: Payyampally Forane*

*09. Wednesday: ...............Mary Matha College: Excellency Day*
*Afternoon: Presbyteral Council*

*12. Saturday: .................. Pastoral Council*

*13. Sunday:...................... Afternoon : Assembly: S. Bathery Forane*

*14. Monday: .....................Engaged*

*15. Tuesday: ................... Assembly: Morning: Nadavayal Forane.*
*Afternoon: Thariode Forane*

*16. Wednesday: ...............Assembly: Nilgiris Region*

*17. Thursday:................. Visitors' Day*

*18. Friday: .......................Out of Station*

*19. Saturday: ...................Visitors' Day*

*20. Sunday: ......................Kallody: Parish Hall Blessing.*

*23. Wednesday:............... Priests' Conference*

*30. Wednesday:................Visitors' Day*

***April 2022***

*4. Monday: ........................Afternoon: Opening of Eparchial Assembly*

*5. Tuesday: .......................Eparchial Assembly*

*6. Wednesday:.................. Cathedral: Death Anniversary of Mar Emmanuel Pothanamuzhy CMI, Eparchial Assembly*

*7. Thursday: .....................Afternoon: Closing of Eparchial Assembly*

*10. Sunday: ......................Cathedral: Palm Sunday*

*11. Monday: .....................MMC: Minor Orders*

*12. Tuesday: .....................Meeting with SABS Novices*

*14. Thursday: .................. Cathedral: Maundy Thursday*

*15. Friday: .......................Cathedral Good Friday*

*17. Sunday: ......................Cathedral: Easter*

*18. Monday: .....................Out of Station*

*19. Tuesday: .....................Vestition SABS Sisters*

*20. Wednesday: ................Tellicherry: Installation of Archbishop-elect Mar Joseph Pamplany*

*21.Thursday:.....................Pulpally: CMC First Profession and Vestition*

*22. Friday:........................Out of Station*

*23. Palakkad: ....................Installation of Bishop Peter Kochupurackal*

*24. Sunday:...................... Back from Palakkad*

*26. Tuesday: .....................Dwaraka: Anniversary of St Vincent De Paul Society*

*27. Wednesday: ................SABS: Golden Jubilee*

*30. Saturday: ....................Nedumpala: Parish Jubilee*

************